33rd Year of Service 2025

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

July 04, 2025 | Vol. XXXIII No. 27 | Periodicals Postage Paid




## കേരളാ എക്സ്പ്രസ് ഇനിമുതൽ (2025 ജൂലൈ 14) ഓൺലൈൻ ന്യൂസ്പേപ്പർ

ചിക്കാഗോ: 1992-ൽ പ്രവർത്തനമാരംഭിച്ച കേരളാ എക്സ്പ്രസ് വാർത്താമാധ്യമ രംഗത്ത് 32 സംവത്സരങ്ങൾ പിന്നിട്ടുകഴിഞ്ഞു. വരിസംഖ്യയുടെ അടിസ്ഥാനത്തിൽ പത്രം പ്രിന്റ് ചെയ്ത് വായനക്കാർക്ക് തപാൽമാർഗ്ഗം അയയ്ക്കുന്ന സിസ്റ്റമാണ് നാളിതുവരെ പിന്തുടർന്നിരുന്നത്. അമേരിക്കൻ പോസ്റ്റൽ സർവീസിന്റെ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ, പോസ്റ്റൽ നിയമങ്ങൾ പാലിച്ചുകൊണ്ട് ഇക്കാലമത്രയും പ്രവർത്തിക്കുവാൻ സാധിച്ചു.

കോവിഡ് കാലഘട്ടത്തിനുശേഷം വ്യാവസായിക രംഗത്തുണ്ടായ മാറ്റങ്ങൾ പത്രത്തെയും ബാധിച്ചിട്ടുണ്ട്. പ്രിന്റിംഗ്-മെയിലിംഗ് രംഗങ്ങളിൽ കഴിഞ്ഞ അഞ്ചു വർഷവും വില വർദ്ധിപ്പിച്ചിരുന്നു. ഈ വർഷവും വീണ്ടും വില വർദ്ധിപ്പിച്ചിരിക്കുകയാണ്. കൂടാതെ മറ്റ് അനുബന്ധ മേഖലകളിലും ചെലവുകൾ വർദ്ധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളാ എക്സ്പ്രസ് പൂർണ്ണമായും ഓൺലൈൻ ന്യൂസ്പേപ്പർ എന്ന സിസ്റ്റത്തിലേക്ക് മാറ്റുവാൻ ഞങ്ങളെ നിർബന്ധിതരാക്കിയിരിക്കുകയാണ്. കൂടാതെ പോസ്റ്റൽ സർവീസിന്റെ തപാൽ വിതരണത്തിലുണ്ടാകുന്ന അനാവശ്യമായ കാലതാമസം, വായനാശീലങ്ങളിലുണ്ടായിരിക്കുന്ന മാറ്റങ്ങൾ, വാർത്താ വിനിമയ രംഗത്ത് അതിവേഗം വാർത്തകൾ എത്തിക്കുവാനുള്ള നൂതന സംവിധാനങ്ങളുടെ ആവിർഭാവം, സോഷ്യൽ മീഡിയായുടെ വർദ്ധിച്ചുവരുന്ന പ്രസക്തി ഇതെല്ലാം കണക്കിലെടുക്കുമ്പോൾ 'കാലത്തിനനുസരിച്ച് കാലോചിതമായ മാറ്റം' സ്വീകരിക്കുവാൻ കേരളാ എക്സ്പ്രസ്സിനും തീരുമാനിക്കേണ്ടിവന്നു.

കഴിഞ്ഞ മൂന്നു വർഷക്കാലമായി പ്രിന്റിംഗ്-മെയിലിംഗ് കൂടാതെ പത്രം ഓൺലൈനായി തിങ്കളാഴ്ചതോറും അയയ്ക്കാറുണ്ടായിരുന്നു. അത് ഇനിയും തുടരുന്നതാണ്. 2025 ജൂലൈ 7-ാം തീയതിയിലെ പത്രമായിരിക്കും പ്രിന്റ് ചെയ്ത് മെയിൽ ചെയ്യുന്ന അവസാനത്തെ ലക്കം. ജൂലൈ 14-ാം തീയതി തിങ്കളാഴ്ച മുതൽ പതിവുപോലെ പത്രം ഓൺലൈൻ ആയി ലഭിക്കുന്നതായിരിക്കും.


പുതിയ സിസ്റ്റത്തിൽ വരിസംഖ്യ ഉണ്ടായിരിക്കുന്നതല്ല. അത് പരിപൂർണ്ണമായും സൗജന്യമായി ലഭിക്കും. എന്നാൽ, പരസ്യങ്ങൾക്കും മറ്റ് അനുബന്ധ സേവനങ്ങൾക്കും നിരക്കുകൾ ബാധകമാണ്. വരിസംഖ്യ കുടിശ്ശിക ആയിട്ടുള്ള വായനക്കാർ ഇനി പണം അയയ്ക്കേണ്ടതില്ല. വരിസംഖ്യ കാലാവധി ഇനിയും മിച്ചമുള്ളവർക്ക് ബാക്കി പണം തിരികെ വേണമെന്ന് നിർബന്ധമുണ്ടെങ്കിൽ 2025 ജൂലൈ 31-ാം തീയതിക്കു മുമ്പായി ഞങ്ങളുമായി ബന്ധപ്പെടുക. അതുപോലെ ഓൺലൈൻ ന്യൂസ്പേപ്പർ തിങ്കളാഴ്ച തോറും ലഭിക്കുവാൻ താല്പര്യമുള്ള പുതിയ വായനക്കാർക്കും കേരളാ എക്സ്പ്രസ്സുമായി ബന്ധപ്പെടാവുന്നതാണ്. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ (630) 728-7956.

കേരളാ എക്സ്പ്രസ്സിന്റെ എല്ലാ വായനക്കാർക്കും പരസ്യദാതാക്കൾക്കും അഭ്യുദയകാംക്ഷികൾക്കും ഞങ്ങൾ നന്ദി പറയുന്നു. എല്ലാവരുടെയും സഹായസഹകരണങ്ങൾ തുടർന്നും അഭ്യർത്ഥിക്കുന്നു.

**സ്നേഹപൂർവ്വം**

**കെ.എം. ഈപ്പൻ (ചീഫ് എഡിറ്റർ)** **ജോസ് കണിയാലി (എക്സിക്യൂട്ടീവ് എഡിറ്റർ)**


BUILDING YOUR FINANCIAL FUTURE TOGETHER, WITH EXPERTISE AND INTEGRITY
SUNNY
FINANCIAL STRATEGIES, LLC
Tom Sunny, CFP®, CLU®, RICP®
Financial Advisor & Planner
847-414-9116
tom@sunnyfinancial.com
Comprehensive Financial Planning
Risk Management & Insurance: Life/Disability/Long Term Care/Health/Medicare
401(k), 403(b), IRA, Roth IRA Rollovers & Account Set-ups
Professional Investment Management & Guidance
Business Plans/Employee Benefits/Pension
Retirement Income/Retirement Savings
Tax Planning Strategies
Estate Planning: Trusts/Wills
Education Funds
www.sunnyfinancial.com
475 N Martingale Rd, Suite 1250, Schaumburg, IL 60173
Financial Advisor for Eagle Strategies LLC, a Registered Investment Adviser. Registered representative offering securities through NYLIFE Securities LLC (member FINRA/SIPC), A licensed insurance agency. Eagle Strategies LLC, and NYLIFE Securities LLC are New York Life companies. Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200
773.685.7388
www.bmautocollision.com

33rd Year of Service 2025

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ശുഭാംശു ശുക്ല മോദിയുമായി സംവദിച്ചു
10 എസ്‌സിഒ പ്രസ്താവനയിൽ ഇന്ത്യ ഒപ്പിട്ടില്ല
13 ഓസ്റ്റിൻ സ്ട്രൈക്കേഴ്സ് വിജയികൾ
15 ഹെറിറ്റേജ് ഡേ നവം. 8–ന്
19 വി.എസ്. ജോയിയുടെ രാഷ്ട്രീയ മാന്യത

## ഡോ. ബാബു സ്റ്റീഫൻ വേൾഡ് മലയാളി കൗൺസിൽ പ്രസിഡണ്ട്, തോമസ് മൊട്ടയ്ക്കൽ ഗ്ലോബൽ ചെയർമാൻ

രഞ്ജിനി രാമചന്ദ്രൻ

ചിക്കാഗോ: ആഗോള മലയാളി സംഘടനയായ വേൾഡ് മലയാളി കൗൺസിൽ (ഡബ്ല്യുഎംസി) 2025–2027 വർഷത്തേക്കുള്ള പുതിയ ഗ്ലോബൽ ഭാരവാഹികളെ തെരഞ്ഞെടുത്തു. അഞ്ചു ഭൂഖണ്ഡങ്ങളിലെ 50 രാജ്യങ്ങളിലെ 75 പ്രവിശ്യകളിൽ നിന്നുള്ള പ്രതിനിധികളാണ് അടുത്ത രണ്ടു വർഷത്തേക്കുള്ള നേതൃത്വത്തെ തെരഞ്ഞെടുത്തത്. സംഘടനയുടെ കേന്ദ്ര തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. സൂസൻ ജോസഫാണ് പുതിയ ഭാരവാഹികളെ പ്രഖ്യാപിച്ചത്. നിലവിലെ ഗ്ലോബൽ പ്രസിഡണ്ടായിരുന്ന തോമസ് മൊട്ടയ്ക്കൽ (യുഎസ്എ) പുതിയ ഗ്ലോബൽ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടു. ഫൊക്കാനയുടെ മുൻ പ്രസിഡണ്ടും വേൾഡ് മലയാളി കൗൺസിൽ ബിസിനസ് ഫോറം ചെയർമാനുമായ ഡോ. ബാബു സ്റ്റീഫൻ (യുഎസ്) ആണ് പുതിയ ഗ്ലോബൽ പ്രസിഡണ്ട്. ഷാജി എം. മാത്യു (കേരളം) സെക്രട്ടറി ജനറലായും തെരഞ്ഞെടുക്കപ്പെട്ടു.



ഡോ. ബാബു സ്റ്റീഫൻ



തോമസ് മൊട്ടയ്ക്കൽ



ഷാജി എം മാത്യു

(ശേഷം 30–ാം പേജിൽ)

## റയൻ വെട്ടിക്കാട്: ഇല്ലിനോയിലെ എട്ടാമത് കോൺഗ്രഷണൽ ഡിസ്ട്രിക്ടിന് ഒരു പുതിയ ശബ്ദം

ഇല്ലിനോയിലെ 8–ാമത് കോൺഗ്രഷണൽ ഡിസ്ട്രിക്ടിലേക്കുള്ള മത്സരത്തിലെ ഏറ്റവും പ്രായംകുറഞ്ഞ സ്ഥാനാർത്ഥിയും രാജ്യത്തെ ഏറ്റവും പ്രായംകുറഞ്ഞ കോൺഗ്രസ് സ്ഥാനാർത്ഥിയുമാണ് 24 വയസ്സുള്ള റയൻ വെട്ടിക്കാട്. സേവനം, വിശ്വാസം ആഴത്തിലുള്ള സമൂഹബന്ധങ്ങൾ എന്നിവയിൽ വേരൂന്നിയ ഒരു പ്രതിബദ്ധതയാണ് റയൻ ഡെമോക്രാറ്റിക് പാർട്ടിയിലേക്ക് കൊണ്ടുവരുന്നത്.



യുഎസ് സെനറ്റിലേക്ക് കോൺഗ്രസുകാരനായ രാജ കൃഷ്ണമൂർത്തി മത്സരിക്കുന്നതോടെ, ഇല്ലിനോയി രാഷ്ട്രീയത്തിൽ ധീരവും ചിന്താശേഷിയുള്ളതും തത്വാധിഷ്ഠിതവുമായ ഒരു പുതിയ ശബ്ദം ഉയർന്നുവരുന്നു.

ചിക്കാഗോയുടെ വടക്കുപടിഞ്ഞാറൻ പ്രാന്തപ്രദേശങ്ങളിൽ ഒരു കത്തോലിക്കാ ഇന്ത്യൻ-അമേരിക്കൻ കുടുംബത്തിലാണ് റയൻ ജനിച്ചുവളർന്നത്. മാതാപിതാക്കളായ ടോമും സുനി വെട്ടിക്കാടും അദ്ദേഹത്തിലും സഹോദരന്മാരായ ഷോണിലും കെവിനിലും വിശ്വാസം, വിദ്യാഭ്യാസം പൊതുസേവനം എന്നിവയുടെ മൂല്യങ്ങൾ പകർന്നു നല്കി.

ഇല്ലിനോയി യൂണിവേഴ്സിറ്റിയിലെ ഉർബാന-ചാമ്പെയ്നിൽ നിന്ന് വെറും രണ്ടു വർഷത്തിനുള്ളിൽ റയൻ ബിരുദം നേടി. തന്റെ ക്ലാസിലെ മികച്ച മൂന്നു ശതമാനം (ശേഷം 29–ാം പേജിൽ)

## റവാഡ ചന്ദ്രശേഖർ പുതിയ പോലീസ് മേധാവി



തിരുവനന്തപുരം: കേരളത്തിലെ പുതിയ പോലീസ് മേധാവിയായി റവാഡ ചന്ദ്രശേഖറിനെ നിയമിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഓൺലൈനായി ചേർന്ന മന്ത്രിസഭ യോഗമാണ് റവാഡ ചന്ദ്രശേഖറിനെ കേരള പോലീസ് മേധാവിയായി തീരുമാനിച്ചത്. നിലവിൽ കേന്ദ്രസർവീസിൽ ഐബി സ്പെഷ്യൽ ഡയറക്ടറായി സേവനമനുഷ്ഠിച്ചുവരികയാണ്. 1991 ബാച്ച് ഐപിഎസുകാരനാണ് അദ്ദേഹം.

(ശേഷം 30–ാം പേജിൽ)

## ഫാർമസ്യൂട്ടിക്കൽ കമ്പനിയിൽ സ്ഫോടനം; 10 മരണം

തെലങ്കാന: സങ്കറെഡ്ഡി ജില്ലയിൽ പശമൈലാരത്ത് പ്രവർത്തിക്കുന്ന സിഗാച്ചി ഫാർമസ്യൂട്ടിക്കൽ കമ്പനിയിലുണ്ടായ സ്ഫോടനത്തിൽ പത്ത് മരണം. 14 തൊഴിലാളികൾക്ക് പരുക്കേറ്റു. ഫാക്ടറിക്കുള്ളിലെ റിയാക്ടർ പൊട്ടിത്തെറിച്ചാണ് അപകടം തിങ്കളാഴ്ച രാവിലെ ഒമ്പതരയോടെയായിരുന്നു സംഭവം. കെട്ടിടം പൂർണ്ണമായും തകർന്നു. ഫയർഫോഴ്സ് യൂണിറ്റുകൾ സ്ഥലത്തെത്തി തീ അണയ്ക്കാനുള്ള ശ്രമം തുടരുകയാണ്. അപകടത്തിൽ പരുക്കേറ്റവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇവരിൽ പലരുടെയും നില ഗുരുതരമാണ്. സ്ഫോടനമുണ്ടായ സമയത്ത് കെട്ടിടത്തിനുള്ളിൽ 35 തൊഴിലാളികളുണ്ടായിരുന്നുവെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽ തൊഴിലാളികൾ കുടുങ്ങിക്കിടക്കുകയാണെന്നാണ് വിവരം. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ് കമ്പനിയിലെ തൊഴിലാളികളിലേറെയും.



## കേരളത്തിലെ ആരോഗ്യമേഖല പ്രതിസന്ധിയിൽ; ചികിത്സാ ഫണ്ടിൽനിന്ന് വെട്ടിക്കുറച്ചത് 146 കോടി

തിരുവനന്തപുരം: സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് ആരോഗ്യ മേഖലയ്ക്കുള്ള ഫണ്ട് വൻതോതിൽ വെട്ടിക്കുറച്ചത് കേരളത്തിലെ മെഡിക്കൽ കോളജുകളുടെയും ജില്ലാ-താലൂക്ക് ആശുപത്രികളുടെയും പ്രവർത്തനത്തെ ഗുരുതര പ്രതിസന്ധിയിലാക്കി. മെഡിക്കൽ കോളജുകളിൽ ഉപകരണങ്ങളും മരുന്നും വാങ്ങാനായി കഴിഞ്ഞ സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ 401.24 കോടി രൂപ ഗുരുതര സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 254.35 കോടി രൂപയാക്കി വെട്ടിക്കുറച്ചതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. അതായത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുള്ള ഫണ്ടിൽ 146.89 കോടി രൂപയുടെ ഫണ്ടാണ് ഒഴിവാക്കിയത്.

ആരോഗ്യ വകുപ്പിനു വകയിരുത്തിയ 152.13 കോടിയുടെ ബജറ്റ് വിഹിതം 90.02 കോടി രൂപയാക്കി വെട്ടിക്കുറച്ചു. ഇതുവഴി ജില്ലാ-ജനറൽ-താലൂക്ക് ആശുപത്രികൾക്കും പ്രാഥമിക-സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും ലഭിക്കേണ്ട ഫണ്ടിൽ 62.11 കോടി രൂപയുടെ കുറവാണ് അനുഭവപ്പെട്ടത്. വിവാദങ്ങൾക്കൊടുവിൽ ഇതിൽ ചെറിയ വിഹിതം പുനഃസ്ഥാപിക്കാമെന്നു സർക്കാർ അറിയിച്ചെങ്കിലും കാര്യമായ പുനഃക്രമീകരണമുണ്ടായില്ലെന്നാണ് ആരോഗ്യ വകുപ്പ് ഉന്നതർ നൽകുന്ന വിവരം.

ഫണ്ട് വെട്ടിയതോടെ ഗവ. മെഡിക്കൽ കോളജ് ആശുപത്രികളിലും ജില്ലാ-ജനറൽ-താലൂക്ക് ആശുപത്രികളിലും വേണമെന്നു ശിപാർശ ചെയ്തിരുന്ന ചികിത്സയ്ക്കുള്ള അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനേയും ബാധിച്ചു.

(ശേഷം 30–ാം പേജിൽ)

# ഉത്തരേന്ത്യയിൽ കനത്ത മഴ: നിരവധി മരണം

ന്യൂഡൽഹി: ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ മഴക്കെടുതി രൂക്ഷമായി. ഹിമാചൽ പ്രദേശിലും ഉത്തരാഖണ്ഡിലും അതീവജാഗ്രത നിർദേശം നൽകിയിരിക്കുകയാണ് കേന്ദ്ര കാലാവസ്ഥാവകുപ്പ്. ഇരു സംസ്ഥാനങ്ങളിലെ 17 ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു. ഹിമാചൽ പ്രദേശിലെ ബിലാസ്പുർ, ഹാമിർപുർ, കംഗ്ര, മാണ്ഡി, ഷിംല, സോളൻ, സിർമൗർ, ഉന, കുളു, ചമ്പ ജില്ലകളിലും ഉത്തരാഖണ്ഡിലെ ഉത്തരകാശി, രുദ്രപ്രയാഗ്, ഡെറാഡൂൺ, തെഹ്രി, പൗരി, നൈനിറ്റാൾ തുടങ്ങിയ ജില്ലകളിലുമാണ് റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുള്ളത്.



ഹിമാചൽ പ്രദേശിൽ 17 പേർ മരിച്ചതായാണ് റിപ്പോർട്ട്. 300 കോടിയുടെ നഷ്ടമുണ്ടായതായി അധികൃതർ അറിയിച്ചു. ഈയിടെ ഉത്തരാഖണ്ഡിലെ ഉത്തരകാശിയിൽ മേഘവിസ്ഫോടനവും മിന്നൽപ്രളയവുമുണ്ടായതിനെത്തുടർന്ന് ഹോട്ടൽ നിർമാണത്തിനെത്തിയ ഒൻപതുപേരെ കാണാതായിരുന്നു. ഇതിൽ രണ്ട് തൊഴിലാളികളുടെ മൃതദേഹം കണ്ടെത്തി. ഏഴു പേർക്കായി രക്ഷാപ്രവർത്തകർ തെരച്ചിൽ തുടരുകയാണ്. ജാർഖണ്ഡിലെ ജംഷദ്പുരിൽ കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും ഒറ്റപ്പെട്ടുപോയ സ്കൂളിലെ വിദ്യാർത്ഥികളെ അതിസാഹസികമായി രക്ഷപ്പെടുത്തി. 162 വിദ്യാർത്ഥികളാണ് പ്രളയത്തിൽ കുടുങ്ങിയത്. ഒരുനില കെട്ടിടത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂൾ ആണിതെന്നാണു വിവരം. ഒഡീഷയിൽ കനത്ത മഴയെത്തുടർന്ന് താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലായതോടെ നിരവധി കുടുംബങ്ങളെ മാറ്റിപാർപ്പിച്ചു. അതേസമയം, അടുത്ത രണ്ടു ദിവസം കൂടി ഉത്തർപ്രദേശ്, ജാർഖണ്ഡ്, ഒഡീഷ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് സംസ്ഥാനങ്ങളിൽ ശക്തമായ മഴ മുന്നറിയിപ്പു നൽകിയിട്ടുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

# ശുഭാംശു ശുക്ല മോദിയുമായി സംവദിച്ചു

ന്യൂഡൽഹി: രാജ്യാന്തര ബഹിരാകാശ നിലയത്തിലുള്ള വ്യോമസേനാ ക്യാപ്റ്റൻ ശുഭാംശു ശുക്ലയുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിച്ചു. ശാസ്ത്രവും ഗവേഷണവും പുരോഗമിക്കുമെന്നും തനിക്കു വളരെ ആത്മവിശ്വാസമുണ്ടെന്നും ശുഭാംശു പ്രധാനമന്ത്രിയോടു പറഞ്ഞു. വീഡിയോ കോൺഫറൻസിങ് വഴിയായിരുന്നു ഇരുവരും തമ്മിലുള്ള സംഭാഷണം. സംഭാഷണത്തിനിടെ 1.4 ബില്യൺ ഇന്ത്യക്കാരുടെ ആശംസകൾ പ്രധാനമന്ത്രി ശുഭാംശുവിനെ അറിയിച്ചു.

28 മണിക്കൂർ യാത്രയ്ക്കുശേഷമാണ് ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ലയും മൂന്ന് സഹസഞ്ചാരികളും രാജ്യാന്തര ബഹിരാകാശ നിലയത്തിൽ (ഐഎസ്എസ്) എത്തിയത്. പുതിയ അതിഥികളെ നിലയത്തിലെ മറ്റ് ഏഴ് അന്തേവാസികൾ ആഘോഷപൂർവം വരവേറ്റിരുന്നു. ശുഭാംശു ഉൾപ്പെടെ ആക്സിയം-4 ദൗത്യത്തിലെ നാല് പേരും ചേർന്ന് അറുപതോളം പരീക്ഷണങ്ങളും നടത്തും.

ഇന്ത്യയിൽനിന്നു ബഹിരാകാശനിലയത്തിൽ എത്തുന്ന ആദ്യ ഇന്ത്യക്കാരനാകും മുപ്പത്തിയൊമ്പതുകാരനായ ശുഭാംശു ശുക്ല. ഏഴു തവണയാണ് വിവിധ കാരണങ്ങളാൽ ദൗത്യവിക്ഷേപണം മാറ്റിയത്. മോശം കാലാവസ്ഥ, സ്പേസസ് എക്സിന്റെ ഫാൽക്കൺ 9 റോക്കറ്റിൽ കണ്ടെത്തിയ ചോർച്ച, അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെ പ്രശ്നങ്ങൾ എന്നിവ കാരണമായിരുന്നു യാത്ര മാറ്റിവെച്ചത്.

മൈക്രോ ഗ്രാവിറ്റിയിൽ അറുപതിലേറെ പരീക്ഷണങ്ങൾ ചെയ്യുകയാണു സംഘത്തിന്റെ ലക്ഷ്യം. ടെക്സസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന



രാജ്യാന്തര ബഹിരാകാശ നിലയത്തിലുള്ള വ്യോമസേനാ ക്യാപ്റ്റൻ ശുഭാംശു ശുക്ല പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി സംസാരിക്കുന്നു.

സ്വകാര്യ ബഹിരാകാശ കമ്പനിയായ ആക്സിയം സ്പേസിന്റെ നാലാം ബഹിരാകാശ ദൗത്യമായിരുന്നു ഇത്. നാസ, ഐഎസ്ആർഒ, ആക്സിയം സ്പേസ്, സ്പേസ് എക്സ്, യൂറോപ്യൻ സ്പേസ് ഏജൻസി, പോളണ്ടിന്റെയും ഹംഗറിയുടെയും ബഹിരാകാശ ഏജൻസികൾ എന്നിവയുടെ സംയുക്ത ദൗത്യമാണ് ആക്സിയം 4.

ഇന്ത്യക്കുവേണ്ടി ഐഎസ്ആർഒ നിർദേശിച്ച ഏഴു പരീക്ഷണങ്ങൾ ശുഭാംശു ശുക്ല പ്രത്യേകമായി ചെയ്യും. സൂക്ഷ്മ ജീവികളിൽ റേഡിയോ തരംഗങ്ങളുണ്ടാക്കുന്ന മാറ്റങ്ങൾ, ശരീരത്തിന്റെ പേശികൾക്കുണ്ടാകുന്ന മാറ്റങ്ങൾ, മൈക്രോ ഗ്രാവിറ്റിയിൽ ഇലക്ട്രോണിക് ഡിസ്പ്ലേയും കണ്ണുകളുടെ ചലനം, വിത്തുകൾ മുളപ്പിക്കലും വളർച്ചയും തുടങ്ങിയ പരീക്ഷണങ്ങളും അതിൽ ഉൾപ്പെടുന്നു.

# ഭരണഘടനാ ആമുഖം തിരുത്തിയത് ഇന്ത്യയിൽ മാത്രം: ഉപരാഷ്ട്രപതി

ന്യൂഡൽഹി: അടിയന്തരാവസ്ഥക്കാലത്ത് ഭരണഘടനയുടെ ആമുഖത്തിൽ കൂട്ടിച്ചേർത്ത 'സോഷ്യലിസ്റ്റ്', 'മതേതരത്വം' എന്നീ പദങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച് ആർഎസ്എസ് തുടങ്ങിവെച്ച ചർച്ചയിൽ പങ്കുചേർന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറും. ആമുഖമാണ് ഏതൊരു ഭരണഘടനയുടെയും ആത്മാവെന്നും അതു മാറ്റാനാവുന്നതല്ലെന്നും ഡൽഹിയിലെ പുസ്തക പ്രകാശനച്ചടങ്ങിൽ ധൻകർ പറഞ്ഞു. "ഇന്ത്യയിലല്ലാതെ വേറൊരു രാജ്യത്തും ഭരണഘടനയുടെ ആമുഖം മാറ്റിയിട്ടില്ല. കാരണം, അതങ്ങനെ തിരുത്താവുന്നതല്ല. ആമുഖത്തിൽനിന്നാണ് ഭരണഘടന വളരുന്നത്. ഭരണഘടനയുടെ വിത്താണ് ആമുഖം. അടിയന്തരാവസ്ഥയുടെ ഇരുണ്ടകാലത്താണ് 1976-ൽ 42-ാം ഭരണഘടനാ ഭേദഗതിയിലൂടെ ആമുഖത്തിൽ 'സോഷ്യലിസ്റ്റ്', 'മതേതരത്വം', 'ഇന്റഗ്രിറ്റി' എന്നീ വാക്കുകൾ ഉൾപ്പെടുത്തിയത്. ആമുഖം തുടങ്ങുന്ന 'നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ' ഇരുട്ടിലായിരുന്ന കാലത്താണ് മാറ്റാൻ പാടില്ലാത്ത ഒന്നിൽ മാറ്റം വരുത്തിയത്. ബി.ആർ. അംബേദ്കറും സംഘവും കഠിനപ്രയത്നത്തിൽ തയ്യാറാക്കിയതാണെന്നു മറന്നുകൊണ്ടാണ് അതുചെയ്തത്. അതൊരു മുറിവായിരുന്നു. അടിയന്തരാവസ്ഥക്കാലത്ത് ആ വാക്കുകൾ ചേർത്തത് ഭരണഘടനാ ശില്പികളോടുള്ള വഞ്ചനയാണ്. ആയിരക്കണക്കിന് വർഷങ്ങളായുള്ള രാജ്യത്തിന്റെ നാഗരിക സമ്പത്തിനെയും അറിവിനെയും ഇകഴ്ത്തുന്ന തരത്തിലെ നീക്കമാണത്. അത് സനാതന ചൈതന്യത്തിന്റെ നിന്ദയാണ്" - ധൻകർ പറഞ്ഞു.

ഭരണഘടനാ ആമുഖത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സുപ്രീംകോടതി ജഡ്ജിമാർ മുൻപ് നടത്തിയ നിരീക്ഷണങ്ങളും ധൻകർ ചൂണ്ടിക്കാട്ടി. അംബേദ്കർക്ക് മരണാനന്തര ബഹുമതിയായി എൻഡിഎ സർക്കാരാണ് ഭാരതരത്ന ബഹുമതി നൽകിയതെന്നും കോൺഗ്രസിനെ പരോക്ഷമായി വിമർശിച്ച് ധൻകർ പറഞ്ഞു. ആർഎസ്എസ് നിലപാടിനെ പിന്താങ്ങി കേന്ദ്രമന്ത്രിമാരായ ശിവരാജ് സിങ് ചൗഹാനും ജിതേന്ദ്ര സിങ്ങും രംഗത്തെത്തി. ഇന്ത്യയിൽ സോഷ്യലിസത്തിന്റെ ആവശ്യമില്ലെന്നും മതേതരത്വം നമ്മുടെ സംസ്കാരത്തിന്റെ കാതലല്ലെന്നും അതിനാൽത്തന്നെ അതു ചർച്ചചെയ്യേണ്ടതാണെന്നും ചൗഹാൻ അഭിപ്രായപ്പെട്ടു. അംബേദ്കറുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഭരണഘടനയിൽ ഇല്ലാതിരുന്ന വാക്കുകളാണെന്ന് മന്ത്രി ജിതേന്ദ്ര സിങ് പറഞ്ഞു.

# ആര്യാടൻ ഷൗക്കത്ത് നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു

തിരുവനന്തപുരം: ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച നിലമ്പൂരിലെ യുഡിഎഫ് പ്രതിനിധി ആര്യാടൻ ഷൗക്കത്ത് ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്തു നിയമസഭാംഗമായി. സ്പീക്കർ എ.എൻ. ഷംസീർ മുൻപാകെയാണ് ആര്യാടൻ ഷൗക്കത്ത് നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തത്.



നിയമസഭാ നടപടിക്രമങ്ങളിൽ അഗാധമായ അറിവുള്ള തന്റെ പിതാവ് ആര്യാടൻ മുഹമ്മദാണ് തന്റെ മാതൃകയെന്ന് ആര്യാടൻ ഷൗക്കത്ത് പിന്നീടു പറഞ്ഞു. ആര്യാടൻ മുഹമ്മദിനെപോലെ മികച്ച പാർലമെന്ററിയൻ ആകാൻ ശ്രമിക്കുമെന്നും അദ്ദേഹം പറഞ്ഞു. അടുത്ത നാളുകളിലൊന്നും നിയമസഭാ സമ്മേളനം ചേരാൻ സാധ്യതയില്ലാത്ത സാഹചര്യത്തിലാണ് ആര്യാടൻ ഷൗക്കത്തിന്റെ സത്യപ്രതിജ്ഞ പ്രത്യേകമായി നടത്തിയത്.

മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ, മന്ത്രിമാരായ കെ. രാജൻ, എം.ബി. രാജേഷ്, കെപിസിസി പ്രസിഡണ്ട് സണ്ണി ജോസഫ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. സത്യപ്രതിജ്ഞയ്ക്കുശേഷം മുഖ്യമന്ത്രിയും സ്പീക്കറും മന്ത്രിമാരും പൂച്ചെണ്ടുനൽകി എംഎൽഎയെ അഭിനന്ദിച്ചു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 27
July 04, 2025

***Chief Editor***
K.M. Eapen

***Executive Editor***
Jose Kaniyaly

***Managing Editors***
Joseph Mathew
K.O. Jose, C.P.A.
Titus Eapen

***Cir2culation Manager***
Ajith Eapen

***Office Administration***
Anish Eapen

***Legal Advisor***
Selma C. D'souza

***Manager***
K.M. Thimothy

***Overseas Office***
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

***Co-ordinating Editor***
Mani Samuel

***News Editor***
Mini Mani

***Graphics***
Samuel Mani

***Consultant Editor***
Prof. Babu Poozhikunnel

***Special Correspondent***
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER

The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം

അനീതിയെ നശിപ്പിക്കുക. എന്നാൽ, അതിനായി സ്വയം നശിക്കരുത്.

**പ്രേംചന്ദ്**

ചിന്തകൾ നവീകരിച്ചാൽ ശരീരവും നവീകരിക്കപ്പെടും.

**സ്വാമി രാമതീർഥൻ**

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# ACCIDENT ATTORNEYS

AV PREEMINENT®
Peer Rated for Highest Level of Professional Excellence 2025

## LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

**Fee Discounts On Certain Cases For Malayalee Clients**

**Home Visits Available**



Steve Crifase
Steve@Crifaselaw.com

## CRIFASE LAW FIRM, LTD.

**312-855-0511**

Free Consultation/Your Call Is Always Welcome
Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

## GREEN NESTLE
## VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com

## MIDWEST
WINDOWS & DOORS




**MIDWEST WINDOWS DOORS & SIDING**
www.mymidwestwindows.com



Free Estimate Please contact
**RAJU NADUVETTIL**
Cell: 773 474 9566 | Email: rajuabm@gmail.com

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ചരിത്രദൗത്യത്തിന് ശുഭാരംഭം

ബഹിരാകാശമേഖലയിൽ ഇന്ത്യ ഒരു വാതിൽകൂടി തുറക്കുകയാണ്. ബഹിരാകാശത്തെത്തുന്ന രണ്ടാമത്തെ ഇന്ത്യക്കാരനും അവിടത്തെ ബഹിരാകാശ നിലയം തൊടുന്ന ആദ്യ ഇന്ത്യക്കാരനായി ശുഭാംശു ശുക്ല. ബഹിരാകാശാന്വേഷണത്തിന്റെ സർവമേഖലകളിലേക്കും വളർന്ന് ഒരു വൻശക്തിയാകാനുള്ള ഇന്ത്യൻ ലക്ഷ്യത്തിന്റെ പ്രതീകമാണ് ഈ യാത്ര. ബഹിരാകാശത്തുപോയ രണ്ടാമത്തെ ഇന്ത്യക്കാരനായിരിക്കുകയാണ് ശുഭാംശു ശുക്ല. രാകേഷ് ശർമയാണ് ഒന്നാമൻ. 1984-ൽ സോവിയറ്റ് യൂണിയന്റെ സോയൂസ് പേടകത്തിലായിരുന്നു ശർമയുടെ യാത്ര. പക്ഷേ, മറ്റു രണ്ട് ഒന്നാം പദവികൾ ശുഭാംശുവിന് കരഗതമായിട്ടുണ്ട്. അന്താരാഷ്ട്ര ബഹിരാകാശനിലയ (ഐഎസ്എസ്) ത്തിലെത്തുന്ന ആദ്യ ഇന്ത്യക്കാരനായിരിക്കുകയാണ് അദ്ദേഹം. അതിനുപുറമെ, ആദ്യമായി ഒരു ബഹിരാകാശപേടകത്തിന്റെ നിയന്ത്രണം കൈയാളിയ ഇന്ത്യക്കാരനെന്ന പെരുമയും ശുഭാംശുവിനു സ്വന്തമായി. ആക്സിയം-4 ദൗത്യത്തിന്റെ പൈലറ്റ് അദ്ദേഹമായിരുന്നു. യുഎസിലെ കെന്നഡി സ്പെയ്സ് സെന്ററിൽനിന്ന് പറന്നുയർന്ന ഫാൽക്കൺ-9 റോക്കറ്റിൽനിന്ന് പത്തുമിനിറ്റിനുശേഷം വേർപെട്ട ഡ്രാഗൺ പേടകത്തെ അതിനുള്ളിലിരുന്ന് നിയന്ത്രിച്ചത് ശുഭാംശുവാണ്. പൈലറ്റും ഭൂമിയിലെ നിയന്ത്രണസംവിധാനങ്ങളും ചേർന്നു നയിക്കുന്നതരത്തിലുള്ള ഈ പേടകത്തിൽ ശുഭാംശുവടക്കം നാലു യാത്രികരാണുണ്ടായിരുന്നത്. ഏറ്റവുമധികം കാലം ബഹിരാകാശത്തു ജീവിച്ച വനിതയെന്ന റെക്കോഡുള്ള പെഗി വിറ്റ്സണാണ് ദൗത്യത്തിന്റെ കമാൻഡർ.

ഈ ദൗത്യത്തിൽ ഉത്തർപ്രദേശുകാരൻ ശുഭാംശു ശുക്ലയ്ക്കൊപ്പം വാനോളമുയർന്നത് ഇന്ത്യയുടെ അഭിമാനമാണ്. ആ മുപ്പത്തിയൊൻപതുകാരന്റെ ശൂന്യാകാശയാത്ര വിജയംതൊട്ടപ്പോൾ മിടിച്ചുയർന്നത് ഈ രാജ്യത്തിന്റെ ബഹിരാകാശസ്വപ്നങ്ങൾകൂടിയാണ്. ബഹിരാകാശത്തേക്ക് സ്വന്തംനിലയിൽ മനുഷ്യനെ അയക്കുന്നതടക്കമുള്ള ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്ന ഇന്ത്യക്ക് ശുഭാംശുവിന്റെ വിജയം തുറന്നുതരുന്നത് പ്രതീക്ഷകളുടെ ഗഗനമാണ്. ആക്സിയം-4 എന്ന സ്വകാര്യദൗത്യത്തിൽ 548 കോടി രൂപമുടക്കി ശുഭാംശുവിനെ ഇന്ത്യ ബഹിരാകാശത്തേക്കയച്ചത് നമ്മുടേതായ ബൃഹത്പദ്ധതികൾക്കുള്ള മുന്നൊരുക്കത്തിന്റെ ഭാഗമായാണ്.

ഇന്ത്യ ഇന്നു ബഹിരാകാശ മേഖലയിലെ അനിഷേധ്യ ശക്തിയാണ്. വിക്ഷേപണരംഗത്ത് എന്നുമെന്നും മാറ്റുകൂട്ടിക്കൊണ്ടിരിക്കുന്ന സ്ഥാപനമാണ് ഐഎസ്ആർഒ. എന്നാൽ, ബഹിരാകാശത്തു സ്ഥിര മനുഷ്യസാന്നിധ്യം ഉറപ്പിക്കാനാകുന്നില്ലെന്ന ന്യൂനത ഇന്ത്യയ്ക്കുണ്ടായിരുന്നു. ഇതു മറികടക്കാനുള്ള ശ്രമങ്ങളുടെ തുടക്കമാണ് ശുഭാംശുവിന്റെ യാത്ര. സമീപഭാവിയിൽ സ്വന്തം നിലയ്ക്കു ബഹിരാകാശത്ത് മനുഷ്യരെയെത്തിക്കാനുള്ള ഇന്ത്യയുടെ 'ഗഗൻയാൻ' ദൗത്യത്തിനു ശക്തി പകരുന്നതാണ് ശുഭാംശു ശുക്ലയുടെ യാത്ര. ആഗോളമൈത്രിയുടെ പ്രതീകമായി നിലകൊണ്ട രാജ്യാന്തര ബഹിരാകാശനിലയം കുറച്ചുകാലം കൂടിയേ പ്രവർത്തനക്ഷമമായിരിക്കൂ. ദേശീയ നിലയങ്ങളും സ്വകാര്യ ഉടമസ്ഥതയിലുള്ള നിലയങ്ങളുമായിരിക്കും ഭാവിയിൽ ബഹിരാകാശം വാഴുക. ഈ ലക്ഷ്യം മുൻനിർത്തി ഇന്ത്യ സ്വന്തം നിലയമായ 'ഭാരതീയ അന്തരീക്ഷ് സ്റ്റേഷന്റെ' പണിപ്പുരയിലാണ്. ബഹിരാകാശത്തു സ്ഥിരം ഇന്ത്യൻ താവളം എന്ന ലക്ഷ്യത്തിനും ശുഭാംശുവിന്റെ യാത്രാനുഭവം ശക്തിപകരും. ബഹിരാകാശരംഗത്തും ഇന്ത്യയെ ഒരു വൻശക്തിയാക്കുക എന്ന ലക്ഷ്യം ഐഎസ്ആർഒയുടെ സ്ഥാപകപിതാവായ ഡോ. വിക്രം സാരാഭായിയും പിൽക്കാല മേധാവിമാരും പുലർത്തിയിരുന്നു. പതിറ്റാണ്ടുകൾ നീണ്ട സ്ഥിരോത്സാഹത്തിലൂടെ ആ ലക്ഷ്യത്തിൽ നിർണായകമായ ഒരു പടവു പിന്നിടുകയാണ് നാം ശുക്ലയിലൂടെ.

2006-ൽ ഇന്ത്യൻ വ്യോമസേനയിൽ പൈലറ്റായിച്ചേർന്ന ശുഭാംശുവിന് രണ്ടായിരം മണിക്കൂറിലേറെ യുദ്ധവിമാനം പറത്തിയ അനുഭവസമ്പത്തുണ്ട്. സുഖോയ് 30, മിഗ് 21, മിഗ് 29, ജഗ്വാർ, ഹോക്ക്, ഡോണിയർ, എഎൻ 32 തുടങ്ങിയ വ്യത്യസ്തങ്ങളായ വിമാനങ്ങൾ ഇക്കൂട്ടത്തിൽപ്പെടും. ഇന്ത്യ സ്വന്തംനിലയ്ക്ക് ബഹിരാകാശത്തേക്കു യാത്രികരെ അയക്കുന്ന ഗഗൻയാൻ ദൗത്യത്തിനായി തെരഞ്ഞെടുക്കപ്പെട്ട നാലുപേരിലൊരാൾകൂടിയാണ് ശുഭാംശു. ഈ സംഘത്തിന്റെ ഭാഗമായ മലയാളി പ്രശാന്ത് നായർ ആക്സിയം-4 ദൗത്യത്തിൽ അടിയന്തരഘട്ടത്തിൽ പകരക്കാരായി പോകാൻ സജ്ജരാക്കി നിർത്തിയവരുടെ കൂട്ടത്തിലുണ്ടായിരുന്നു. ആക്സിയം 4 ദൗത്യത്തിൽ ബഹിരാകാശനിലയത്തിലെത്തുന്ന ശുഭാംശു അറുപതോളം പരീക്ഷണങ്ങളും നിരീക്ഷണങ്ങളും നടത്തും. മനുഷ്യശരീരവും സസ്യശാസ്ത്രവും കംപ്യൂട്ടർ സയൻസുമായൊക്കെ ബന്ധപ്പെട്ടതായിരിക്കും ഈ ഗവേഷണങ്ങൾ. പ്രമേഹരോഗികൾക്കു ബഹിരാകാശ യാത്ര സാധ്യമാക്കാൻ ലക്ഷ്യമിട്ടുള്ള സ്വീറ്റ് റൈഡ് പരീക്ഷണത്തിലും അദ്ദേഹം പങ്കെടുക്കും. ഈ ഭാവിദൗത്യങ്ങൾക്കെല്ലാം ഉപകാരപ്പെടുന്ന വിലപ്പെട്ട വിവരങ്ങളും അനുഭവപരിചയവും ശുഭാംശുവിന്റെ യാത്രയിലൂടെ സ്വായത്തമാക്കാമെന്നാണ് ഇന്ത്യ പ്രതീക്ഷിക്കുന്നത്. അടുത്ത പതിനാലുദിവസത്തെ ഐഎസ്എസ് വാസത്തിനിടയിൽ ഒപ്പമുള്ള സംഘത്തിനൊപ്പം സുപ്രധാനമായ പരീക്ഷണനിരീക്ഷണങ്ങളിൽ ശുഭാംശുവും പങ്കാളിയാകും. ഇന്ത്യയുടെ ഈ ദൗത്യപങ്കാളിത്തം വൃഥാവിലാകില്ലെന്ന് ഉറപ്പ്.

# ഇന്ത്യയിൽ പരമോന്നതം ഭരണഘടന

അമരാവതി: ഇന്ത്യയിൽ ഭരണഘടനയാണ് പരമോന്നതമെന്നും ജനാധിപത്യത്തിന്റെ മറ്റ് മൂന്നുതൂണുകളും അതിനുകീഴിലാണ് പ്രവർത്തിക്കുന്നതെന്നും സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായ്. ഭരണഘടന ഭേദഗതിവരുത്താൻ പാർലമെന്റിന് അധികാരമുണ്ടെന്നും എന്നാൽ, അടിസ്ഥാനഘടനയിൽ മാറ്റംവരുത്താൻ കഴിയില്ലെന്നും സുപ്രീംകോടതി പുറപ്പെടുവിച്ച ഒരു വിധി പരാമർശിച്ചുകൊണ്ട് അദ്ദേഹം കൂട്ടിച്ചേർത്തു. ജന്മനാടായ മഹാരാഷ്ട്രയിലെ അമരാവതിയിൽ ബാർ അസോസിയേഷൻ സംഘടിപ്പിച്ച അഭിനന്ദനച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പാർലമെന്റാണ് പരമോന്നതമെന്ന് പലരും പറയുകയും വിശ്വസിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ, എന്റെ അഭിപ്രായത്തിൽ ഭരണഘടനയാണ് പരമോന്നതമായത്. ഞാൻ എപ്പോഴും ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള മൗലികാവകാശങ്ങൾക്കൊപ്പമാണ് നിലകൊണ്ടത്. പൗരരുടെ അവകാശങ്ങളുടെയും ഭരണഘടനാപരമായ മൂല്യങ്ങളുടെയും തത്ത്വങ്ങളുടെയും സംരക്ഷകരാണ് തങ്ങളെന്ന കാര്യം ഓരോ ജഡ്ജിയും എപ്പോഴും ഓർക്കണം.

സർക്കാരിനെതിരായി ഉത്തരവുകൾ പുറപ്പെടുവിച്ചതുകൊണ്ടുമാത്രം ജഡ്ജി സ്വതന്ത്രനാകുകയില്ല. അധികാരം മാത്രമല്ല നമുക്കുള്ളത്.

തങ്ങളിൽ ഒരു കടമ അർപ്പിക്കപ്പെട്ടിട്ടുണ്ടെന്നത് തിരിച്ചറിയണം. വിധിന്യായത്തെക്കുറിച്ച് ആളുകൾ എന്തു പറയും അല്ലെങ്കിൽ അവർക്ക് എന്തു തോന്നും എന്നുള്ള ചിന്ത ജഡ്ജിയെ തീരുമാനങ്ങളെടുക്കുന്നതിൽ സ്വാധീനിക്കാൻ പാടില്ല. സ്വതന്ത്രമായി ചിന്തിക്കണം. പാർപ്പിടത്തിനുള്ള അവകാശം പരമപ്രധാനമാണെന്ന് ബുൾഡോസർ നീതിക്ക് എതിരായ തന്റെ വിധിയെ പരാമർശിച്ച് ചീഫ് ജസ്റ്റിസ് വ്യക്തമാക്കി.

ആർക്കിടെക്ട് ആകാനാണ് ഞാൻ ആഗ്രഹിച്ചത്. അഭിഭാഷകനാകണമെന്നായിരുന്നു പിതാവിന്റെ ആഗ്രഹം. എന്നാൽ, ആ സമയത്ത് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് അറസ്റ്റിലായതിനാൽ അദ്ദേഹത്തിന് അത് സാധിച്ചില്ലെന്നും ചീഫ് ജസ്റ്റിസ് പറഞ്ഞു.

# തരൂർ – കോൺഗ്രസ് പ്രതിസന്ധി രൂക്ഷം

ന്യൂഡൽഹി: കോൺഗ്രസ് നേതൃത്വവുമായുള്ള ഡോ. ശശി തരൂരിന്റെ യാത്ര ഓരോ ദിവസം കഴിയുന്തോറും കൂടുതൽ അസ്വസ്ഥമാകുന്നതിനിടെ, തരൂരിന്റെ പക്ഷികളെക്കുറിച്ചുള്ള കുറിപ്പിന്, മറുപടിയായി കഴുകന്മാർ വേട്ടയാടാതെ സൂക്ഷിക്കണമെന്ന് കോൺഗ്രസ് എംപിയുടെ തിരിച്ചടി. സ്വതന്ത്രമായി പറക്കുന്ന പക്ഷിയുടെ ചിത്രത്തോടുകൂടി കോൺഗ്രസ് എംപിയായ തരൂർ എക്സിൽ പോസ്റ്റ് ചെയ്ത കുറിപ്പിനു ബദലായി ആറ് ഇരപിടിയൻ കഴുകന്മാരുടെ ചിത്രത്തോടു കൂടിയാണ് കോൺഗ്രസ് ഹൈക്കമാൻഡിന്റെ വിശ്വസ്തനായ മാണിക്കം ടാഗോർ എംപിയുടെ എക്സിലെ പോസ്റ്റ്.

"പറക്കാൻ അനുവാദം ചോദിക്കരുത്. പക്ഷികൾക്ക് ഉയരാൻ അനുവാദം ആവശ്യമില്ല. എന്നാൽ ഇന്നൊരു സ്വതന്ത്ര പക്ഷിപോലും ആകാശം കാണണം – പരുന്തുകളും കഴുകന്മാരും പ്രാപ്പിടിയന്മാരും എപ്പോഴും വേട്ടയാടുന്നു. സ്വാതന്ത്ര്യം സ്വതന്ത്രമല്ല, പ്രത്യേകിച്ച് വേട്ടക്കാർ ദേശസ്നേഹം തൂവലുകൾപോലെ ധരിക്കുമ്പോൾ." തരൂരിന്റെ കുറിപ്പിനുള്ള മറുപടിസന്ദേശമായി മാണിക്കം എക്സിൽ പോസ്റ്റു ചെയ്തു. ബാൾഡ് ഈഗിൾ, റെഡ്-ടെയിൽഡ് ഹോക്ക്, ഓസ്പ്രേ, അമേരിക്കൻ കെസ്ട്രൽ, ടർക്കി കഴുകൻ, ഗ്രേറ്റ് ഹോൺഡ് ഔൾ എന്നീ ആറ് ഇരപിടിയൻ പക്ഷികളുടെ ചിത്രവും ഈ കുറിപ്പിലുണ്ടായിരുന്നു.

'ജനാധിപത്യം അപകടത്തിൽ, പക്ഷികളെ വേട്ടയാടുന്നു' എന്ന ടാഗ് ലൈനോടുകൂടിയാണ് തമിഴ്നാട്ടിൽനിന്നുള്ള കോൺഗ്രസ് എംപിയായ മാണിക്കം തരൂരിന്റെ കുറിപ്പിന് അതേ നാണയത്തിൽ മറുപടി നൽകിയത്. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെയും സംഘടനാ ചുമതലയുള്ള എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാലിന്റെയും വിശ്വസ്തനാണു മാണിക്കം.

കോൺഗ്രസിനോട് ആലോചിക്കാതെ മോദി സർക്കാരിന്റെ വക്താവായി അമേരിക്കയും ബ്രസീലും അടക്കമുള്ള രാജ്യങ്ങളിൽ ഇന്ത്യൻ സംഘത്തെ നയിച്ച തരൂർ വീണ്ടും കേന്ദ്രസർക്കാ



രിനുവേണ്ടി റഷ്യൻ സന്ദർശനം നടത്തുന്നതിനിടെയാണു പുതിയ വിവാദം. പ്രധാനമന്ത്രി നരേന്ദ്ര മോദിയെ പുകഴ്ത്തിയ തരൂരിന്റെ നിലപാടിൽ കോൺഗ്രസിൽ അമർഷം പുകയുന്നതിനിടെയാണു വീണ്ടും വിവാദം മൂർച്ഛിക്കുന്നത്.

എന്നാൽ 'ഓപ്പറേഷൻ സിന്ദൂറി'നെയും നയതന്ത്ര നീക്കത്തെയുംകുറിച്ചുള്ള തന്റെ വിവാദ ലേഖനം ബിജെപിയിൽ ചേരാനുള്ള ശ്രമത്തിന്റെ സൂചനയല്ലെന്ന് തരൂർ മോസ്കോയിൽ വ്യക്തമാക്കിയിരുന്നു.

# അന്വേഷണം അവസാനിപ്പിച്ചതിൽ ഹൈക്കോടതിക്ക് അതൃപ്തി

കൊച്ചി: മുൻ എംഎൽഎ പി.വി. അൻവർ ഫോൺ ചോർത്തിയതുമായി ബന്ധപ്പെട്ട അന്വേഷണം അവസാനിപ്പിച്ചതിൽ ഹൈക്കോടതിക്ക് അതൃപ്തി. ജനപ്രതിനിധിയായിരിക്കെ സമാന്തര ഭരണസംവിധാനമായി പ്രവർത്തിക്കുകയായിരുന്നോ പി.വി. അൻവറെന്ന് കോടതി ചോദിച്ചു. ഇത്തരം പ്രവർത്തനങ്ങൾക്ക് ആരെയും അനുവദിക്കാനാകില്ലെന്ന് ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണൻ വ്യക്തമാക്കി. ഫോൺ ചോർത്തലിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ട് കൊല്ലം സ്വദേശിയും പ്ലാന്ററും വ്യവസായിയുമായ മുരുഗേഷ് നരേന്ദ്രൻ നല്കിയ ഹർജി തീർപ്പാക്കിയാണ് ഉത്തരവ്.

നിയമവിരുദ്ധമായി ഫോൺ ചോർത്തിയെന്ന് കഴിഞ്ഞ സെപ്റ്റംബർ ഒന്നിന് മലപ്പുറത്ത് നടന്ന വാർത്താസമ്മേളനത്തിൽ പി.വി. അൻവർ പരസ്യമായി പ്രഖ്യാപിച്ചതിനെത്തുടർന്ന് ഇക്കാര്യത്തിൽ അന്വേഷണം ആവശ്യപ്പെട്ട് മലപ്പുറം എസ്പിക്കും ഡിജിപിക്കും പരാതി നല്കിയിട്ടും നടപടി ഉണ്ടായില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് മുരുഗേഷ് നരേന്ദ്രൻ കോടതിയെ സമീപിച്ചത്. ചീഫ് സെക്രട്ടറിക്കു നല്കിയ നിവേദനത്തിനും നടപടിയുണ്ടായില്ലെന്ന് ആരോപിച്ചിരുന്നു. ഉദ്യോഗസ്ഥരുടെയടക്കം ഫോൺ ചോർത്തിയതുമായി ബന്ധപ്പെട്ട് പോലീസിന് നേരിട്ട് കേസെടുക്കാനുള്ള വസ്തുതകളില്ലെന്നാണ് സർക്കാർ കോടതിയെ അറിയിച്ചത്. തെളിവുകൾ ലഭിച്ചില്ലെന്ന സർക്കാർ നിലപാട് അംഗീകരിക്കാനാവില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി. ഡിജിപിക്കു നല്കിയിട്ടുള്ള നിവേദനം പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കാൻ നിർദേശിച്ച കോടതി ഹർജി തീർപ്പാക്കി.

# സെക്രട്ടേറിയറ്റിൽ 3.18 ലക്ഷം ഫയലുകൾ കെട്ടിക്കിടക്കുന്നു

തിരുവനന്തപുരം: ഓരോ ഫയലും ഓരോ ജീവിതമാണെന്നു മുഖ്യമന്ത്രി ആവർത്തിച്ചിട്ടും അദ്ദേഹത്തിന്റെ ഓഫീസ് പ്രവർത്തിക്കുന്ന സെക്രട്ടേറിയറ്റിൽ മാത്രം 'ഗതി കിട്ടാത്ത ജീവിതങ്ങൾ' 3,18,441. ഏറ്റവുമധികം ഫയൽ കെട്ടിക്കിടക്കുന്നതു തദ്ദേശഭരണവകുപ്പിലാണ്. 44,360. രണ്ടാമത് പൊതുവിദ്യാഭ്യാസ വകുപ്പും (30,591) മൂന്നാമത് റവന്യൂ വകുപ്പുമാണ് (22,239). വകുപ്പ് ആസ്ഥാനങ്ങളിലും ആയിരക്കണക്കിനു ഫയലുകൾ കെട്ടിക്കിടക്കുന്നു. രണ്ട് വർഷം മുൻപ് രണ്ട് ഘട്ടമായി സർക്കാർ നടത്തിയ ഫയൽ തീർപ്പാക്കൽ യജ്ഞത്തിൽ 54.76 ശതമാനം തീർപ്പാക്കിയിരുന്നു. ഇത്തവണ ജൂലൈ ഒന്ന് മുതൽ ഓഗസ്റ്റ് 31 വരെ ഇത്തരത്തിൽ ഫയൽ അദാലത്ത് നടത്തുകയാണ്; ലക്ഷ്യം നിശ്ചയിച്ചിട്ടില്ല. സെക്രട്ടേറിയറ്റിൽ ഓരോ മാസവും തുറക്കുന്ന ഫയലുകളിൽ 30 ശതമാനം പോലും ആ മാസം തന്നെ തീർപ്പാക്കുന്നില്ല.

മേയിൽ സെക്രട്ടറിയറ്റിൽ തുറന്ന 29,340 ഫയലുകളിൽ ആ മാസം തന്നെ തീർപ്പാക്കിയത് 8609 (29.3 ശതമാനം) എണ്ണം മാത്രം. രണ്ടാം പിണറായി സർക്കാർ അധികാരത്തിലെത്തുന്നതിനു മുൻപുള്ള 33,325 ഫയലുകൾ ഇപ്പോഴും തീരുമാനമാകാതെയുണ്ട്. ഈ വിഭാഗത്തിലും കൂടുതൽ തദ്ദേശം (7107), പൊതുവിദ്യാഭ്യാസം (2586), റവന്യൂ (2262) വകുപ്പുകളിലാണ്. പഴയ ഫയലുകളിൽ തൊടാൻ മടിക്കുന്ന വകുപ്പുകളുമുണ്ട്. സ്റ്റോർ പർച്ചേസ് വകുപ്പിലെ 225 പഴയ ഫയലുകളിൽ ഒന്നുപോലും കഴിഞ്ഞമാസം പരിഗണിച്ചിട്ടില്ല. രണ്ടാം പിണറായി സർക്കാരിന്റെ നാല് വർഷം ഉൾപ്പെടെ, കഴിഞ്ഞ അഞ്ച് വർഷത്തിനിടെ തുറന്ന 2,18,347 ഫയലുകൾ ഇപ്പോഴും ഇഴയുന്നു. 2025-ലെ ഫയലുകളിൽ 46.038 എണ്ണം ബാക്കിയുണ്ട്.

# THE NORTHEAST AMERICAN DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

# FAMILY & YOUTH CONFERENCE-2025

www.fycnead.org e-mail: fyc@neamericandiocese.org

**Date: JULY 9 to JULY 12, 2025 Venue: Hilton Stamford Hotel& Executive Meeting Center, 1 First Stamford Place, Stamford, CT 06902**

**Conference Theme : The Way of the Pilgrim: "Our citizenship is in heaven. And we eagerly await a Savior from there, the Lord Jesus Christ."** *Philippians 3:20*



HH Baselios Marthoma Mathews III
Catholicos & Malankara Metropolitan



HG Zachariah Mar Nicholovos
Diocesan Metropolitan

## FAMILY & YOUTH CONFERENCE COMMITTEE - 2025

| | |
|---|---|
| Conference Chair | His Grace Zachariah Mar Nicholovos Metropolitan |
| Conference Coordinator | Rev. Fr. Abu Peter |
| Conference Secretary | Mr. Jaison Thomas |
| Treasurer | Mr. John Thamaravelil |
| Finance Coordinator | Mr. Philip Thankachan |
| Souvenir Editor | Ms. Jaicy John |
| Joint Treasurer | Mrs. Liz Pothen |
| Joint Secretary | Dr. Sherin Abraham |
| Registration | Ms. Bini Varughese & Ms. Teena Jacob-Abraham |
| Sports | Mr. John Varghese & Ms. Irene George |
| Events | Ms. Deepthi Mathew |
| Entertainment | Ms. Jasmine Kurian |
| Medical | Dr. Sini Varghese |
| Media & Publicity | Mr. Oommen Kappil & Mr. George Thumpayil |
| Procession | Mr. Rajan Padiyara & Mr. Abraham Pothen |
| Facilities, Safety & Security | Mr. Titus Alexander |
| Chaplains | Rev. Fr. Alex Joy & Rev. Fr. Bobby Varghese |
| Curriculum-Adults | Rev. Fr. Dr. Varghese M. Daniel |
| Curriculum- Sunday School | Rev. Fr. Sujit Thomas, Rev. Dn. Roby Antony & Akila Sunny |
| Curriculum- MGOCSM | Rev. Fr. Joshua Varghese |
| Curriculum- FOCUS | Rev. Fr. Dr. Timothy Thomas |
| Photography & Website | Mr. Bipin V. Mathew & Mr. Cheriyan Perumal |
| Food | Mr. Mathew Varughese & Mr. Ajith Vattasseril |
| Diocesan Secretary | Rev. Dr. Varghese M. Daniel |
| Diocesan Council : | Rev. Fr. Shibu V. M, Rev. Fr. Vijay Thomas<br>Mr. Joby John, Mr. Oommen Kappil<br>Mr. Shane Oommen, Mr. Bijo Thomas |
| Malankara Association Managing Committee Members: | Rev. Fr. Blessen Varghese, Mr. Koppara Samuel, Mr. Shaji Varghese, Mr. K. G. Oommen |
| Diocesan Chancery Staff : | |
| Chancellor | Rev. Fr. Thomas Paul |
| Principal Secretary | Rev. Fr. Abraham (Abey) George |
| Executive Assistant to Metropolitan | Rev. Fr. Daniel (Dennis) Mathai |
| Auditor | Mr. John Thomas, CPA |



Rev. Fr. Dr. Ninan V George
Keynote Speaker



Rev. Fr. Dr. Tenny Thomas
Keynote Speaker



Rev. Fr. Joshua Varghese
Keynote Speaker



Rev. Dn. Anthonios Antony
Keynote Speaker



Rev.Fr.Dr. Varghese M. Daniel
Diocesan Secretary



Rev. Fr. Abu Peter
Conference Coordinator



Jaison Thomas
Conference Secretary



John Thamaravelil
Treasurer



Jaicy John
Souvenir Editor



Philip Thankachan
Finance Coordinator



Liz Pothen
Joint Treasurer



Dr. Sherin Abraham
Joint Secretary



Rev. Fr. Alex Joy
Chaplain



Rev. Fr. Bobby Varghese
Chaplain



Oommen Kappil
Media & Publicity



George Thumpayil
Media & Publicity



Mathew Varughese
Food



Ajith Vattasseril
Food



Jasmine Kurian
Entertainment



Deepthi Mathew
Events



Dr. Sini Varghese
Medical



John Varghese
Sports



Irene George
Sports



Rajan Padiyara
Procession



Rev. Fr. Dr. Babu K Mathew
Choir Coordinator



Bipin V. Mathew
Photography



Titus Alexander
Facilities & Safety



Diocesan Council



Conference General Committee



Finance Committee



FYC Choir

### HIGHLIGHTS

- **In addition to the distinguished keynote speakers, the conference will feature skilled clergy and lay leaders from the Diocese who will lead group sessions, workshops, and devotional addresses, offering a spiritually enriching experience for the entire family.**

### MAJOR ACTIVITIES


- Opening Procession: A colorful and traditional procession will launch the conference on opening night
- Devotional Messages: Inspiring messages delivered throughout the event by clergy and leaders
- Study Classes: Focused on the Bible, Orthodox faith, and Church traditions
- Interactive Sessions & Discussions: Separate tracks for adults and youth on relevant spiritual and practical topics
- Sports & Games: Team competitions and recreational activities held on Thursday
- Entertainment Night: A lively evening of performances on Thursday (pre-registration required by each parish)
- Holy Confession: Offered on Friday evening
- Holy Qurbana: Celebrated on Saturday morning to conclude the conference in worship.

# അടിയന്തരാവസ്ഥവിരുദ്ധ പ്രത്യേക പ്രമേയം പാസാക്കി

ന്യൂഡൽഹി: ഇന്ത്യയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിന്റെ 50-ാം വാർഷികത്തിൽ കേന്ദ്ര മന്ത്രിസഭായോഗം പ്രത്യേക പ്രമേയം പാസാക്കി. അടിയന്തരാവസ്ഥയുടെ തിക്തഫലങ്ങൾ അനുഭവിച്ചവർക്ക് ആദരമായി മന്ത്രിസഭ രണ്ട് മിനിറ്റ് മൗനം ആചരിച്ചു.

ഭരണഘടനയുടെ അന്തഃസത്തയെ അട്ടിമറിക്കാനുള്ള ശ്രമങ്ങളെയും അടിയന്തരാവസ്ഥയെയും ചെറുത്തവരുടെ ത്യാഗങ്ങളെ പ്രമേയത്തിൽ അനുസ്മരിച്ചു. ജനാധിപത്യത്തെയും ഫെഡറലിസത്തെയും ആക്രമിക്കുകയും ഭരണഘടനയെ അട്ടിമറിക്കുകയും ചെയ്ത അടിയന്തരാവസ്ഥയെ രാജ്യചരിത്രത്തിലെ കറുത്ത ദിനങ്ങളെന്നാണ് പ്രമേയം വിശേഷിപ്പിച്ചത്.

അടിയന്തരാവസ്ഥയുടെ 50-ാം വാർഷികദിനം ഭരണഘടനാഹത്യ ദിനമായാണ് കേന്ദ്രസർക്കാർ ആചരിച്ചത്. സാംസ്കാരിക മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ രാജ്യമെങ്ങും വിപുലമായ



പരിപാടികൾ സംഘടിപ്പിച്ചു.

തലസ്ഥാനത്തെ പരിപാടി ആഭ്യന്തരമന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു. കോൺഗ്രസിനും ഇന്ദിരാഗാന്ധിക്കുമെതിരെ ഷാ രൂക്ഷ വിമർശനമുയർത്തി.

അടിയന്തരാവസ്ഥക്കാലത്ത് കൊല്ലപ്പെട്ടവർക്ക് ആദരാഞ്ജലിയർപ്പിച്ചും ജയിൽവാസം അനുഭവിച്ചവരെയും മർദ്ദനമേറ്റവരെയും അനുസ്മരിച്ചും പ്രധാനമന്ത്രി നരേന്ദ്ര മോദി രംഗത്തെത്തി. ജനാധിപത്യത്തെ തകർക്കാനുള്ള ഭൂകമ്പമായിരുന്നു അടിയന്തരാവസ്ഥയെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ പറഞ്ഞു.

ബിജെപി ഭരിക്കുന്ന എല്ലാ സംസ്ഥാനങ്ങളും ഭരണഘടനാഹത്യാദിനാചരണത്തിൽ പങ്കുചേർന്നു. ഭരണഘടനയുയർത്തി കോൺഗ്രസിന്റെ നേതൃത്വത്തിൽ പ്രതിപക്ഷം ബിജെപിക്കെതിരെ തൊടുത്ത വിമർശനങ്ങൾക്ക് ഭരണഘടനയെ കശാപ്പ് ചെയ്തത് കോൺഗ്രസാണെന്ന് ഓർമ്മപ്പെടുത്തി ബിജെപി തിരിച്ചടിച്ചു.

# അടിയന്തരാവസ്ഥ അനുഭവപാഠമായെന്ന് നരേന്ദ്രമോദി



ന്യൂഡൽഹി: അടിയന്തരാവസ്ഥയ്ക്കെതിരായ മുന്നേറ്റം യുവാവായിരിക്കെ തനിക്ക് അനുഭവപാഠമായിരുന്നെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. അടിയന്തരാവസ്ഥയുടെ 50-ാം വാർഷികത്തിൽ അക്കാലത്തെ തന്റെ അനുഭവങ്ങൾ പറയുന്ന 'ദ എമർജൻസി ഡയറീസ്' എന്ന പുസ്തകത്തെ പരിചയപ്പെടുത്തി എക്സ് പോസ്റ്റിലാണ് മോദി ഇക്കാര്യം കുറിച്ചത്.

അടിയന്തരാവസ്ഥ ഏർപ്പെടുത്തുമ്പോൾ താൻ യുവ ആർഎസ്എസ് പ്രചാരകനായിരുന്നു. അടിയന്തരാവസ്ഥ വിരുദ്ധ പ്രസ്ഥാനം അനുഭവപാഠമായി. രാഷ്ട്രീയ ഭേദമന്യേ ആളുകളിൽ നിന്ന് ഒട്ടേറെ കാര്യങ്ങൾ പഠിച്ചെന്നും മോദി പറഞ്ഞു.

ബ്ലൂക്രാഫ്റ്റ് ഡിജിറ്റൽ ഫൗണ്ടേഷൻ പുറത്തിറക്കുന്ന പുസ്തകത്തിന് മുൻ പ്രധാനമന്ത്രി എച്ച്.ഡി. ദേവഗൗഡയാണ് അവതാരികയെഴുതിയിരിക്കുന്നത്. അടിയന്തരാവസ്ഥക്കാലത്ത് ആർഎസ്എസ് നിരോധിക്കപ്പെട്ടതോടെ മോദി വേഷംമാറി സംഘപ്രചാരണ പ്രവർത്തനങ്ങൾ നടത്തിയതും മറ്റുമാണ് പുസ്തകത്തിലെ ഉള്ളടക്കം. അടിയന്തരാവസ്ഥക്കാലത്തെക്കുറിച്ച് യുവാക്കൾക്കിടയിൽ അവബോധമുണ്ടാകാൻ അന്ന് ദുരിതമനുഭവിച്ചവർ പഴയ ഓർമ്മകളും അനുഭവങ്ങളും സാമൂഹിക മാധ്യമങ്ങളിലൂടെ പങ്കുവെക്കാനും മോദി ആഹ്വാനം ചെയ്തു.

# ഇന്ത്യ പ്രതിരോധ സംവിധാനം ശക്തിപ്പെടുത്തുന്നു

ന്യൂഡൽഹി: ഇന്ത്യ-പാക് സംഘർഷത്തിനു പിന്നാലെ ഇന്ത്യയിലെ പ്രതിരോധസംവിധാനം ശക്തിപ്പെടുത്താൻ തീരുമാനം. ഇതിന്റെ ഭാഗമായി അത്യാധുനിക ആയുധങ്ങൾ വാങ്ങുന്നതിന് 1981.90 കോടി രൂപയുടെ 13 കരാറുകളിൽ പ്രതിരോധമന്ത്രാലയം ഒപ്പിട്ടു. കരാർ പ്രകാരം ആയുധങ്ങൾ അടിയന്തരമായി സേനയുടെ ഭാഗമാകുമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. ഭീകരവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന അതിർത്തി മേഖലകളിലായിരിക്കും ആയുധങ്ങൾ ലഭ്യമാക്കുക.

ഇന്റഗ്രേറ്റഡ് ഡ്രോൺ ഡിറ്റക്ഷൻ ആൻഡ് ഇന്റർഡിക്ഷൻ സിസ്റ്റം, ലോ ലെവൽ ലൈറ്റ് വെയ്റ്റ് റഡാർ, വെരി ഷോർട്ട് റേഞ്ച് എയർ ഡിഫൻസ് സിസ്റ്റം, ഇതിന്റെ ലോഞ്ചറുകളും മിസൈലുകളും, വിദൂര നിയന്ത്രിത നിരീക്ഷണ ഡ്രോണുകൾ, ലോയ്റ്ററിംഗ് മ്യൂണിഷനുകൾ, ചെറുകിട ഡ്രോണുകൾ, ബുള്ളറ്റ് പ്രൂഫ് ജാക്കറ്റുകൾ, ഹെൽമറ്റുകൾ, വാഹനങ്ങൾ, തോക്കുകളിൽ ഘടിപ്പിക്കാവുന്ന രാത്രിയിലും കാഴ്ച നൽകുന്ന നൈറ്റ് സൈറ്റ് സംവിധാനം എന്നിവയാണ് അടിയന്തരമായി സേനയ്ക്കായി വാങ്ങുക. തീവ്രവാദ പ്രവർത്തനങ്ങൾക്കും സുരക്ഷാവെല്ലുവിളികളെ നേരിടുന്നതിനും സൈന്യത്തെ ആധുനികവും തദ്ദേശീയവുമായ സംവിധാനങ്ങൾകൊണ്ടു സജ്ജമാക്കുകയാണ് പുതിയ കരാറുകൾകൊണ്ട് ലക്ഷ്യമിടുന്നത്. 'ഓപ്പറേഷൻ സിന്ദൂറി'നുശേഷം അതിർത്തിമേഖലയിലെ പ്രതിരോധ സംവിധാനങ്ങളെക്കുറിച്ച് വിശദമായ വിലയിരുത്തൽ സേനകൾ നടത്തിയിരുന്നു. ഇതിനു പിന്നാലെയാണ് പുതിയ ആയുധസംവിധാനങ്ങൾ സേനയുടെ ഭാഗമാകുന്നത്.

## ചരിത്രദൗത്യത്തിൽ മലയാളിയുടെ പ്രമേഹ ഗവേഷണവും

ദുബായ്: ശുഭാംശു ശുക്ലയുൾപ്പെടെയുള്ളവർ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് പോകുന്ന ആക്സിയം-4 ദൗത്യം മലയാളിക്കും അഭിമാനമുഹൂർത്തം. പ്രമുഖ ആരോഗ്യസംരംഭകനായ ഡോ. ഷംസീർ വയലിൽ വിഭാവനം ചെയ്ത പ്രമേഹ ഗവേഷണ പദ്ധതിയായ 'സ്വീറ്റ് റൈഡ്' ആക്സിയം-4 ബഹിരാകാശ ദൗത്യത്തിന്റെ ഭാഗമാകും. ഡോ. ഷംഷീർ സ്ഥാപകനും ചെയർമാനുമായ ബുർജീൽ ഹോൾഡിങ്സ് ആക്സിയം സ്പെയ്സുമായി ചേർന്ന് വികസിപ്പിച്ച പദ്ധതി പ്രമേഹത്തിന്റെ പരിമിതികളെ മറികടക്കുന്നതിനുള്ള അത്യാധുനിക ഗവേഷണത്തിന് വഴിയൊരുക്കും. നാസ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് ഗവേഷണം. മൈക്രോഗ്രാവിറ്റിയിൽ ശരീരത്തിലെ ഗ്ലൂക്കോസ് ഉപാപചയപ്രവർത്തനത്തെപ്പറ്റിയാണ് പഠനം.

# സിബിഎസ്ഇ പത്താംക്ലാസ് പരീക്ഷ ഇനി രണ്ടുതവണ

ന്യൂഡൽഹി: സിബിഎസ്ഇ പത്താംക്ലാസ് ബോർഡ് പരീക്ഷ രണ്ട് പ്രാവശ്യമായി നടത്താനുള്ള കരട് നയത്തിന് അംഗീകാരം. ഈ അധ്യയനവർഷം (2026) മുതൽ രണ്ടു പ്രാവശ്യം പരീക്ഷയെഴുതുന്നതിനുള്ള അനുമതിയാണ് സിബിഎസ്ഇ നല്കിയിരിക്കുന്നത്. ആദ്യഘട്ട പരീക്ഷ ഫെബ്രുവരിയിലും രണ്ടാംഘട്ടം മേയിലും നടത്താനാണ് തീരുമാനം. ഫെബ്രുവരിയിൽ നടക്കുന്ന ആദ്യപരീക്ഷ എല്ലാ വിദ്യാർത്ഥികൾക്കും നിർബന്ധമാണ്. ഈ പരീക്ഷയിലെ മാർക്ക് മെച്ചപ്പെടുത്തണമെങ്കിൽ മാത്രം വിദ്യാർത്ഥികൾക്ക് രണ്ടാംഘട്ട പരീക്ഷയെഴുതിയാൽ മതി. ശാസ്ത്രം, ഗണിതം, സാമൂഹികശാസ്ത്രം, ഭാഷ എന്നിവയിൽ നിന്ന് ഏതെങ്കിലും മൂന്നു വിഷയങ്ങളിൽ മാർക്ക് മെച്ചപ്പെടുത്തുന്നതിനുള്ള അവസരമാണ് വിദ്യാർത്ഥികൾക്ക് ലഭിക്കുക. ആദ്യഘട്ട പരീക്ഷയിൽ മൂന്നോ അതിലധികമോ വിഷയങ്ങളിൽ പങ്കെടുത്തവരെ രണ്ടാംഘട്ട പരീക്ഷയെഴുതാൻ അനുവദിക്കില്ല. അവർക്ക് റിപ്പീറ്റ് വിഭാഗത്തിൽ പരീക്ഷയെഴുതാം.

പരീക്ഷ രണ്ടു പ്രാവശ്യമുണ്ടെങ്കിലും ഇന്റേണൽ മാർക്ക് നിർണയം ഒറ്റത്തവണ മാത്രമായിരിക്കും. ആദ്യപരീക്ഷയിൽ കമ്പാർട്ടുമെന്റ് ഫലം ലഭിച്ച വിദ്യാർത്ഥികൾക്ക് കമ്പാർട്ട്മെന്റ് വിഭാഗത്തിൽ ആ വർഷം മേയിൽ തന്നെ രണ്ടാമത് പരീക്ഷയെഴുതാൻ അവസരമുണ്ടാകും. പരീക്ഷകളുടെ ഫലം യഥാക്രമം ഏപ്രിൽ, ജൂൺ മാസങ്ങളിൽ പ്രഖ്യാപിക്കും. ഫെബ്രുവരിയിലെയും മേയിലെയും പരീക്ഷകൾക്ക് പ്രത്യേക രജിസ്ട്രേഷൻ ആവശ്യമാണ്. നിലവിലെ സിബിഎസ്ഇ നിയമപ്രകാരമായിരിക്കും ഫലപ്രഖ്യാപനം. രണ്ടാമത്തെ പരീക്ഷ പൂർത്തിയായ ശേഷമായിരിക്കും മാർക്ക്ലിസ്റ്റ് ലഭിക്കുക. മാർക്കുകളുടെ പുനർമൂല്യനിർണയം മേയിൽ നടക്കുന്ന രണ്ടാംഘട്ട പരീക്ഷയ്ക്കു ശേഷമേ സാധിക്കൂ.

ഫെബ്രുവരിയിൽ നടക്കുന്ന ആദ്യ പരീക്ഷ പാസായില്ലെങ്കിലും പതിനൊന്നാം ക്ലാസിലേക്കുള്ള അഡ്മിഷന് താല്ക്കാലികമായി അപേക്ഷിക്കാൻ സാധിക്കും. പക്ഷേ, മേയിൽ നടക്കുന്ന രണ്ടാംഘട്ട കമ്പാർട്ടുമെന്റ് വിഭാഗത്തിലെ പരീക്ഷ പാസായെങ്കിൽ മാത്രമേ അഡ്മിഷൻ സാധ്യമാകുകയുള്ളൂ. മൂല്യനിർണയം കാര്യക്ഷമമാക്കുന്നതിനും മൂല്യനിർണയത്തിലെ ആവർത്തനം കുറയ്ക്കുന്നതിനും ഈ മാറ്റം സഹായിക്കുമെന്നാണ് സിബിഎസ്ഇയുടെ വിലയിരുത്തൽ.






KERALA EXPRESS പ്രവാസി താളുകൾ

# ചിക്കാഗോ മാർത്തോമ്മാശ്ലീഹാ കത്തീഡ്രലിലെ ദുക്റാന തിരുനാൾ

**വിവിഷ് ജേക്കബ്**

ചിക്കാഗോ: ചിക്കാഗോ മാർത്തോമ്മാശ്ലീഹാ കത്തീഡ്രൽ ദേവാലയത്തിൽ 2025-ലെ ദുക്റാന തിരുനാളിനു ജൂൺ 29-നു കൊടിയേറി. ഈ ദേവാലയം മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പു സൂക്ഷിക്കാൻ അനുഗ്രഹം ലഭിച്ചിട്ടുള്ള ദൈവാലയങ്ങളിൽ ഒന്നാണ്. ഈ വർഷത്തെ തിരുനാൾ സീനിയേഴ്സ് ആൻഡ് പയനിയേഴ്സിന്റെ നേതൃത്വത്തിൽ ആണ് നടത്തപ്പെടുന്നത്. ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള ഈ വർഷത്തെ തിരുനാൾ വളരെയധികം സവിശേഷതകളുള്ളതാണ്. തിരുനാൾ ദിവസങ്ങളിൽ ഭക്തിനിർഭരമായ പലവിധ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. എല്ലാദിവസവും വിശുദ്ധ കുർബാനയോടൊപ്പം നൊവേനയും കത്തീഡ്രലിലെ ഓരോ വാർഡുകളെയും പ്രത്യേകം അനുസ്മരിച്ചുകൊണ്ടു നടത്തപ്പെടുന്നു. ജൂലൈ രണ്ടിന് സീനിയേഴ്സ് അപ്രീസിയേഷൻ ഡേ ആയി ആഘോഷിക്കാൻ തീരുമാനിച്ചിരിക്കുന്നു. ജൂലൈ നാലിന് വിശുദ്ധ കുർബാനക്കുശേഷം കത്തീഡ്രൽ കൾച്ചറൽ അക്കാദമിയുടെ നേതൃത്വത്തിൽ വിവിധയിനം പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ജൂലൈ അഞ്ചിന് ഇംഗ്ലീഷ് റാസ കുർബാനയും തുടർന്ന് ഇടവകാംഗങ്ങൾ ചേർന്ന് കലാപരിപാടികൾ അവതരിപ്പിച്ചുകൊണ്ട് പ്രസുദേന്തി നൈറ്റ് ആഘോഷിക്കുന്നു. ജൂലൈ ആറിന് തിരുനാൾ ദിവസത്തിൽ ആഘോഷമായ പാട്ടു കുർബാനയും









പ്രൊസഷനും തുടർന്ന് കിച്ചൻ ഡോൺസിന്റെ നേതൃത്വത്തിൽ വോളന്റിയേഴ്സ് ഒരുക്കുന്ന സ്നേഹവിരുന്നും ഉണ്ടായിരിക്കും. ഇടവകാംഗങ്ങളെ കൂട്ടായ്മയിൽ ചേർത്ത് നിർത്തിക്കൊണ്ട് ഈ തിരുനാൾ വളരെയധികം ഭംഗിയായി, നടത്തപ്പെടാൻ ആവശ്യമായ നിർദേശങ്ങൾ നൽകിക്കൊണ്ട് ഇടവക വികാരി റവ. ഫാദർ തോമസ് കടുകാപ്പിള്ളിലും അസിസ്റ്റന്റ് വികാരിയായി റവ. ഫാദർ ജോയൽ പയസും നേതൃത്വം വഹിക്കുന്നു. തിരുനാൾ ജനറൽ കോ-ഓർഡിനേറ്ററായ സണ്ണി ചിറയിൽ, മറ്റു കോ-ഓർഡിനേറ്റർമാരായ ജോർജ് കൊട്ടുകാപ്പള്ളി, പി.ഡി. തോമസ് പുതുക്കുളം, പോൾ വടകര എന്നിവരോടൊപ്പം വളരെയധികം വോളന്റിയേഴ്സും തിരുനാൾ മനോഹരമാക്കിത്തീർക്കാൻ ആഴ്ചകളായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ കൈക്കാരൻമാരായ സന്തോഷ് കാട്ടൂക്കാരൻ, ബോബി ചിറയിൽ, വിവിഷ് ജേക്കബ്, ബിജി സി. മാണി, ഡേവിഡ് ജോസഫ്, ഷാരോൺ തോമസ് എന്നിവർ എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തുകൊണ്ട് ഒപ്പമുണ്ട്. തിരുനാൾ തിരുകർമ്മങ്ങളിലും ആഘോഷ പരിപാടികളിലും പങ്കെടുത്തു അനുഗ്രഹപ്രദമാക്കാൻ ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

# ചിക്കാഗോയിലെ ബെൽവുഡ് വില്ലേജ് കമ്മ്യൂണിറ്റി സർവീസ് വൻ വിജയമായി

**ആന്റോ കവലയ്ക്കൽ**

ബെൽവുഡ്: ചിക്കാഗോ സീറോ മലബാർ കത്തീഡ്രലും ഫോമാ സെൻട്രൽ റീജിയൻ ഭാരവാഹികളും സംയുക്തമായി സംഘടിപ്പിച്ച ബെൽവുഡ് കമ്മ്യൂണിറ്റി സർവീസ് വൻ വിജയമായി.

സീറോ മലബാർ വികാരി ജനറൽ ഫാ. തോമസ് കടുകാപ്പിള്ളി കമ്മ്യൂണിറ്റി സർവീസ് ഉദ്ഘാടനം നിർവഹിച്ചു. ബെൽവുഡ് മേയർ ആൻഡ്രു എഫ്. ഹാർവി എല്ലാവരേയും സ്വാഗതം ചെയ്തു.

കൊച്ചുമോൻ ചിറയിൽ നേതൃത്വം നൽകിയ കമ്മ്യൂണിറ്റി സർവീസ് ഫോമാ സെൻട്രൽ റീജണൽ ഭാരവാഹികളായ ആർവിപി ജോൺസൺ കണ്ണൂക്കാടൻ, ചെയർമാൻ ആന്റോ കവലയ്ക്കൽ, അഡ്വൈസറി വൈസ് ചെയർമാൻ ജോസ് മണക്കാട്ട്, ഇവന്റ് കോ-ഓർഡിനേറ്റർ ഷാബു മാത്യു, കോ-ഓർഡിനേറ്റർ സജി വർഗീസ്, ട്രസ്റ്റി വിവിഷ് ജേക്കബ്, ഗ്രേറ്റർ ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജിതേഷ് ചുങ്കത്ത്, സീറോ മലബാർ കത്തീഡ്രൽ വോളണ്ടിയർമാരായ സുഭാഷ് ജോർജ്, പ്രിൻസ് ഈപ്പൻ, മനോജ് വെല്ലിത്തറ, സജി തയ്യിൽ, ബിനോയ് ജോർജ്, റോയി ജോസഫ്, ടോമി മേത്തിപ്പാറ, സണ്ണി ചിറയിൽ, രാജൻ കല്ലുംകൽ, ബിൻസ് വെളിയത്തുമാലിൽ, ജോർജ് ഒറവൻകര, ജോണി ചിറയിൽ, മീഡിയ & പബ്ലിസിറ്റി റോമിയോ കാട്ടൂക്കാരൻ തുടങ്ങിയവരും സീറോ മലബാർ കുടുംബാംഗങ്ങളും ഫോമാ ഭാരവാഹികളും പൊള്ളുന്ന ചൂടിൽനടത്തിയ നിസ്വാർത്ഥമായ ഈ സേവനം എല്ലാവരും അഭിനന്ദിച്ചു.



# കെസിസിഎൻഎ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കലും ആഗോള സമുദായ നേതാക്കളും യുകെകെസിഎ കൺവൻഷനിൽ പങ്കെടുക്കുന്നു

**മാത്യു പുളിക്കത്തൊട്ടിയിൽ**

ചിക്കാഗോ: ആഗോള ക്നാനായ സമൂഹം ആകാംക്ഷയോടെ കാത്തിരിക്കുന്ന യുകെകെസിഎ കൺവൻഷനിൽ പങ്കെടുക്കാൻ കെസിസിഎൻഎ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ എത്തുന്നു. ആസ്ട്രേലിയ, കാനഡ, അയർലൻഡ് എന്നിവിടങ്ങളിൽനിന്നുള്ള സംഘടനാ പ്രതിനിധികളും യുകെകെസിഎ കൺവൻഷനിൽ എത്തുമെന്ന് ഉറപ്പായിരിക്കുകയാണ്.



ജെയിംസ് ഇല്ലിക്കൽ

ലോകമെങ്ങുമുള്ള ക്നാനായക്കാർക്ക് അത്ഭുതക്കാഴ്ചയേകുന്ന യുകെകെസിഎ കൺവൻഷനിൽ പങ്കെടുക്കാൻ, ബന്ധങ്ങൾ പുതുക്കാൻ, സമുദായ നേതാക്കന്മാർ മാത്രമല്ല ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അല്മായരും എത്തുന്ന അപൂർവമായ ഒരു ക്നാനായ സംഗമവേദിയായി മാറുകയാണ് ഈ വർഷത്തെ ക്നാനായ കൺവൻഷൻ. യുകെയിൽ നിന്ന് ആസ്ട്രേലിയയിലേക്ക് കുടിയേറിയവരിൽ നിരവധി കുടുംബങ്ങളാണ് നഷ്ടമായ ക്നാനായ കൺവൻഷൻ എന്ന സുഖമുള്ള ഓർമ്മയിലേക്ക് മടങ്ങിയെത്തുന്നത്. കൺവൻഷന്റെ സ്പോൺസർ ആയിപ്പോലും ആസ്ട്രേലിയയിലെ സ്ഥാപനമുണ്ട്. യുകെകെസിഎ മുൻ പ്രസിഡണ്ട് ഐൻസ്റ്റീൻ വാലയിൽ ദിവസങ്ങൾക്കു മുമ്പേ യുകെയിൽ എത്തി. കെന്റ് യൂണിറ്റ് മുൻ പ്രസിഡണ്ടും ഇപ്പോൾ ആസ്ട്രേലിയയിലെ താമസക്കാരനുമായ ഷിജോ കട്ടിപ്പറമ്പനുൾപ്പെടെ നിരവധി കുടുംബങ്ങളാണ് തങ്ങളുടെ പഴയ യൂണിറ്റിലെ എല്ലാവരെയും ഒരുമിച്ചു കാണാനായി എത്തുന്നത്. അമേരിക്കയിൽ നിന്നും കേരളത്തിലേയ്ക്കുള്ള യാത്രയ്ക്കു മുന്നായി ഏതാനും കുടുംബങ്ങളും വൈദികരും എത്തുമ്പോൾ യുകെയിലെ ക്നാനായക്കാരുടെ ഒത്തുചേരലായി കരുതപ്പെട്ടിരുന്ന യുകെകെസിഎ കൺവൻഷൻ ഇക്കുറി ആഗോള ക്നാനായ സമൂഹത്തിന്റെ ഒത്തുചേരലായി മാറും.

# പഹൽഗാം പരാമർശിച്ചില്ല: എസ്സിഒ പ്രസ്താവനയിൽ ഇന്ത്യ ഒപ്പിട്ടില്ല

ന്യൂഡൽഹി: പഹൽഗാം ഭീകരാക്രമണം പരാമർശിക്കാത്തതിൽ പ്രതിഷേധിച്ച് ഷാങ്ഹായ് സഹകരണ സംഘടനയുടെ (എസ്സിഒ) സംയുക്ത പ്രസ്താവനയിൽ ഒപ്പിടാൻ ഇന്ത്യ വിസമ്മതിച്ചു. ഇതോടെ സംയുക്ത പ്രസ്താവനയില്ലാതെ എസ്സിഒ പ്രതിരോധമന്ത്രിമാരുടെ ഉച്ചകോടി സമാപിച്ചു. ചൈനയിൽ നടന്ന ഉച്ചകോടിയിൽ കേന്ദ്രമന്ത്രി രാജ്നാഥ് സിങ് ആണ് ഇന്ത്യയെ പ്രതിനിധീകരിച്ചു പങ്കെടുത്തത്.

പഹൽഗാം ആക്രമണം പരാമർശിക്കാതിരുന്ന പ്രസ്താവനയിൽ ബലൂചിസ്ഥാൻ ലിബറേഷൻ ആർമി ജാഫർ എക്സ്പ്രസ് തട്ടിയെടുത്ത സംഭവം പരാമർശിക്കണമെന്ന് പാകിസ്ഥാൻ ആവശ്യപ്പെട്ടു. പഹൽഗാം സംഭവം ഉൾപ്പെടുത്തുന്നത് ഒരു രാജ്യത്തിനു (പാകിസ്ഥാൻ) സ്വീകാര്യമായിരുന്നില്ലെന്നു വിദേശകാര്യമന്ത്രാലയ വക്താവ് പറഞ്ഞു. അതിർത്തി കടന്നുള്ള ഭീകരവാദം സംബന്ധിച്ച നിലപാടു കൃത്യമായി പ്രസ്താവനയിൽ പ്രതിഫലിച്ചില്ലെന്ന് ഇന്ത്യ ചൂണ്ടിക്കാട്ടി.

ഉച്ചകോടിയിൽ നടത്തിയ പ്രഭാഷണത്തിലും രാജ്നാഥ് സിങ് പാകിസ്ഥാനെ പേരെടുത്തു പറയാതെ വിമർശിച്ചു. ഭീകരവാദത്തിന് ഒത്താശ നൽകുന്നവരെയും സാമ്പത്തികമായി പിന്തുണയ്ക്കുന്നവരെയും നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. രാജ്യത്തിന്റെ നയമെന്ന രീതിയിൽ ചില രാജ്യങ്ങൾ ഭീകരവാദത്തെ ഉപയോഗിക്കുകയും ഭീകരവാദികൾക്കു താമസസൗകര്യം ഒരുക്കുകയും ചെയ്യുന്നു. ഇത്തരം ഇരട്ടത്താപ്പുകൾക്ക് ഇടമുണ്ടാകരുത്. ഇത്തരം രാജ്യങ്ങളെ വിമർശിക്കുന്നതിൽ എസ്സിഒ വിമുഖത കാട്ടരുത്. ലഷ്കറെ തയിബയുടെ മുൻകാല ഭീകരാക്രമണങ്ങളുടെ അതേ രീതിയാണ് പഹൽഗാമിലുണ്ടായതെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

പാകിസ്ഥാൻ പ്രതിരോധമന്ത്രി ഖ്വാജ ആസിഫ്, ചൈനീസ് പ്രതിരോധമന്ത്രി ഡോങ് ജുൻ അടക്കമുള്ളവർ യോഗത്തിൽ പങ്കെടുത്തു.



ഷാങ്ഹായ് സഹകരണ സംഘടനയുടെ ഉച്ചകോടിക്കിടെ ഇന്ത്യയുടെ പ്രതിരോധമന്ത്രി രാജ്നാഥ് സിങ്, ഇറാൻ പ്രതിരോധമന്ത്രി അസീസ് നസീർസദേ എന്നിവർക്കു മുന്നിലൂടെ ഗ്രൂപ്പ് ഫോട്ടോയ്ക്കായി നടന്നു നീങ്ങുന്ന പാക് പ്രതിരോധമന്ത്രി ഖ്വാജ മുഹമ്മദ് ആസിഫ്.

## ബ്ലാക്ക് ബോക്സ് പരിശോധന ആരംഭിച്ചു


ന്യൂഡൽഹി: അഹമ്മദാബാദിൽ അപകടത്തിൽപ്പെട്ട എയർ ഇന്ത്യ ബോയിംഗ് വിമാനത്തിന്റെ ബ്ലാക്ക് ബോക്സിൽ നിന്ന് നിർണായക വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിത്തുടങ്ങി. എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോയുടെ നേതൃത്വത്തിലാണ് പരിശോധനകൾ നടക്കുന്നത്. ബ്ലാക്ക് ബോക്സുകൾക്കു പുറമെ കോക്പിറ്റ് വോയ്സ് റിക്കാർഡർ, ഫ്ളൈറ്റ് ഡേറ്റ റിക്കാർഡർ എന്നിവയുടെ വിശകലനം പുരോഗമിക്കുകയാണെന്നും വ്യോമയാന മന്ത്രാലയം അറിയിച്ചു. വിമാനത്തിലെ ഒരു ബ്ലാക്ക് ബോക്സിൽ നിന്നും ക്രാഷ് പ്രൊട്ടക്ഷൻ മോഡ്യൂൾ സുരക്ഷിതമായി വീണ്ടെടുത്തതായും മെമ്മറി മോഡ്യൂളിൽ നിന്നുള്ള വിവരങ്ങൾ എഎഐബിയുടെ ലാബിൽ ഡൗൺലോഡ് ചെയ്ത് എടുത്തതായും ഡിജിസിഎ അറിയിച്ചു. ബ്ലാക്ക് ബോക്സ്, സിവിആർ, എഫ്ഡിആർ തുടങ്ങിയവയിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അപകടത്തിന്റെ കാരണം കണ്ടെത്താനാകുമെന്ന പ്രതീക്ഷയിലാണ് അന്വേഷണസംഘം.

## കൈപ്പുഴ ജോസ് വലിയ പുത്തൻപുരയിൽ ഓർമ്മയായി

**കൈപ്പുഴ ജയകുമാർ**

കോട്ടയം: ചേർന്നുനിന്ന ആളെ മരണം അടർത്തി മാറ്റുമ്പോൾ മനസ്സ് വല്ലാതെ നൊമ്പരപ്പെടും. മരണം ഒരു സത്യമാണെന്നും അതു നമ്മളെ ഒരുനാൾ കീഴ്പ്പെടുത്തുമെന്നും അറിയാം. പക്ഷേ, അത് കാലം തെറ്റിയെത്തുമ്പോൾ താങ്ങാൻ മനസ്സിനെ പരുവപ്പെടുത്തുക അത്ര എളുപ്പമുള്ള കാര്യമല്ല. ഒപ്പമുണ്ടായിരുന്ന പലരും ഭൂമി വിട്ടൊഴിയുകയാണ്. ദാ ഇപ്പോൾ ആ വഴിയിൽ ഞങ്ങളുടെ പ്രിയപ്പെട്ട ജോസും (കൈപ്പുഴ ജോസ്, കേരള കോൺഗ്രസ് ജില്ലാ സെക്രട്ടറി, കോട്ടയം). മരണം ന്യൂമോണിയയുടെ കടുംനിറമുള്ള കുപ്പായമിട്ട് വന്നാണ് കൈപ്പുഴ ജോസിനെ സ്വർഗ്ഗകവാടം കടത്തിയത്. കുറച്ചു ദിവസങ്ങളായിട്ട് പനി ഉണ്ടായിരുന്നു. പാരസെറ്റാമോളിൽ പിടിച്ചുകെട്ടാമെന്ന് കരുതി. ഒടുവിൽ വിളിച്ചത് 22-ന് എന്നാണ് ഓർമ്മ. കേരള കോൺഗ്രസ് ജില്ലാ സെക്രട്ടറിയായി തെരഞ്ഞെടുത്തതിന്റെ ചിത്രം പത്രത്തിൽ കൊടുക്കുന്നതിനു വേണ്ടിയായിരുന്നു. 24-ന് കണ്ടപ്പോൾ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. 29-ന് രാവിലെ മരണവാർത്തയും എത്തുന്നു.

ദീർഘകാലം കൈപ്പുഴ സഹകരണ ബാങ്ക് സെക്രട്ടറിയായിരുന്നു. നാട്ടുകാർക്ക് ഏറെ പ്രിയങ്കരനായ ഞൂഞ്ഞ് ചേട്ടന്റെ (ജോസഫ്) മകനാണ് ജോസ്. ജെസിഐയുടെ കൈപ്പുഴ യൂണിറ്റ് ചുമതല വഹിച്ചിരുന്നു. ആർസിഎം പ്രവർത്തനങ്ങളുടെ സജീവപങ്കാളിയുമായിരുന്നു.



എന്റെ മാധ്യമ, എഴുത്ത് ജീവിതത്തിൽ ഏറെ പ്രചോദനപ്രദമായ നാട്ടിലെ അപൂർവം ചിലരിൽ പ്രധാനിയായിരുന്നു കൈപ്പുഴ ജോസ്. ഒടുവിൽ കണ്ടപ്പോഴും ചോദിച്ചത് എന്റെ എഴുത്തിനെക്കുറിച്ച് തന്നെ. നീ പെൻഷൻ പറ്റിയത് ജോലിയിൽ നിന്നല്ലേ, എഴുത്തിൽ നിന്നല്ലല്ലോ എന്ന്. മാധ്യമപ്രവർത്തനത്തിൽ പലപ്പോഴും ജോസിന്റെ സഹായമുണ്ടായിട്ടുണ്ട്. പ്രത്യേകിച്ച് ഞാൻ രാഷ്ട്രദീപികയിൽ പണിയെടുക്കുന്ന കാലത്ത് (1994 -97). അന്ന് മൊബൈൽ ഫോണില്ല. ലാൻഡ് ഫോൺ തന്നെ അപൂർവ്വം. എനിക്കാണേൽ അന്ന് ടൂവീലറുമില്ല. ഓട്ടോ പിടിക്കാൻ പോക്കറ്റിന് കനവും പോര. നടപ്പ് തന്നെ ശരണം. പല നടപ്പുവഴികളിലും ജോസ് എന്നോടൊപ്പം ഉണ്ടായിരുന്നു.

മാധ്യമപ്രവർത്തനം സ്ഥിരം തൊഴിലാക്കുന്നതിനു മുമ്പ് ഫ്രീലാൻസ് ജേർണലിസ്റ്റായി പ്രവർത്തിച്ചു. അന്ന് ഏറെയും എഴുതിയിരുന്നത് കൊല്ലം കുങ്കുമം ഗ്രൂപ്പിലെ കുമാരി, നാന, കേരളശബ്ദം മഹിളാരത്നത്തിനു വേണ്ടിയായിരുന്നു. മുൻമന്ത്രി പി.ജെ. ജോസഫിന്റെ നേതൃത്വത്തിൽ തൊടുപുഴയിൽ നടന്നിരുന്ന കാർഷിക മേള കവർ ചെയ്യാൻ പോയത് ജോസിനൊപ്പമാണ്. ഏതു രാത്രിയിലും വാർത്തയുടെ ആവശ്യത്തിനായി ജോസിനെ വിളിച്ചാൽ എവിടെനിന്നെങ്കിലും എങ്ങനെയെങ്കിലും തപ്പി പകുതി വിവരങ്ങൾ ജോസ് തന്നിരിക്കും. അതുവെച്ച് ബാക്കി നമ്മൾ കണ്ടെത്തിയാൽ മതി. കാരണം ജോസ് വഴി തുറന്നിട്ടിരിക്കും.

കൈപ്പുഴ പാലത്തുരുത്ത് സ്കൂളിൽനിന്ന് എച്ച്എം ആയി റിട്ടയർ ചെയ്ത ജോമോൾ ജോസിന്റെ സഹോദരിയാണ്. പ്രവാസിയും എഴുത്തുകാരനുമായ ലൂക്കോസ് ചെറിയാന്റെ ഭാര്യയാണ് ജോമോൾ. ലൂക്കോസ് ചെറിയാന്റെ നാലാമത്തെ പുസ്തകമായ ഉടലാഴി എന്ന ചെറുകഥാ സമാഹാരം മാന്നാനത്ത് പ്രകാശനം ചെയ്യുമ്പോൾ അതിന്റെ കോ-ഓർഡിനേറ്ററാകാനും ചടങ്ങിന്റെ ആങ്കറാകാനുമുള്ള നിയോഗം എനിക്കാണ് ലഭിച്ചത്. ഞാൻ ഒന്നു പതറി.

ചെയ്യാത്ത കാര്യമാണല്ലോ ജോസേ, വേണോ എന്നു ഞാൻ ചോദിച്ചു. നിന്നെ വിശ്വാസമുണ്ടായിട്ടാണല്ലോ ഏല്പിച്ചത്. നീതന്നെ ചെയ്താൽ മതിയെന്ന് പറഞ്ഞ് ധൈര്യം പകർന്നു. അന്ന് രാത്രി ചടങ്ങ് കഴിഞ്ഞ് കൈപ്പുഴയിലെ എന്റെ വീട്ടിൽ എത്തിച്ചത് ജോസിന്റെ കാറിൽ മകൻ അലൻ ജോസാണ്. ഉദ്യോഗസ്ഥയായ ബീന ജോസാണ് ഭാര്യ. മക്കൾ അലനും ഹെലനും.

കാലം പലതും കരുതിവെക്കുന്നു, മനുഷ്യർ വെറും കരുക്കൾ മാത്രം. ആരും ആർക്കും പകരം ആകുകയുമില്ല. നമ്മൾ വാങ്ങുന്ന സാധനങ്ങൾക്ക് ഗ്യാരന്റി ലഭിക്കും. പക്ഷേ, നമ്മുടെ ജീവന് ആരാണ് ഗ്യാരന്റി നല്കുക?





# മുഖ്യമന്ത്രിയും ഗവർണറും ഭാരതാംബ വിവാദത്തിൽ ഏറ്റുമുട്ടി

തിരുവനന്തപുരം: സർക്കാരിന്റെ ഔദ്യോഗിക ചടങ്ങുകളിൽ കാവിക്കൊടിയേന്തിയ ഭാരതാംബയുടെ ചിത്രം ഉപയോഗിക്കരുതെന്നും ഭരണഘടനാവിരുദ്ധമായ ഇത്തരം നടപടി ഇനി



തുടരരുതെന്നും ആവശ്യപ്പെട്ടു മുഖ്യമന്ത്രി പിണറായി വിജയൻ ഗവർണർ ആർ.വി. അർലേക്കർക്കു കത്തു നൽകി. ഔദ്യോഗിക പരിപാടികളിൽ ഭരണഘടന അംഗീകരിച്ച ദേശീയ ചിഹ്നങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. മതേതരത്വത്തെ വെല്ലുവിളിക്കുന്ന സംഘടനകളുടെ ചിഹ്നങ്ങൾ ഔദ്യോഗിക ചടങ്ങുകളിൽ ഉപയോഗിക്കരുതെന്നും മുഖ്യമന്ത്രിയുടെ കത്തിൽ നിർദേശിച്ചു.

സർക്കാരിന്റെ ഔദ്യോഗിക ചടങ്ങുകളിൽ കാവിക്കൊടിയേന്തിയ ഭാരതാംബയുടെ ചിത്രം വെക്കരുത്. ഇനിയുള്ള പരിപാടികളിലെങ്കിലും ഭാരതാംബയുടെ ചിത്രം ഉപേക്ഷിക്കണം. ഭരണഘടനാവിരുദ്ധമായ നടപടികളിലെ സർക്കാരിന്റെ പ്രതിഷേധം അറിയിക്കുന്നതായും കത്തിൽ പറയുന്നു.

ഔദ്യോഗിക ചിഹ്നങ്ങൾക്ക് പുറമേയുള്ളവ സർക്കാർ പരിപാടികളിൽ ഉപയോഗിക്കുന്നത് ഭരണഘടനാവിരുദ്ധമാണെന്ന നിയമോപദേശം സർക്കാരിനു ലഭിച്ചതായും കത്തിലുണ്ട്. ഭാരതാംബയുടെ ചിത്രം സംസ്ഥാനം നിർബന്ധമായും പാലിക്കേണ്ട ഭരണഘടനാ പ്രതീകമല്ലെന്ന നിലപാടാണ് സർക്കാരിനുള്ളത്. ഭാരതാംബ ചിത്രവിവാദത്തെത്തുടർന്നു രാജ്ഭവനിൽ നടത്തിയ ചടങ്ങിൽ സിപിഐ മന്ത്രി പി. പ്രസാദ് പങ്കെടുത്തിരുന്നില്ല. സിപിഎം പ്രതിനിധിയായി മന്ത്രി വി. ശിവൻകുട്ടി ചിത്രവിവാദത്തെത്തുടർന്നു രാജ്ഭവനിലെ ചടങ്ങു ബഹിഷ്കരിച്ചതും വിവാദമായിരുന്നു.

അതിനിടെ, ഭാരതാംബയിൽ വിട്ടുവീഴ്ചയില്ലെന്നു വ്യക്തമാക്കി മുഖ്യമന്ത്രി പിണറായി വിജയന് ഗവർണർ ആർ.വി. അർലേക്കർ കത്തു നൽകി. പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പ്രോട്ടോകോൾ ലംഘനം നടത്തിയെന്നും ഭരണത്തലവനെ അവഹേളിച്ചെന്നും വ്യക്തമാക്കുന്ന കത്തിലാണ് കോടിക്കണക്കിനു ജനങ്ങളുടെ പ്രതീക്ഷയായ ഭാരതാംബ ഇന്ത്യയുടെ പ്രതീകമാണെന്നും ഭാരതാംബയുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയാറല്ലെന്നും ഗവർണർ പറയുന്നത്.

ഭാരതാംബ ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുടെ ആശയമല്ല. കോടിക്കണക്കിനു ജനങ്ങളുടെ പ്രതീക്ഷയാണ്. സ്വാതന്ത്ര്യത്തിൽനിന്ന് ഉയർത്തെഴുന്നേറ്റതാണ് ഭാരതാംബ എന്ന പ്രതീകം. ഇപ്പോഴത്തെ പ്രശ്നങ്ങളെ റോഡിലേക്കു വലിച്ചിഴയ്ക്കുന്ന സർക്കാർ നടപടി ശരിയല്ല. ക്രമസമാധാന പ്രശ്നം സൃഷ്ടിക്കരുതെന്നും ഗവർണർ മുഖ്യമന്ത്രിക്കു നൽകിയ കത്തിൽ പറയുന്നു.

# താജ്മഹലിന്റെ താഴികക്കുടത്തിനു ചോർച്ച

ന്യൂഡൽഹി: ലോകാത്ഭുതമായ താജ്മഹലിൽ ചോർച്ച. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (എഎസ്ഐ) നടത്തിയ തെർമൽ സ്കാനിംഗിലാണ് ചോർച്ച സ്ഥിരീകരിച്ചത്. 73 മീറ്റർ ഉയരെ താഴികക്കുടത്തിലാണു വിള്ളൽ കണ്ടെത്തിയതെന്ന് എഎസ്ഐ ഉദ്യോഗസ്ഥർ അറിയിച്ചു.

അതേസമയം, ചോർച്ചയുടെ കാരണങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. കല്ലുകൾക്കിടയിലുള്ള കുമ്മായക്കൂട്ട് കാലപ്പഴക്കത്താൽ നഷ്ടമായതാകാം ചോർച്ച സംഭവിക്കാൻ കാരണമെന്നാണു പ്രാഥമിക നിഗമനം. അറ്റകുറ്റപ്പണികൾക്കു തുടക്കംകുറിച്ചതായി എഎസ്ഐ പറഞ്ഞു. അറ്റകുറ്റപ്പണികൾ പരിഹരിക്കാൻ ആറുമാസത്തോളം വേണ്ടിവന്നേക്കും.

# കോട്ടയം അതിദരിദ്രരില്ലാത്ത ആദ്യ ജില്ല

കോട്ടയം: അതിദരിദ്രരില്ലാത്ത ആദ്യ ജില്ലയായി കോട്ടയത്തെ പ്രഖ്യാപിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ തയ്യാറാക്കിയ മൈക്രോപ്ലാൻ പ്രകാരമാണ് അതിദരിദ്രരെ കണ്ടെത്തിയത്. ഭക്ഷണത്തിന് ബുദ്ധിമുട്ടുള്ള കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റ്, ആഹാരം പാകംചെയ്യാൻ സാധിക്കാത്തവർക്ക് പാകംചെയ്ത ഭക്ഷണം തുടങ്ങിയവ നൽകുന്നു. 605 കുടുംബങ്ങൾക്കാണ് ഈ സേവനം കിട്ടുന്നത്. 693 കുടുംബങ്ങൾക്ക് മരുന്ന് ലഭ്യമാക്കി. 165 കുടുംബങ്ങൾക്ക് വരുമാനമാർഗം ഒരുക്കി. ഭവനരഹിതർക്ക് വാസസ്ഥലങ്ങൾ നൽകി. 67 കുടുംബങ്ങൾക്ക് വീടും 50 കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകി. 22 കുടുംബങ്ങളെ വാടകവീടുകളിലേക്ക് മാറ്റി.

ഒരാൾക്ക് വീട് നിർമിക്കുന്നതിനായി മന്ത്രി വി.എൻ. വാസവൻ ഇടപെട്ട് വൈക്കത്ത് നാലുസെന്റ് ഭൂമി ലഭ്യമാക്കിയതോടെയാണ് ജില്ല അതിദാരിദ്ര്യമുക്തമെന്ന ലക്ഷ്യം കൈവരിക്കുന്നത്. ഇന്ത്യയിൽ ആദ്യമായാണ് വിപുലമായ മൈക്രോപ്ലാനിലൂടെ ഒരു സംസ്ഥാനത്തെ ഒരു ജില്ല അതിദാരിദ്ര്യമുക്തമായി പ്രഖ്യാപിക്കുന്നത്. കണ്ണൂർ ജില്ലയും അതിദാരിദ്ര്യ മുക്തമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രഖ്യാപനം ഉടൻ ഉണ്ടാകും. മുൻപ് ധർമടം അതിദരിദ്രരില്ലാത്ത മണ്ഡലമായി പ്രഖ്യാപിച്ചിരുന്നു.

ആരോഗ്യം, ഭക്ഷണം, വീട്, വരുമാനം എന്നീ നാല് ഘടകങ്ങൾവെച്ചാണ് കേരളം എല്ലാ ജില്ലകളിലും അതിദരിദ്രരെ കണ്ടെത്തി അവരെ അതിൽനിന്ന് മുക്തരാക്കുന്നത്. വരുമാനം മാത്രം നോക്കി സാമ്പിൾ സർവേയിലൂടെ മുമ്പ് നീതി ആയോഗ്, ദരിദ്രരില്ലാത്ത ജില്ലയായി എറണാകുളത്തെ കണ്ടെത്തിയിരുന്നു. എന്നാൽ, വീടുകൾതോറും സർവേ നടത്തി അതിദരിദ്രരെ കണ്ടെത്തി അതിൽനിന്ന് മുക്തമാക്കുന്നത് ഇന്ത്യയിൽ ആദ്യമാണെന്ന് തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി എം.ബി. രാജേഷ് പറഞ്ഞു.

# കാർഷിക ആവശ്യങ്ങൾക്കുള്ള ഭൂഗർഭ ജലത്തിന് നികുതി

ന്യൂഡൽഹി: കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂഗർഭ ജലത്തിന് സംസ്ഥാന സർക്കാരുകളുമായി സഹകരിച്ച് നികുതി ഏർപ്പെടുത്താൻ കേന്ദ്രസർക്കാർ.

ഇതിനു മുന്നോടിയായി വിവിധ സംസ്ഥാനങ്ങളിലായി 22 പൈലറ്റ് പദ്ധതികൾ ആരംഭിക്കുമെന്ന് കേന്ദ്രസർക്കാർ വൃത്തങ്ങളെ ഉദ്ധരിച്ച് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഭൂഗർഭജലത്തിന്റെ ദുരുപയോഗവും പാഴാക്കലും കുറയ്ക്കുന്നതിനാണ് ഇത്തരമൊരു പദ്ധതി ആവിഷ്കരിക്കുന്നതെന്നാണ് കേന്ദ്രസർക്കാരിന്റെ വാദം.

അതേസമയം, കാർഷിക ആവശ്യങ്ങൾക്ക് കർഷകർക്കു വേണ്ട ജലം ലഭിക്കുമെന്നും ഉപയോഗത്തെ അടിസ്ഥാനമാക്കി നികുതി ചുമത്തുമെന്നുമാണ് കേന്ദ്രസർക്കാർ വ്യക്തമാക്കുന്നത്. പൈലറ്റ് പദ്ധതികൾക്കായി 1600 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. അതത് സംസ്ഥാനങ്ങൾക്കാണു നികുതി നിശ്ചയിക്കുന്നതിനുള്ള ചുമതല.

നിലവിലെ കണക്കുകളനുസരിച്ച് 239.16 ബില്യൺ ക്യൂബിക് മീറ്റർ ഭൂഗർഭജല ചൂഷണമാണ് ഇന്ത്യയിൽ നടക്കുന്നത്. ഇതിൽ 87 ശതമാനവും കാർഷിക മേഖലയിലാണെന്നാണു റിപ്പോർട്ട്. ഇത് ഭൂഗർഭജലത്തിന്റെ അളവിൽ ഗണ്യമായ കുറവുണ്ടാക്കിയതായും റിപ്പോർട്ടുകളുണ്ട്. കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂഗർഭ ജലത്തിന് നികുതി ഏർപ്പെടുത്തുന്നതിലൂടെ ജലചൂഷണം ഇല്ലാതാകുമെന്നാണ് കേന്ദ്രസർക്കാരിന്റ കണക്കുകൂട്ടൽ.

ഒരു പ്രത്യേക സ്ഥലത്തു മതിയായ വെള്ളം ലഭ്യമാക്കി കർഷകർക്ക് അവരുടെ ആവശ്യത്തിനനുസരിച്ച് ഉപയോഗിക്കാൻ കഴിയുന്ന തരത്തിലായിരിക്കും പദ്ധതി നടപ്പിലാക്കുക. ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവിനനുസരിച്ച് നികുതി ചുമത്തും.

എന്നാൽ, പദ്ധതി പ്രാരംഭഘട്ടത്തിലാണെന്നും വിവിധ സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന പൈലറ്റ് പദ്ധതിയുടെ ഫലത്തിനനുസരിച്ചാകും മുന്നോട്ടുള്ള കാര്യങ്ങൾ തീരുമാനിക്കുകയെന്നും കേന്ദ്രസർക്കാർ വൃത്തങ്ങൾ അറിയിച്ചു.

അതേസമയം കേന്ദ്രസർക്കാരിന്റെ നിലപാടിനെതിരെ വിവിധ കർഷകസംഘടനകൾ രംഗത്തുവന്നിട്ടുണ്ട്. കർഷകർ കഷ്ടപ്പെട്ടു ശേഖരിക്കുന്ന ജലം അവർ ഒരിക്കലും പാഴാക്കില്ലെന്ന് വിവിധ സംഘടനാനേതാക്കൾ ചൂണ്ടിക്കാട്ടുന്നു.

നിലവിൽ ആന്ധ്രപ്രദേശ്, മഹാരാഷ്ട്ര, പഞ്ചാബ്, ത്രിപുര തുടങ്ങിയ സംസ്ഥാനങ്ങൾ കർഷകരിൽനിന്നു ജലനികുതി ഈടാക്കുന്നുണ്ട്. സംസ്ഥാന ജലസേചന വകുപ്പിനു കീഴിലുള്ള പ്രത്യേക പദ്ധതി പ്രകാരമാണ് ഈ സംസ്ഥാനങ്ങൾ ഇതു നടപ്പാക്കുന്നത്.

രാജ്യവ്യാപകമായി ഈ വിഷയത്തിൽ ഒരു നയമോ ഏകീകൃത സംവിധാനമോ സർക്കാർ രൂപീകരിച്ചിട്ടില്ല. ഇതിനുള്ള നീക്കമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്ന് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്.



# ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ അവസാനഘട്ടത്തിലേക്ക്

**ഉമ്മൻ കാപ്പിൽ**

ന്യൂയോർക്ക്: നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി & യൂത്ത് കോൺഫറൻസിനുള്ള അവസാന ഘട്ട ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ആവേശകരമായ രജിസ്ട്രേഷൻ, പ്രത്യേകിച്ച് യുവതീ യുവാക്കളുടെ പതിവിലും ഉയർന്ന പങ്കാളിത്തം സംഘടാക



റ്റീന ജേക്കബ് ഏബ്രഹാം



ബിനി വർഗീസ്

സമിതിയെ പ്രോത്സാഹിപ്പിക്കുന്നു. നൂറിലധികം MGOCSM (ഹൈസ്കൂൾ/കോളജ് വിദ്യാർത്ഥികൾ), 145+ FOCUS അംഗങ്ങൾ, 40+ സൺഡേ സ്കൂൾ വിദ്യാർത്ഥികൾ, ഭദ്രാസനത്തിലുടനീളമുള്ള 165+ മുതിർന്ന അംഗങ്ങൾ എന്നിവർ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഔദ്യോഗിക രജിസ്ട്രേഷൻ അവസാനിച്ചതായി രജിസ്ട്രേഷൻ കോ-ഓർഡിനേറ്റർമാരായ ടീന ജേക്കബ് ഏബ്രഹാമും ബിനി വർഗീസും അറിയിച്ചു. എന്നിരുന്നാലും, പരിമിതമായ അളവിൽ കുറച്ചു പേരേക്കൂടി ഇനിയും ഉൾപ്പെടുത്തിയേക്കാം. ഇനിയും രജിസ്റ്റർ ചെയ്യാൻ താല്പര്യമുള്ളവർ രജിസ്ട്രേഷൻ ടീമുമായി ഉടൻ ബന്ധപ്പെടാൻ അഭ്യർത്ഥിക്കുന്നു.

ഭദ്രാസനത്തിലെ ഏറ്റവും വലിയ ആത്മീയ സമ്മേളനമാണ് ഫാമിലി & യൂത്ത് കോൺഫറൻസ്. നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നുള്ള വൈദികരും ജനങ്ങളും ഈ നാല് ദിവസത്തെ പരിപാടിയിൽ പങ്കെടുക്കും. ഭദ്രാസന മെത്രാപ്പോലീത്ത അഭി. സഖറിയാ മാർ നിക്കളാവോസിന്റെ ആത്മീയ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സംഘാടക സമിതി, വളരെ പ്രതീക്ഷയോടെ ഒരുക്കങ്ങൾ പൂർത്തിയാക്കുകയാണ്.



**പ്രധാന സംഘാടകർ ഇവരാണ്:**

ഫാ. അബു പീറ്റർ (കോൺഫറൻസ് കോ-ഓർഡിനേറ്റർ), ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി), ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ), ജെയ്സി ജോൺ (സുവനീർ എഡിറ്റർ), ഫിലിപ്പ് തങ്കച്ചൻ (ഫിനാൻസ് കോ-ഓർഡിനേറ്റർ.

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട്ട് ഹിൽട്ടൻ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ. ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി), റവ. ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ), ഫാ. ജോൺ (ജോഷ്വാ) വർഗീസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമിഡോ- നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യ പ്രസംഗകർ. 'നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ്. അവിടെനിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു' (ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'The Way of the Pilgrim' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

രജിസ്ട്രേഷനും വിശദാംശങ്ങൾക്കും www.fycnead.org സന്ദർശിക്കുക.

കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു വർഗീസ് പീറ്റർ (കോൺഫറൻസ് കോ-ഓർഡിനേറ്റർ- 914-806-4595), ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി- 917-612-8832), ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ- 917-533-3566) എന്നിവരുമായി ബന്ധപ്പെടുക.

# അനുമോദനവും അവാർഡ് വിതരണവും നടത്തി

ഡാളസ്: ദിവ്യധാര മ്യൂസിക്ക് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഡാളസ് ഐ.പി.സി. എബനേസർ ഹാളിൽ അനുമോദന മീറ്റിംഗും ദിവ്യവാർത്ത ഫലകവും കാഷ് അവാർഡും നൽകി. മീറ്റിംഗിൽ ദിവ്യധാര മിനിസ്ട്രീസ് പ്രസിഡന്റ് ജോസ് പ്രകാശ് കരിമ്പിനേത്ത് അദ്ധ്യക്ഷത വഹിച്ചു. ജനറൽ കോ-ഓർഡിനേറ്റർ ബ്രദർ എസ്.പി. ജയിംസ് സ്വാഗത പ്രസംഗം നടത്തി. ഐ.പി.സി. ജനറൽ സെക്രട്ടറി ഡോ. പാസ്റ്റർ ബേബി വറുഗീസ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. കേരള സ്റ്റേറ്റ് എൻ.ആർ.ഐ. കമ്മീഷൻ മെമ്പറും, ഐ.പി.സി. കേരള സ്റ്റേറ്റ് കൗൺസിൽ അംഗവുമായ ബ്രദർ പീറ്റർ മാത്യുവിനെ മീറ്റിംഗിൽ ഫലകം നൽകി ആദരിച്ചു. മറുപടി പ്രസംഗത്തിൽ മലയാളി പ്രവാസികളുടെ വസ്തുവകകളെ സംബന്ധിച്ചുള്ള സംശയങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും അനുബന്ധ നടപടികാര്യങ്ങളിൽ സഹായിക്കാമെന്ന വാഗ്ദാനം നൽകുകയും ചെയ്തു. ഹൂസ്റ്റൺ, ന്യൂയോർക്ക്, ന്യൂജേഴ്സി, ഫിലാഡൽഫിയ തുടങ്ങിയ പട്ടണങ്ങളിലെ സ്വീകരണ മീറ്റിംഗുകളിൽ പങ്കെടുത്തശേഷം കേരളത്തിലേക്ക് മടങ്ങുമെന്ന് അദ്ദേഹം പറഞ്ഞു. തുടർന്ന് ദിവ്യവാർത്ത ബൈബിൾ കിസ് ഇംഗ്ലീഷ് സീരീസ് II ഷെർളിൻ തോമസ് (ഡാളസ്), മലയാളം ബൈബിൾ കിസ് സീരീസ് VIII സാലി ജോൺ (ന്യൂഡൽഹി), ഡൈജി വിനു (കോട്ടയം), മലയാളം ബൈബിൾ കിസ് സീരീസ് IX ഡൈജി വിനു (കോട്ടയം), വി.കെ. സ്കറിയ (ഡാളസ്) എന്നിവർക്ക് സർട്ടിഫിക്കറ്റുകളും, ഡാളസ് കപ്പാസ് ഗുഡ്‌വിൽ മിനിസ്ട്രി സ്പോൺസർ ചെയ്തിട്ടുള്ള കാഷ് അവാർഡും നൽകി. മീറ്റിംഗിൽ ബ്രദർ സാം മാത്യു, ബ്രദർ സാബുക്കുട്ടി കപ്പമാംമൂട്ടിൽ എന്നിവർ ആശംസകൾ അറിയിച്ചു. അദ്ധ്യക്ഷന്റെ ഉപസംഹാര പ്രസംഗത്തിനും, കൃതജ്ഞത പ്രകാശനത്തിനുംശേഷം ഇവാ. കെ.പി. ജോർജ് പ്രാർത്ഥിച്ചു. തുടർന്ന് ഡോ. പാസ്റ്റർ ബേബി വറുഗീസിന്റെ ആശിർവാദത്തോടെ മീറ്റിംഗ് സമംഗളം പര്യവസാനിച്ചു. മീറ്റിംഗിൽ ഐ.പി.സി. എബനേസർ ക്വയർ ബ്രദർ ഏബ്രഹാം ബേബിയുടെ നേതൃത്വത്തിൽ ഗാനശുശ്രൂഷ നടത്തി.






# FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

# ACHIEVE REAL ESTATE GROUP, INC.

*For All Your Real Estate Needs Please Call ...*

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ടെക്സാസ് കപ്പ് സോക്കർ ടൂർണമെന്റ്: ഓസ്റ്റിൻ സ്ട്രൈക്കേഴ്സ് വിജയികൾ

**മാർട്ടിൻ വിലങ്ങോലിൽ**



ഡാളസ്: എഫ്.സി.സി ഡാളസ് മലയാളി സോക്കർ ക്ലബ് സംഘടിപ്പിച്ച പത്താമത് ടെക്സാസ് കപ്പ് (മനോജ് ചാക്കോ മെമ്മോറിയൽ എവർ റോളിങ് ട്രോഫി) സോക്കർ ടൂർണമെന്റിന്റെ ഓപ്പൺ കാറ്റഗറിയിൽ ഓസ്റ്റിൻ സ്ട്രൈക്കേഴ്സ് വിജയികളായി. അത്യന്തം വാശിയേറിയ ഫൈനൽ പോരാട്ടത്തിൽ ആതിഥേയരായ എഫ്സിസി ഡാളസ് റണ്ണേഴ്സ് അപ്പിനുള്ള ട്രോഫി നേടി. ഡെന്റണിലുള്ള ക്രോസ്ബാർ ഫീൽഡിൽ സമാപിച്ച വാശിയേറിയ ടൂർണമെന്റിൽ അമേരിക്കയിലെ 16 മലയാളി ക്ലബുകൾ പങ്കെടുത്തു.

ഓസ്റ്റിൻ സ്ട്രൈക്കേഴ്സിന്റെ ഹയാൻ സാദിഖ് മികച്ച കളിക്കാരനുള്ള എംവിപി ട്രോഫി നേടി. ടൂർണമെന്റിലെ ടോപ് ഗോൾ സ്കോററായ റോവൻ (എഫ്സിസി ഡാളസ്) ഗോൾഡൻ ബൂട്ട് ട്രോഫിക്ക് അർഹനായി. മികച്ച ഡിഫൻഡറായി എഫ്സിസിയുടെ ജെസ്വിനും മികച്ച ഗോൾകീപ്പറായി ഓസ്റ്റിൻ സ്ട്രൈക്കേഴ്സിന്റെ തിമത്തിയും തെരഞ്ഞെടുക്കപ്പെട്ടു ട്രോഫികൾ കരസ്ഥമാക്കി. ഇതോടൊപ്പം 40 പ്ലസ് കാറ്റഗറിയിലും ടൂർണമെന്റ് നടന്നു. മികച്ച കളി പുറത്തെടുത്ത ഡാളസ് ഡയനാമോസ് ആണ് 40 പ്ലസ് ചാമ്പ്യർ. ആതിഥേയരായ എഫ്സിസി ഡാളസ് റണ്ണേഴ്സ് അപ് ആയി.






ഡാളസ് ഡയനാമോസിന്റെ പ്രദീപ് എംവിപി ട്രോഫി നേടി. ബിനു തോമസ് (ഡാളസ് ഡയനാമോസ്) ഗോൾഡൻ ബൂട്ട്, ടൈറ്റസ് (എഫ്സിസി ഡാളസ്) മികച്ച ഡിഫൻഡർ, പ്രകാശ് (ഡാളസ് ഡയനാമോസ്) മികച്ച ഗോൾ കീപ്പർ എന്നിവർ മറ്റു വ്യക്തിഗത ട്രോഫികൾക്കും അർഹരായി.

സ്പോൺസർമാരായ ഡോ. വിന്നി സജി, ഷിനു പുന്നൂസ്, ഷിജു ഏബ്രഹാം, ഡോ. മനോജ് ഏബ്രഹാം, സംഘാടകരായ വിനോദ് ചാക്കോ, പ്രദീപ് ഫിലിപ്പ്, ആശിഷ് തെക്കേടം തുടങ്ങിയവർ ചേർന്ന് വിജയികൾക്കുള്ള ട്രോഫികൾ സമ്മാനിച്ചു.

# ഗാനരചയിതാവ് ജോർജ് പീറ്റർ അന്തരിച്ചു



ചിറ്റൂർ: 'വിശ്വാസജീവിത പടകിൽ ഞാൻ' ഉൾപ്പെടെ അനേകം ആത്മീയ പ്രത്യാശ ഗാനങ്ങൾ സംഭാവന ചെയ്ത ബ്രദറൺ സഭാ ഇവാൻജലിസ്റ്റും സുവിശേഷകനുമായ ജോർജ് പീറ്റർ ചിറ്റൂർ (84) അന്തരിച്ചു. കർത്താവിൽ എന്നും എന്റെ ആശ്രയം, നിന്നിഷ്ടം ദേവാ ആയീടട്ടെ, യേശു എനിക്കെത്ര നല്ലവനാം, എനിക്കൊത്താശ വരും പർവ്വതം, മനമേ ലേശവും കലങ്ങേണ്ട, സത്യസഭാ പതിയേ, എന്നെ കരുതുവാൻ കാക്കുവാൻ പാലിപ്പൻ യേശു എന്നും മതിയായവൻ തുടങ്ങി 150-ൽപരം പ്രശസ്തമായതും ക്രിസ്തീയ വിശ്വാസികൾ സഭാവ്യത്യാസം കൂടാതെ അന്നും ഇന്നും ഹൃദയത്തിൽ ഏറ്റെടുത്ത് പാടി ആശ്വസിക്കുന്ന ഗാനങ്ങളുടെ രചയിതാവുമായിരുന്നു ഇവാൻജലിസ്റ്റ് ജോർജ് പീറ്റർ ചിറ്റൂർ.

'അഭിഷിക്തനും അഭിഷേകവും' എന്ന ഗ്രന്ഥത്തിന്റെ രചയിതാവായ ഇവാൻജലിസ്റ്റ് ജോർജ് പീറ്റർ ചിറ്റൂർ 'ആശ്വാസഗീതങ്ങൾ' എന്ന പേരിൽ നിരവധി സംഗീത ആൽബങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ക്രൈസ്തവ സാഹിത്യ അക്കാഡമി, ബൈബിൾ സാഹിത്യ പ്രവർത്തക സമിതി തുടങ്ങി നിരവധി സംഘടനകളുടെ അവാർഡുകളും പുരസ്കാരങ്ങളും ഇവാൻജലിസ്റ്റ് ജോർജ് പീറ്റർ ചിറ്റൂരിന് ലഭിച്ചിട്ടുണ്ട്. സുവിശേഷ ധ്വനി മാസികയുടെ എഡിറ്റോറിയൽ ബോർഡ് അംഗമായും മലബാർ മെസ്സെഞ്ചറിന്റെ ചീഫ് എഡിറ്ററായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. പരേതനായ സുവിശേഷകൻ കർത്തൃദാസൻ റ്റി.റ്റി. വർഗീസിന്റെ മകൾ പരേതയായ റോസമ്മ ജോർജ് പീറ്ററാണ് ഭാര്യ. മക്കൾ: സുവിശേഷകൻ സജി ചിറ്റൂർ, ബിജു (അബുദാബി). മരുമക്കൾ: മിനി, ഷേർളി. സംസ്കാരം പിന്നീട്.




Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296



Jeremy Karedan
Mortgage Broker/Owner
jeremy@citywidema.com
773-202-2600

Citywide Mortgage of America Corp.
Servicing Illinois, Florida, California, and Indiana
We can provide you a PRE-APPROVAL IN MINUTES
Purchase
Jumbo Loan
Refinance
Cashout
WWW.CITYWIDEMA.COM
EQUAL HOUSING LENDER
Illinois Residential Mortgage Licensee
4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241
General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

# ഫൊക്കാനയുടെ സഹകരണത്തോടെ സ്വിം കേരള സ്വിം മൂന്നാംഘട്ട സൗജന്യ നീന്തൽ പരിശീലന പദ്ധതിക്ക് തുടക്കം

ചിക്കാഗോ: അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയും മൈൽ സ്റ്റോൺ സ്വിമ്മിങ് ചാരിറ്റബിൾ സൊസൈറ്റിയുടെയും നേതൃത്വത്തിൽ സ്വിം കേരള സ്വിം മൂന്നാംഘട്ട സൗജന്യ നീന്തൽ പരിശീലന പദ്ധതിക്ക് തുടക്കം കുറിച്ചതായി പ്രസിഡണ്ട് സജിമോൻ ആന്റണി അറിയിച്ചു.

വൈക്കം നഗരസഭയുടെ പതിമൂന്നാം വാർഡിൽ തോട്ടുവക്കത്ത് പൂരക്കുളത്തിൽ നടന്ന പരിപാടി വൈക്കം നഗരസഭാദ്ധ്യക്ഷ പ്രീത രാജേഷ് ഉ

**ശ്രീകുമാർ ഉണ്ണിത്താൻ**

ദ്ഘാടനം ചെയ്തു. വൈസ് ചെയർമാൻ പി.ടി. സുഭാഷ് അദ്ധ്യക്ഷത വഹിച്ചു.

കൗൺസിലർമാരായ സിന്ധു സജീവൻ, രാധിക ശ്യാം, രാജശ്രീ വേണുഗോപാൽ, ഫൊക്കാന കോ-ഓർഡിനേറ്റർ സുനിൽ പാറയ്ക്കൽ, അന്താരാഷ്ട്ര നീന്തൽതാരം എസ്.പി. മുരളീധരൻ, സൊസൈറ്റി ഭാരവാഹികളായ മാമ്പുഴക്കരി വി.എസ്. ദിലീപ് കുമാർ, ഡോ. ആർ. പൊന്നപ്പൻ എന്നിവർ പ്രസംഗിച്ചു. അന്താരാഷ്ട്ര നീന്തൽതാരം എസ്.പി. മുരളീധരൻ ആണ് സ്വിം കേരള സ്വിം എന്ന പരിപാടിക്ക് നേതൃത്വം നൽകുന്നത്.




നഗരസഭയുടെ 26 വാർഡുകളിൽ നിന്നും കൗൺസിലർമാർ രജിസ്റ്റർ ചെയ്ത 10 വയസ്സിന് മുകളിലുള്ള 100 കുട്ടികളാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്. നീന്തലിൽ താല്പര്യമുള്ളവരെയും പങ്കെടുപ്പിക്കുമെന്ന് സംഘാടകർ പറഞ്ഞു. കുട്ടികളുടെ സ്വയരക്ഷ, പരരക്ഷ, വ്യായാമം, ഉല്ലാസം എന്നിവയ്ക്ക് പുറമേ പ്രകൃതിദുരന്തങ്ങളെ നേരിടാൻ തരത്തിലുള്ള വിദ്യകളും പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വനിതാ പരിശീലകരുൾപ്പെടെയുള്ളവരുടെ സേവനവും ലഭ്യമാണ്.

ശരീരത്തിനു മുഴുവൻ ലഭിക്കുന്ന ഒരു വ്യായാമമാണ് നീന്തൽ. നീന്തൽ പരിശീലനത്തിന്റെ ഭാഗമായി ശ്വാസോച്ഛ്വാസം എങ്ങിനെ വേണമെന്നതും വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതിനും വെള്ളം കൂടുതലായി കുടിക്കുന്നത് ഒഴിവാക്കുന്നതുമെല്ലാം ഈ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വായിലൂടെ ശ്വാസമെടുത്തു മൂക്കിലൂടെ പുറത്തേക്കു വിടുകയും പിന്നീടു കാൽ ഉപയോഗിച്ചു തുഴയാൻ പഠിപ്പിക്കുകയും, പിന്നാലെ കൈ ഉപയോഗിക്കാൻ പഠിപ്പിക്കുകയും ചെയ്യും. ഇങ്ങനെ ഘട്ടങ്ങൾ കടന്നാണ് പരിശീലനം പൂർത്തിയാകുന്നത്.

സ്വിം കേരള സ്വിം എന്ന പരിപാടി പ്രചാരണത്തിന്റെ ഭാഗമായി കേരളത്തിൽ നടന്ന പത്രസമ്മേളനത്തിൽ ഫൊക്കാനയെ പ്രതിനിധീകരിച്ചു ട്രസ്റ്റീ ബോർഡ് മെംബർ ലീല മാരേട്ട് പങ്കെടുത്തു.

നീന്തൽ വശമില്ലാത്തവരും പരിചയക്കുറവ് ഉള്ളവരുമെല്ലാം പുഴയിൽ ഇറങ്ങുമ്പോൾ അപകടങ്ങൾ ഉണ്ടാകുന്നത് സർവ്വ സാധാരണമാണ്. കേരളത്തിൽ അതിന് ആശ്വാസമായി കുട്ടികളെ നീന്തൽ പഠിപ്പിക്കുക എന്നതാണ് ഫൊക്കാനയുടെ ലക്ഷ്യം എന്ന് ഫൊക്കാന എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു.



**Small Business Accounting LLC**

**Personal and Business Tax Services**



Tino Simon Mundaplackil

Phone:630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151,
Naperville, IL 60540

Free Electronic Filing



Pramod Zacharias, E.A.

**HOUSING PLOTS FOR SALE AT MONIPPALLY**

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

# ഫിലാഡൽഫിയ ഇന്ത്യൻ അമേരിക്കൻ കാത്തലിക് അസോസിയേഷന് പുതിയ ഭരണസമിതി; ഹെറിറ്റേജ് ഡേ നവം. 8-ന്

ജോസ് മാളേയ്ക്കൽ

ഫിലാഡൽഫിയ: മികവുറ്റ സാമൂഹിക, സാംസ്കാരിക കാരുണ്യ പ്രവർത്തനങ്ങളിലൂടെ അമേരിക്കൻ മലയാളികൾക്ക് പ്രത്യേകിച്ച് മലയാളി കത്തോലിക്കർക്ക് മാതൃകയായി സേവനത്തിന്റെ 47 വർഷം പൂർത്തിയാക്കുന്ന വിശാല ഫിലാഡൽഫിയ റീജിയണിലെ കേരള കത്തോലിക്കരുടെ സ്നേഹകൂട്ടായ്മയായ ഇന്ത്യൻ അമേരിക്കൻ കാത്തലിക് അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയായ്ക്ക് (ഐ.എ.സി.എ) 2025-2026-ലേക്ക് പുതിയ ഭരണസമിതി നിലവിൽ വന്നു.



ഫാ. ജോർജ് ദാനവേലിൽ



ഫാ. ലിജോ കൊച്ചുപറമ്പിൽ



ഫാ. ബാബു മഠത്തിൽപറമ്പിൽ



ഫാ. ലെനിൻ ഫെർണാണ്ടസ്

അസോസിയേഷന്റെ വാർഷിക പൊതുയോഗം പുതിയ ഭാരവാഹികളായി തോമസ് സൈമൺ (പ്രസിഡണ്ട്), ജോഷ ജേക്കബ് (വൈസ് പ്രസിഡണ്ട്), ചാർലി ചിറയത്ത് (ജനറൽ സെക്രട്ടറി), മെർലിൻ മേരി അഗസ്റ്റിൻ (ജോ. സെക്രട്ടറി), സ്വപ്ന സജി സെബാസ്റ്റ്യൻ (ട്രഷറർ), ഫിലിപ്പ് (ബിജു) ജോൺ (ജോ. ട്രഷറർ), അനീഷ് ജെയിംസ് (മുൻ പ്രസിഡണ്ട് എക്സ് ഒഫീഷ്യോ) എന്നിവരെ തെരഞ്ഞെടുത്തു.

ഫിലാഡൽഫിയ സീറോമലബാർ ഫൊറോനാപള്ളി വികാരി റവ.ഡോ. ജോർജ് ദാനവേലിൽ, സെ. ജോൺ ന്യൂമാൻ ക്നാനായ കാത്തലിക് മിഷൻ ഡയറക്ടർ റവ.ഫാ. ലിജോ കൊച്ചുപറമ്പിൽ, സെ. ജൂഡ് സീറോമലങ്കര പള്ളി വികാരി റവ.ഫാ. ബാബു മഠത്തിൽപറമ്പിൽ, ഇന്ത്യൻ ലാറ്റിൻ കാത്തലിക് മിഷൻ ഡയറക്ടർ റവ.ഫാ. ലെനിൻ ഫെർണാണ്ടസ്, തോമസ് നെടുമാക്കൽ, അലക്സ് ജോൺ, ഓസ്റ്റിൻ ജോൺ, ജോസഫ് തോമസ് എന്നിവർ ഡയറക്ടർമാരായി ഐ.എ.സി.എ. ഡയറക്ടർ ബോർഡും പുനഃസംഘടിപ്പിച്ചു. എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് ജോസ് മാളേയ്ക്കൽ, സണ്ണി പടയാറ്റിൽ, ജോസഫ് മാണി, ഫിലിപ്പ് എടത്തിൽ, ജസ്റ്റിൻ തോമസ്, റോമിയോ ഡാൽഫി, ബിജു സക്കറിയ, കുരുവിള ജെയിംസ് (ജെറി), സേവ്യർ മൂഴിക്കാട്ട് എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.



നവംബർ 8-ന് ശനിയാഴ്ച 'ഒരേ വിശ്വാസം പല പാരമ്പര്യങ്ങൾ, ഒരു കുടക്കീഴിൽ' എന്ന ആപ്തവാക്യത്തിലൂന്നി ഇന്ത്യൻ കത്തോലിക്കരുടെ ശ്രേഷ്ഠമായ പൈതൃകവും വിശ്വാസപാരമ്പര്യങ്ങളും പ്രവാസനാട്ടിലും അഭംഗുരം കാത്തുസൂക്ഷിക്കുന്ന സീറേമലബാർ, സീറോമലങ്കര, ക്നാനായ, ലത്തീൻ കത്തോലിക്കർ ഒരേ കുടക്കീഴിൽ അണിനിരന്ന് ഒന്നിച്ചർപ്പിക്കുന്ന ദിവ്യബലി, പൊതുസമ്മേളനം, കലാസന്ധ്യ, സ്നേഹവിരുന്ന് എന്നിവയായിരിക്കും ഹെറിറ്റേജ് ഡേ ആഘോഷപരിപാടികൾ.

ഒരുവർഷം നീണ്ടുനില്ക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ സമാപനമായാണ് പൈതൃകദിനാഘോഷം സംഘടിപ്പിക്കുന്നത്. കാരുണ്യപ്രവർത്തനത്തിലൂന്നിയ വസ്ത്രശേഖരണവും ആവശ്യക്കാർക്കുള്ള വിതരണവും വാർഷിക പിക്നിക്, ക്രിസ്മസ്/പുതുവർഷ ആഘോഷങ്ങൾ, സാമൂഹിക പ്രസക്തിയുള്ള വിവിധ സെമിനാറുകൾ, ബൈബിൾ ക്വിസ്, രോഗീസന്ദർശനം എന്നിവ പ്രവർത്തനപരിപാടികളിൽ ചിലതുമാത്രം.

1970-കളുടെ ആദ്യപകുതി മുതൽ അമേരിക്കയിൽ കുടിയേറി ഫിലാഡൽഫിയാ റീജിയണിൽ താമസമുറപ്പിച്ച കേരളീയ പാരമ്പര്യത്തിലുള്ള കത്തോലിക്കാ വിശ്വാസികൾ 1978-ൽ ഒത്തുകൂടി ചെറിയ ഒരു അല്മായ സംഘടനയായി തുടക്കമിട്ട ഇന്ത്യൻ അമേരിക്കൻ കാത്തലിക് അസോസിയേഷൻ (ഐ.എ.സി.എ.) വളർച്ചയുടെ പടവുകൾ കടന്ന് രണ്ടായിരത്തിലധികം വരുന്ന വിശ്വാസികളുടെ ഒരു സ്നേഹക്കൂട്ടായ്മയായി ഇന്ന് തലയുയർത്തി നിൽക്കുന്നു.

ഉപരിപഠനത്തിനും ഉദ്യോഗത്തിനുമായി അമേരിക്കയിലെത്തിയ ആദ്യതലമുറയിൽപ്പെട്ട സീറോമലബാർ, സീറോമലങ്കര, ക്നാനായ, ലത്തീൻ കുടുംബങ്ങൾ സമൂഹവളർച്ചയ്ക്കു നല്കിയിട്ടുള്ള സംഭാവനകൾ വളരെ വലുതാണ്. പ്രവാസജീവിതത്തിൽ മാതൃഭാഷയിൽ ബലിയർപ്പിക്കാൻ വൈദികരോ സ്വന്തം ദൈവാലയങ്ങളോ ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ പ്രതികൂല സാഹചര്യങ്ങളിലൂടെ കഠിനാദ്ധ്വാനം ചെയ്ത് അഞ്ചു ദശാബ്ദക്കാലം സ്വന്തം കുടുംബത്തെയും ബന്ധുക്കളെയും അമേരിക്കയിലെത്തിച്ച് അവർക്കു നല്ലൊരു ഭാവിയുണ്ടാക്കിക്കൊടുക്കുന്നതിൽ ഇവർ വിജയം കണ്ടെത്തി. രണ്ടാം തലമുറയിൽ നിന്നും വൈദികരെയും കന്യാസ്ത്രികളെയും ഔദ്യോഗികതലത്തിൽ ഉന്നത സ്ഥാനങ്ങൾ വഹിക്കുന്ന ധാരാളം പ്രഫഷണലുകളെയും സമൂഹത്തിനു പ്രദാനം ചെയ്ത് അമേരിക്കൻ സമ്പദ് വ്യവസ്ഥയ്ക്ക് മുതൽക്കൂട്ടായിട്ടുണ്ട്.

പുതിയ തലമുറയെ ചേർത്തുനിർത്തി തങ്ങളുടെ മഹത്തായ പൈതൃകവും ഓരോ സമൂഹത്തിന്റെയും തനതായ പാരമ്പര്യങ്ങളും പുതുതലമുറയ്ക്ക് കൈമാറുന്നതിനും സ്നേഹക്കൂട്ടായ്മയിലൂടെ നാനാത്വത്തിൽ ഏകത്വം ദർശിക്കുന്നതിനും ഇന്ത്യൻ അമേരിക്കൻ കാത്തലിക് അസോസിയേഷൻ എന്ന അംബ്രല്ലാ ഓർഗനൈസേഷൻ ലക്ഷ്യമിടുന്നു.

# ഐഒസി ഫിലാഡൽഫിയ ചാപ്റ്ററിൽ നിലമ്പൂർ വിജയാഘോഷം

സുമോദ് തോമസ് നെല്ലിക്കാല

ഫിലാഡൽഫിയ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ഫിലാഡൽഫിയ ചാപ്റ്റർ മയൂര റെസ്റ്റോറന്റിൽ സംഘടിപ്പിച്ച നിലമ്പൂർ ഇലക്ഷൻ വിജയാഘോഷം വമ്പിച്ച ജനപിന്തുണയോടെ ആഘോഷിക്കപ്പെട്ടു. മയൂര റെസ്റ്റോറന്റ് ഉടമയും ഐഒസി ഫിലാഡൽഫിയ ചാപ്റ്റർ ജോ. ട്രഷററുമായ ഷാജി സുകുമാരൻ സ്പോൺസർ ചെയ്ത വിക്ടറി പാർട്ടിയിൽ ഫിലാഡൽഫിയായിലെ നിരവധി സാമൂഹിക സാംസ്കാരിക നേതാക്കൾ പങ്കെടുത്തു.



ഐഒസി ഫിലാഡൽഫിയ ചാപ്റ്റർ പ്രസിഡണ്ട് ഡോ. ഈപ്പൻ ഡാനിയേൽ അദ്ധ്യക്ഷത വഹിച്ച ആഘോഷപരിപാടിയിൽ ജനറൽ സെക്രട്ടറി സുമോദ് ടി. നെല്ലിക്കാല യോഗനടപടികൾ നിയന്ത്രിച്ചു. ഐഒസി ഫിലാഡൽഫിയ ചാപ്റ്റർ ചെയർമാൻ സാബു സ്കറിയ സ്വാഗതവും ട്രഷറർ ഫിലിപ്പോസ് ചെറിയാൻ നന്ദിപ്രകാശനവും നടത്തി. ഐഒസി ഫിലാഡൽഫിയ ഭാരവാഹികളായ അലക്സ് തോമസ്, ജീമോൻ ജോർജ്, ജെയിംസ് പീറ്റർ എന്നിവരെ കൂടാതെ ഫിലാഡൽഫിയയിലെ സാമൂഹിക നേതാക്കളായ വിൻസന്റ് ഇമ്മാനുവേൽ, സുധാ കർത്താ, ജോൺ പണിക്കർ, മോഡി ജേക്കബ്, ജോർജ് നടവയൽ, തോമസ് പോൾ, സ്റ്റാൻലി ജോൺ എന്നിവർ ആശംസകളർപ്പിച്ചു.

കേരള നിയമസഭയിലേക്കു നടന്ന ഇടക്കാല തെരഞ്ഞെടുപ്പിൽ എൽഡിഎഫ് സിറ്റിംഗ് സീറ്റ് പിടിച്ചെടുത്ത ആര്യാടൻ ഷൗക്കത്ത് 2026-ൽ നടത്തപ്പെടാനുള്ള നിയമസഭാ ഇലക്ഷനിൽ യുഡിഎഫ് വൻ വിജയത്തിലെത്തുന്നതിനുള്ള നാന്ദി കുറിച്ചുകഴിഞ്ഞെന്നും ഒത്തൊരുമയോടെ നിന്നാൽ വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ യുഡിഎഫിന് മികച്ച വിജയം കൈവരിക്കാനാവുമെന്നും പ്രസംഗകർ അഭിപ്രായപ്പെട്ടു.

മലയാള സിനിമാ സംഗീത സംവിധായകൻ ഷാജി സുകുമാരൻ അവതരിപ്പിച്ച ഗാനസന്ധ്യ പരിപാടികൾക്ക് കൊഴുപ്പേകി. സോബി ഇട്ടി ഛായാഗ്രഹണം നിർവഹിച്ചു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
വാരാന്ത്യം

# ശരിക്കും ഈ സെഹ്റാൻ മാംദാനി എവിടുത്തുകാരനാണ്?

ലേഖനം



**ഷിബു ഗോപാലകൃഷ്ണൻ**




**മീ**ര നായർ ജനിച്ചത് ഒറീസയിലെ റൂർക്കേലയിലാണ്. കുടുംബത്തിനു പഞ്ചാബിലും ഡൽഹിയിലും വേരുകൾ ഉണ്ട്. പഠിച്ചത് ഭുവനേശ്വറിലും ഷിംലയിലും പിന്നീട് ഹാർവാർഡിലുമാണ്. ആദ്യത്തെ വിവാഹം അമേരിക്കക്കാരനായ ഫോട്ടോഗ്രാഫർ മിച്ചൽ എപ്സ്റ്റീനുമായിട്ടായിരുന്നു. പിന്നീട് മിസിസിപ്പി മസാല എന്ന ചിത്രത്തിനു വേണ്ടിയുള്ള ഗവേഷണത്തിനായി ഉഗാണ്ടയിൽ ആയിരിക്കുമ്പോഴാണ് പൊളിറ്റിക്കൽ സയന്റിസ്റ്റായ മഹ്മൂദ് മാംദാനിയെ കണ്ടുമുട്ടുന്നതും വിവാഹം കഴിക്കുന്നതും. ന്യൂയോർക്കിലെ കൊളംബിയ യൂണിവേഴ്സിറ്റിയിലെ അധ്യാപകനായിരുന്നു മഹ്മൂദ്.

മഹ്മൂദ് മുംബൈയിലാണ് ജനിച്ചത്. ഗുജറാത്തിലെ മുസ്ലിം ദമ്പതികൾക്കാണ് ജനിച്ചതെങ്കിലും വളർന്നത് ഉഗാണ്ടയിലെ കമ്പാലയിലാണ്. പഠിച്ചത് ഉഗാണ്ടയിലും ടാൻസാനിയയിലും പെൻസിൽവാനിയയിലും, പഠിപ്പിച്ചത് ന്യൂയോർക്കിലും. സൗത്ത് ആഫ്രിക്കയിലും ന്യൂഡൽഹിയിലും ന്യൂജേഴ്സിയിലും വിസിറ്റിംഗ് പ്രൊഫസർ ആയിരുന്നു. ഇപ്പോഴും കമ്പാല ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയുടെ ചാൻസലർ.

ഇവരുടെ മകൻ സെഹ്റാൻ മാംദാനി ജനിച്ചത് കമ്പാലയിലാണ്. ഏഴുവയസ്സു വരെ ജീവിച്ചത് ദക്ഷിണാഫ്രിക്കയിലെ കേപ്ടൗണിലാണ്. പിന്നീട് പഠിച്ചതും വളർന്നതും ന്യൂയോർക്കിൽ. വിവാഹം കഴിച്ചത് സിറിയൻ ആർട്ടിസ്റ്റായ രാമ ദുവാജിയെയാണ്. റാപ്പറായിരുന്ന ഒരു കരിയർ ഉണ്ട് മാംദാനിക്ക്. അത് ഉപേക്ഷിച്ചാണ് രാഷ്ട്രീയം തെരഞ്ഞെടുത്തത്. ന്യൂയോർക്കിലെ സംസ്ഥാന അസ്സംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെടുമ്പോൾ 29 വയസ്സാണ് പ്രായം. നാലുവർഷത്തിനിപ്പുറം ഡെമോക്രാറ്റിക് പാർട്ടിയുടെ മേയർ സ്ഥാനാർത്ഥിയായി ഇന്നലെ രാത്രി പ്രൈമറി ജയിച്ചു കയറുമ്പോൾ 33 വയസ്സ്. തോൽപ്പിച്ചത് ന്യൂയോർക്ക് സിറ്റിയുടെ മുൻ ഗവർണറും ഡെമോക്രാറ്റിക് പാർട്ടി നേതാവുമായ ആൻഡ്രൂ കോമുവിനെ. അങ്ങനെ എണ്ണം പറഞ്ഞ ന്യൂയോർക്ക് സിറ്റിയുടെ ചരിത്രത്തിൽ ആദ്യമായി ഒരു മുസ്ലിം മേയറായി മത്സരിക്കുന്നു, ഒരു ഇൻഡോ - അമേരിക്കൻ അല്ലെങ്കിൽ ഒരു ഇൻഡോ - ഉഗാണ്ടൻ മേയറായി മത്സരിക്കുന്നു. ഡെമോക്രാറ്റിക്കുകളുടെ അപ്രമാദിത്വം വച്ച് മാംദാനി തന്നെ അമേരിക്കയിലെ ഏറ്റവും വലിയ സിറ്റിയുടെ മേയർ ആകുമെന്നാണ് കരുതപ്പെടുന്നത്.

അപ്പോൾ ചോദ്യം ഇതാണ് - ശരിക്കും ഈ സെഹ്റാൻ മാംദാനി എവിടുത്തുകാരനാണ്?

# ഇരയുടെ കണ്ണിലെ പച്ചകടുവ

ഫീച്ചർ



**സുരേഷ്കുട്ടി**



**നി**ബിഡവനം... ഇളംകാറ്റിൽ തലയാട്ടി നിൽക്കുന്ന മരങ്ങൾക്കിടയിലൂടെ അരിച്ചിറങ്ങുന്ന സൂര്യരശ്മി. അവിടെയൊരു മാൻകൂട്ടം പുൽമേയുന്നു. ശാന്തമായ അന്തരീക്ഷം. എന്നാൽ അവർ അറിഞ്ഞിരുന്നില്ല, തൊട്ടപ്പുറത്തെ പൊന്തക്കാട്ടിൽ ആ വേട്ടക്കാരൻ പതുങ്ങിയിരിപ്പുണ്ടെന്ന്. നമ്മുടെ വേട്ടക്കാരൻ കടുവയാണ്.

മാനുകൾ ചുറ്റും നോക്കുന്നുണ്ട്, പക്ഷേ, തൊട്ടടുത്ത് കടുവ എത്തിയിട്ടും അവ അനങ്ങുന്നില്ല. അതിന്റെ ദേഹത്തെ തീനാളങ്ങൾ പോലുള്ള ഓറഞ്ചുവരകൾ കണ്ടാൽ ആർക്കാണ് തിരിച്ചറിയാൻ കഴിയാത്തത്?

ഒരു നിമിഷം!

ആ ഓറഞ്ചുവരകൾ കാണുന്നത് നമ്മൾ മനുഷ്യർ മാത്രമാണെങ്കിലോ? മാനിന്റെ കണ്ണിൽ ആ ഓറഞ്ചുനിറം കടുംപച്ചയാണെങ്കിലോ?

അതെ, കടുവയുടെ പ്രശസ്തമായ ഓറഞ്ചുനിറം അതിന്റെ ഇരകളെ സംബന്ധിച്ചിടത്തോളം കടുവയുടെ രഹസ്യായുധമാണ്, ഒരു പച്ചപ്പാണ്. പ്രകൃതി ഒരുക്കിയ ഏറ്റവും മികച്ച കമോഫ്ളാഷ്!

നമ്മൾ മനുഷ്യർ 'ട്രൈക്രോമാറ്റുകൾ' (Trichromats) ആണ്. അതായത്, നമ്മുടെ കണ്ണുകളിലെ റെറ്റിനയിൽ മൂന്നുതരം കോൺ കോശങ്ങളുണ്ട്. ചുവപ്പ്, പച്ച, നീല എന്നീ നിറങ്ങളെ തിരിച്ചറിയാൻ സഹായിക്കുന്നവയാണിവ. ഈ മൂന്നു നിറങ്ങളുടെ വ്യത്യസ്തമായ മിശ്രണങ്ങൾ തലച്ചോറിൽവെച്ച് കൂടിച്ചേരുമ്പോഴാണ് നമ്മൾ ലക്ഷക്കണക്കിന് നിറങ്ങളുള്ള ഈ മനോഹരമായ ലോകം കാണുന്നത്. ചുവപ്പും പച്ചയും ചേരുമ്പോൾ ഓറഞ്ചും മഞ്ഞയുമൊക്കെ കാണാൻ നമുക്ക് സാധിക്കുന്നത് ഇതുകൊണ്ടാണ്.

എന്നാൽ കടുവയുടെ പ്രധാന ഇരകളായ മാനുകൾ, കാട്ടുപന്നികൾ, പോത്തുകൾ തുടങ്ങിയ ജീവികളുടെ കാര്യം അങ്ങനെയല്ല. അവ 'ഡൈക്രോമാറ്റുകൾ' (Dichromats) ആണ്. അവരുടെ കണ്ണുകളിൽ രണ്ടുതരം കോൺ കോശങ്ങൾ മാത്രമേയുള്ളൂ - നീലയും പച്ചയും. ചുവപ്പ് നിറം തിരിച്ചറിയാനുള്ള കഴിവ് അവർക്കില്ല. ഇതിനെ ചുവപ്പ്-പച്ച വർണ്ണാന്ധത (Red-Green Color Blindness) എന്ന് ലളിതമായി പറയാം.

അവരുടെ ലോകം എന്നാൽ നീലയുടെയും പച്ചയുടെയും വിവിധ ഷേഡുകൾ മാത്രമാണ്. ചുവപ്പ് നിറമോ ഓറഞ്ച് നിറമോ അവർ കാണുന്നില്ല. പകരം, ആ നിറങ്ങളെല്ലാം പച്ചനിറത്തിന്റെ പല വകഭേദങ്ങളായി മാത്രം കാണുന്നതുകൊണ്ട്, പച്ച ഇലകൾക്കിടയിൽ നിന്ന് അവയെ വേർതിരിച്ചറിയാൻ അവർക്ക് വളരെ പ്രയാസമാണ്.

ഇനി ഒന്നുകൂടി ആ കാട്ടിലെ രംഗം ഓർത്തുനോക്കൂ. പച്ചപ്പട്ടുവിരിച്ച പോലെയുള്ള കാടിന്റെ പശ്ചാത്തലത്തിൽ, ഒരു കടുവ പതുങ്ങുമ്പോൾ നമ്മുടെ ട്രൈക്രോമാറ്റ് കണ്ണുകൾക്ക് അതിന്റെ ഓറഞ്ചുനിറം പെട്ടെന്ന് തിരിച്ചറിയാൻ കഴിഞ്ഞേക്കും. എന്നാൽ മാനിന്റെ ഡൈക്രോമാറ്റ് കണ്ണുകൾക്ക് മുന്നിൽ ആ കാഴ്ചയെങ്ങനെയായിരിക്കും? ചുറ്റുമുള്ള ഇലകളുടെ അതേ പച്ചനിറത്തിൽ ഒരു രൂപം! കടുവയുടെ ദേഹത്തെ കറുത്ത വരകൾ, പുല്ലുകൾക്കിടയിലെയും മരത്തടികൾക്കിടയിലെയും നിഴലുകളായി അവയെ തെറ്റിദ്ധരിപ്പിക്കുന്നു. ഫലമോ? ഇരയുടെ തൊട്ടടുത്തെത്തുന്നതുവരെ അതൊരു പച്ചപ്പുതപ്പു പുതച്ച മരണദൂതനായിരിക്കും. അക്ഷരാർത്ഥത്തിൽ പച്ചയായ കൊലയാളി.

പരിണാമത്തിന്റെ ഒരു വിദ്യയാണിത്. കടുവകൾക്ക് സസ്തനികളായതുകൊണ്ട് രോമങ്ങളിൽ പച്ചനിറം ഉണ്ടാക്കുക എന്നത് ജനിതകപരമായി വളരെ പ്രയാസമാണ്. സങ്കീർണ്ണമായ തന്മാത്രകൾ അതിന് ആവശ്യമാണ്. എന്നാൽ ഓറഞ്ചുനിറം എളുപ്പത്തിൽ ഉണ്ടാക്കാം. അപ്പോൾ പരിണാമം ഒരു കുറുക്കുവഴി കണ്ടെത്തി. ഇരയുടെ കാഴ്ചയിലെ പരിമിതിയെ മുതലെടുക്കുക! ഇരയ്ക്ക് ഓറഞ്ചും പച്ചയും തിരിച്ചറിയാൻ കഴിയില്ലെങ്കിൽ പിന്നെന്തിനാണ് കഷ്ടപ്പെട്ട് പച്ചനിറം ഉണ്ടാക്കുന്നത്? ഓറഞ്ചുനിറം തന്നെ ധാരാളം. അത് മനുഷ്യന്റെ കണ്ണിൽ ഒരു തീഗോളമാണെങ്കിലും മാനിന്റെ കണ്ണിൽ അതൊരു പച്ചിലക്കാടാണ്.

ആ ഓറഞ്ചുനിറം വെറുമൊരു നിറമല്ല, അതിജീവനത്തിനുവേണ്ടി പ്രകൃതിയൊരുക്കിയ ഏറ്റവും സമർത്ഥമായ ഒരു ചതിയുടെ കഥയാണത്. ഇരയുടെ കണ്ണിൽ പൊടിയിട്ട്, മരണത്തിന്റെ നിഴലായി മാറുന്ന ഒരു വേട്ടക്കാരന്റെ കഥ.

**വാരാന്ത്യം**

**നർമ്മം മർമ്മം**



**രാജീവ് പണിക്കർ**



# ഒരുഗ്രൻ കേഡറ്റ്

**അ**ന്നൊന്നും എൽക്കേജിയും യൂക്കേജിയും ഉണ്ടായിരുന്നില്ല. ആകെ അറിയാവുന്ന ഒരു ജി ഗാന്ധിജി ആയിരുന്നു...

ഒന്നും രണ്ടും മൂന്നും ക്ലാസുകളിൽ തറയും പറയും പിന്നെ പനയും ഒക്കെ മാത്രമേ പഠിപ്പിച്ചിരുന്നുള്ളു...

നാലാം ക്ലാസിലെത്തിയപ്പോഴായിരുന്ന ഇംഗ്ളീഷ് പഠിക്കാൻ തുടങ്ങിയത്. പഠിപ്പിക്കാൻ വരുന്നതാകട്ടെ, മികച്ച അധ്യാപകനുള്ള അവാർഡ് നേടിയ അയ്യപ്പൻ കുട്ടി സാറും. അന്നത്തെക്കാലത്ത് ആരും ഒരെതിരും പറയാത്ത വിധം ശിക്ഷാ മുറകളും അടിയും കണ്ണുരുട്ടലുമൊക്കെയായി ശരിക്കും ഒരൊന്നൊന്നര സാറായിരുന്നു അയ്യപ്പൻ കുട്ടി സാർ. ഈയൊരു കാരണം കൊണ്ട് തന്നെ നാലാം ക്ലാസിൽ എത്താതിരുന്നെങ്കിൽ... എന്നായിരുന്നു ഭൂരിഭാഗം കുട്ടികളുടെയും ആഗ്രഹം!

ആദ്യത്തെ ദിവസത്തെ ക്ലാസിൽ തന്നെ ഒരു കുറിയ വടിയുമായിട്ടായിരുന്ന സാർ ക്ലാസിൽ വന്നത്. എല്ലാവരുടെയും പേര് ചോദിച്ച സമയത്ത് അല്പസമയം എന്നെ കൂടുതൽ നോക്കിയില്ലേ എന്ന് എനിക്ക് തോന്നിയത് വെറുതെയായിരുന്നില്ല.

ക്ലാസ് കഴിഞ്ഞ സമയത്ത് ഒളിച്ചുമാറാൻ പറ്റും മുൻപേ തന്നെ സാർ എന്നെ പിടികൂടി. ഇങ്ങേർ എന്നെ കൊന്നത് തന്നെ എന്ന് അകാരണമായി ഭയക്കുന്നതിനിടെ എന്റെ പ്രതീക്ഷകൾക്ക് വിപരീതമായി എന്നോട് ആൾ ഇച്ചിരി മയത്തിൽ പെരുമാറി.

പണ്ടെപ്പോഴോ പുള്ളിയുടെ കാലിൽ വലിയ ഒരു മുറിവ് ഉണ്ടായി. തീരെ അവശനായി ആശുപത്രിയിൽ എത്തിയ പുള്ളിക്കാരന്റെ മുറിവ് വേദനയും അലറിക്കരച്ചിലും തെല്ലും വകവെക്കാതെ ഡ്രസ് ചെയ്ത് പ്രശ്നം പരിഹരിച്ചത് നഴ്സ് ആയ എന്റെ അമ്മ ആയിരുന്നത്രേ. വേദനയുടെ കൂടുതൽ കാരണം ആശുപത്രിയിൽ സുലഭമായി കിട്ടിയിരുന്ന കാർബണേറ്റ് മിക്സ്ചർ അല്പം കൈയിലെടുത്ത് പിന്നീട് നടക്കുമോ എന്ന ഉറപ്പൊന്നും ഇല്ലെങ്കിലും പുള്ളി ഒരൊറ്റ ശപഥം വെച്ചുകൊടുത്തു പോലും!

'നിന്റെ പിള്ളേരെ എന്നെങ്കിലും എന്റെ സ്ക്കൂളില് എന്റെ ക്ലാസില് കിട്ടൂടീ... അന്നിതിന് ഞാൻ പകരം വീട്ടും. അഹ് ശിത് ശത്യം... ശത്യം... അഹ് ഹമ്മയാണേ ശത്യം....'

ആ അവസരം കൈവന്ന രംഗമായിരുന്നു ആദ്യത്തെ ക്ലാസിൽ കണ്ടത്! വേദന മാറിയതു കൊണ്ടാകണം പുള്ളി പ്രതികാരം ഒന്നും വീട്ടാൻ ശ്രമിച്ചില്ല.

കുറച്ചു നാൾ കഴിഞ്ഞ് ഒരു ദിവസം ആൾ എന്നെ ക്ലാസിൽ നിന്ന് വിളിപ്പിച്ചു. പേടിച്ചു വിറച്ച എന്നെ സാർ ബലമായി ഓഫീസ് റൂമിലേക്ക് കൊണ്ടുപോയി മേശകൾക്കിടയിൽ ഒഴിഞ്ഞ ഒരു സ്ഥലത്ത് നിർത്തി. പിന്നെ ഉറക്കെ അലറി.

'അറ്റൻഷൻ!'

ഞാൻ ഒന്നും ചെയ്തില്ല. കാരണം എനിക്ക് ഒരു കുന്തവും മനസ്സിലായില്ല. ആൾ അറ്റൻഷനായി നിൽക്കാൻ എന്നെ പഠിപ്പിച്ചു. പിന്നെ പുറകെ സ്റ്റാൻഡ് അറ്റ് ഈസും പഠിപ്പിച്ചു. പിന്നെ പറഞ്ഞു.

'ഇന്ന് മുതൽ നീ ഒരു സ്കൗട്ട് കേഡറ്റ് ആണ്! വൈകിട്ട് നാലുമണിക്ക് ക്ലാസ് കഴിയുമ്പോൾ അസംബ്ലി നടക്കുന്ന സ്ഥലത്ത് എത്തിക്കോളണം.'

സാർ പറഞ്ഞതിൻ പ്രകാരം നാലു മണിയ്ക്ക് ക്ലാസ് കഴിഞ്ഞ ഞാൻ സ്കൂളിൽ സ്കൗട്ട് പരിശീലിക്കാനായി അസംബ്ലി നടക്കുന്ന സ്ഥലത്തെത്തി.. അന്നത്തെ ഗവണ്മെന്റ് സ്കൂളിലെ ഏതാനും മൂക്കൊലിപ്പന്മാരുടെ കൂടെ മറ്റൊരു മൂക്കൊലിപ്പനായ ഞാനും ലെഫ്റ്റ് റൈറ്റ് പറയാനാരംഭിച്ചു..

ഇതിനിടെ വൈകിട്ട് നാലരയായപ്പോഴേക്കും എന്റെ കൂടെ വീട്ടിലെത്താറുള്ള കസിൻസ് കൃത്യമായി വീട്ടിലെത്തി. ഞാനും അവരോടൊപ്പം സ്കൂൾ വിട്ടിറങ്ങി എന്ന് അവർ തീർത്തു പറഞ്ഞു. അതോടെ എന്നെ, കാണാനില്ല എന്ന് വീട്ടുകാർ ഉറപ്പിച്ചു..

ഒരു മണിക്കൂറോളം എന്നെ നോക്കിയിരുന്ന ശേഷം പലരും പല വഴിക്കും എന്നെ അന്വേഷിച്ച് നടന്ന് അവസാനം സ്കൂളിലേക്കെത്തി...

ഇതിനിടെ സ്കൂളിൽ അറ്റൻഷനും സ്റ്റാൻഡറ്റീസും അടിച്ച് നിന്നിരുന്ന ഞാൻ ഒളികണ്ണാൽ ഒരു മരച്ചുവട്ടിൽ ഒരു വല്യച്ഛന്റെ തല കണ്ടു. പുറകെ പുറകെ മറ്റു വല്യച്ഛൻമാർ, വല്ല്യമ്മമാർ, അമ്മാവൻമാർ, അമ്മായിമാർ, ചേട്ടൻമാർ തുടങ്ങിയവരും പ്രത്യക്ഷപ്പെട്ടു..

ചിലരുടെ കൈയിൽ വഴിയിൽ നിന്ന് ഒടിച്ചെടുത്ത വടികളും മറ്റും കണ്ടതോടെ എന്റെ ശ്രദ്ധ പൂർണമായും സ്കൗട്ടിൽ മാത്രമായി. ഇനിയൊരിക്കലും ഇത് തീരല്ലേ' എന്ന പ്രാർത്ഥനയും തുടങ്ങി.

മൂന്നു നാല് റൗണ്ട് പരേഡ് കഴിഞ്ഞുള്ള ഒരു എബൗട്ടേൺ തിരിഞ്ഞപ്പോൾ അയ്യപ്പൻ കുട്ടിസാർ എന്റെ കുടുംബം മുഴുവൻ കാഴ്ചക്കാരായി നിൽക്കുന്നത് കണ്ടു. എന്നെ അടുത്ത് വിളിച്ച് അവരുടെ അടുത്തേക്ക് കൊണ്ടുപോയി.. പിന്നെ എന്നെ ചേർത്തു പിടിച്ച് അഭിമാനവിജൃംഭിതനായി പറഞ്ഞു..

'ഇവൻ ഒരുഗ്രൻ കേഡറ്റായി മാറും. സ്കൗട്ടിന് ഇവനൊരു മുതൽക്കൂട്ടായിരിക്കും.'

അതായിരുന്നു ലാസ്റ്റ് പരേഡ്!

പണിക്കത്തി അഥവാ പണിക്കരുടെ കത്തി!

---

**സിനിമ കഥ**

# 'ആദ്രിക'



**ബം**ഗാളി സംവിധായകനും, നിർമ്മാതാവും, പ്രശസ്ത ഫോട്ടോഗ്രാഫറുമായ അഭിജിത്ത് ആദ്യയുടെ പ്രഥമ മലയാള ചിത്രമാണ് 'ആദ്രിക'.

ആദ്രിക എന്ന ടൈറ്റിൽ കഥാപാത്രമായെത്തുന്നത് പ്രശസ്ത ബോളിവുഡ് താരം നിഹാരിക റൈസാദയാണ്. ഉസ്താദ് സുൽത്താൻ ഖാൻ, കെ. എസ്. ചിത്ര എന്നിവർ ആലപിച്ച് ഹിന്ദിയിൽ ഏറെ ഹിറ്റായ 'പിയ ബസന്ദി' എന്ന ആൽബത്തിലൂടെ എത്തിയ ഐറിഷ് താരം ഡൊണോവൻ വോഡ്ഹൗസ് ആണ് ചിത്രത്തിൽ വില്ലനായെത്തുന്നത്. ഐറിഷിലെ പ്രമുഖ ഛായാഗ്രാഹനും, ചലച്ചിത്ര നിർമാതാവും കൂടിയാണ് ഡൊണോവൻ. പ്രമുഖ മോഡലും മലയാളിയുമായ അജ്ജുമൽന ആസാദ് ആണ് ചിത്രത്തിലെ മറ്റൊരു നായിക.

ദി ഗാരേജ് ഹൗസ് പ്രൊഡക്ഷൻ, യു.കെയോടൊപ്പം മാർഗരറ്റ് എസ്.എ എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്. സംവിധായകൻ അഭിജിത്ത് തന്നെയാണ് ഈ സർവൈവൽ ത്രില്ലർ ചിത്രത്തിന്റെ കഥയും തിരക്കഥയും തയാറാക്കിയിരിക്കുന്നത്. ജയകുമാർ തങ്കവേലാണ് ചിത്രത്തിന്റെ ഛായാഗ്രാഹകൻ. അശോകൻ പി.കെ ആണ് ചിത്രത്തിന്റെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസറും പ്രൊജക്ട് ഡിസൈനറും. എഡിറ്റർ: ദുർഗേഷ് ചൗരസ്യ. അസോസിയേറ്റ് ഡയറക്ടർ: കപിൽ ജെയിംസ് സിങ്. അസിസ്റ്റന്റ് ഡയറക്ടർസ് സുജീഷ് ശ്രീധർ, ജാൻവി ബിശ്വാസ്. മ്യൂസിക്: സർത്തക് കല്യാണി. ആർട്ട്: വേണു തോപ്പിൽ. മേക്കപ്പ്: സുധീർ കുട്ടായി. ഡയലോഗ്സ്: വിനോദ് നാരായണൻ. കളറിസ്റ്റ്: രാജീവ് രാജകുമാരൻ. സൗണ്ട് ഡിസൈൻ: ദിവാകർ ജോജോ. പ്രമോഷൻ മാനേജർ ഷൗക്കത്ത് മാജിക് ലാബ്. റിലീസ് മാർക്കറ്റിംഗ് മാജിക് ലാബ് പ്രൊഡക്ഷൻ ഹൗസ്.





KERALA EXPRESS പ്രവാസി താളുകൾ

# കെസിവൈഎൽ ചിക്കാഗോ സ്റ്റോൺഗേറ്റ് പാർക്കിൽ പിക്കിൾബോൾ സംഘടിപ്പിച്ചു

ഷാജി പള്ളിവീട്ടിൽ

ചിക്കാഗോ: ക്നാനായ കാത്തലിക് യൂത്ത് ലീഗ് (കെസിവൈഎൽ) ചിക്കാഗോയിൽ, ഇല്ലിനോയിലെ നോർത്ത് ബ്രൂക്കിലെ സ്റ്റോൺഗേറ്റ് പാർക്കിൽ ഏകദേശം 25 യുവ അംഗങ്ങളുടെ പങ്കാളിത്തത്തോടെ ഊർജസ്വലവും ആകർഷകവുമായ ഒരു പിക്കിൾബോൾ ഗെയിം ഡേ സംഘടിപ്പിച്ചു. സമൂഹത്തിലെ യുവാക്കൾക്ക് ഒത്തുചേരാനും കായികം പഠിക്കാനും പുറത്ത് സജീവമായ ഒരു ദിവസം ആസ്വദിക്കാനുമുള്ള ആവേശകരമായ അവസരമായി ഈ പരിപാടി മാറി, തുടക്കക്കാരായാലും പരിചയസമ്പന്നരായ കളിക്കാരായാലും എല്ലാവരും വിനോദത്തിൽ പങ്കുചേർന്നു. ദിവസം മുഴുവൻ ടീം വർക്കുകളും സൗഹൃദവും വളർത്തിയെടുത്തു. ചിക്കാഗോയിലെ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ (കെസിഎസ്) എക്സിക്യൂട്ടീവ് അംഗങ്ങളും സന്നിഹിതരായിരുന്നു. വേദി ഒരുക്കുന്നതിലും സംഘാടകസംഘത്തെ പിന്തുണയ്ക്കുന്നതിലും അവർ നല്കിയ സഹായം പരിപാടിയുടെ സുഗമമായ നടത്തിപ്പിന് നിർണായക പങ്കുവഹിച്ചു.



“ഞങ്ങൾക്കെല്ലാവർക്കും ഇത് ശരിക്കും ഒരു അത്ഭുതകരമായ അനുഭവമായിരുന്നു.” പങ്കെടുത്ത യുവാക്കളിൽ ഒരാൾ പറഞ്ഞു. “ഞങ്ങൾ ആസ്വദിച്ചു. പുതിയ എന്തെങ്കിലും പരീക്ഷിച്ചു ഒരു പുതിയ സമൂഹമെന്ന നിലയിൽ ഐക്യപ്പെട്ടു.”

ജൂബിൻ വെട്ടിക്കാട്ടും ടോം തോമസും ഒന്നാം സ്ഥാനം നേടി. അഡ്രിയാനും ആൽബർട്ട് അകശാലയും രണ്ടാം സ്ഥാനവും ടോബി ജോർജിനൊപ്പം സനൽ കദളി മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

# ഓർമ ഇന്റർനാഷണൽ സെലിബ്രേഷൻസ് കൗൺസിൽ നിലവിൽ വന്നു

പി.ഡി. ജോർജ് നടവയൽ

ഫിലാഡൽഫിയ: പുരോഗമനാത്മക ജനാധിപത്യത്തിന്റെ ദീപസ്തംഭം എന്ന നിലയിൽ കീർത്തികേട്ട, അമേരിക്കൻ ജനാധിപത്യ ഭരണസംവിധാനത്തിലേക്ക്, വഴികാട്ടിയായ അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ (യുണൈറ്റഡ് സ്റ്റേറ്റ്സ് ഡിക്ലറേഷൻ ഓഫ് ഇൻഡിപെൻഡൻസ്) ഇരുനൂറ്റി അമ്പതാം വാർഷികാഘോഷങ്ങളിൽ പങ്കാളികളാകുവാൻ ഓർമ ഇന്റർനാഷണൽ സെലിബ്രേഷൻസ് കൗൺസിൽ നിലവിൽ വന്നു.




അമേരിക്കൻ ദേശീയതയിൽ അമേരിക്കൻ മലയാളികളുടെ ഗുണാത്മക സംഭാവനകളെ മിഴിവുറ്റതാക്കി ഉയർത്തിക്കാണിക്കുക എന്ന ദൗത്യമാണ് ഓർമ ഇന്റർനാഷണൽ സെലിബ്രേഷൻസ് കൗൺസിൽ നിർവഹിക്കുക.

കോട്ടർ മില്ലെനിയം, സെമികിൂൻ സെന്റനിയൽ, ബൈസെസ്ക്വ സെന്റനിയൽ, സെസ്റ്റർ സെന്റനിയൽ എന്നിങ്ങനെ വിവിധ പേരുകൾ ഉള്ള ‘അമേരിക്ക 250 വാർഷികാഘോഷങ്ങൾ’ മൂർദ്ധന്യത്തിൽ എത്തുന്ന ജൂലൈ 4, 2026 വരെ ഓർമ ഇന്റർനാഷണൽ സെലിബ്രേഷൻസ് കൗൺസിൽ അണമുറിയാതെ വിവിധ സോഷ്യൽ പ്ലാറ്റ്ഫോമുകളിലും അരങ്ങുകളിലും വേദികളിലും എണ്ണംപറഞ്ഞ അമേരിക്കൻ മലയാളികളുടെ അമേരിക്കൻ ജീവിത സംഭാവനകളെ ഹൈലൈറ്റ് ചെയ്യും. ഫിനാലെയിൽ കലാസന്ധ്യയും അവാർഡ് നിശയും നടത്തും. അമേരിക്കൻ മലയാളികളിലെ ഒന്ന്, രണ്ട്, മൂന്ന്, നാല് തലമുറകളിലെ പ്രഗത്ഭരുടെ പ്രാഭവത്തെ ദീപ്തമാക്കും.

ജോർജ് നടവയൽ (ചെയർമാൻ), ഓർമാ ഇന്റർനാഷണൽ ഭാരവാഹികളായ ജോസ് ആറ്റുപുറം (ട്രസ്റ്റി ബോർഡ് ചെയർമാൻ), സജി സെബാസ്റ്റ്യൻ (പ്രസിഡണ്ട്), പിന്റോ കണ്ണമ്പള്ളി (വൈസ് പ്രസിഡണ്ട്), ക്രിസ്റ്റി ഏബ്രഹാം (ജനറൽ സെക്രട്ടറി), റോഷിൻ പ്ലാമൂട്ടിൽ (ട്രഷറർ), മെർലിൻ മേരി അഗസ്റ്റിൻ (പിആർഒ), വിൻസന്റ് ഇമ്മാനുവേൽ (പബ്ലിക് അഫയേഴ്സ് ചെയർ), ജോസഫ് കുന്നേൽ (ലീഗൽ കൗൺസിൽ ചെയർ), ജോസ് തോമസ് (ടാലന്റ് പ്രൊമോഷൻ ഫോറം ചെയർ), ജോ തോമസ് (ബിസിനസ് ബിഗ് വിഗ്), ജോവിൻ ജോസ് (ചീഫ് ഡെപ്യൂട്ടി ഡിസ്ട്രിക്ട് അറ്റേണി, ചീഫ് ഓഫ് സ്പെഷ്യൽ ഇൻ ഇൻവെസ്റ്റിഗേഷൻസ്-മേജർ ക്രൈം യൂണിറ്റ്സ്, ചീഫ് ഓഫ് ഗ്രാൻഡ് ജൂറി), അനീഷ് ജെയിംസ് (ബിസിനസ് കൺസൾട്ടന്റ്), പ്രശസ്ത നർത്തകി നിമ്മി ദാസ് (നൃത്തവർഷിണി അവാർഡ് ഫെയിം), ഷൈലാ രാജൻ (ഓർമാ ഇന്റർനാഷണൽ ഫിലാഡൽഫിയ ചാപ്റ്റർ പ്രസിഡണ്ട്) എന്നിവരാണ് കൗൺസിൽ അംഗങ്ങൾ.

രാഷ്ട്രീയ ഭരണ സാരഥികൾ, സാമൂഹികസംഘടനാ പ്രവർത്തകർ, ആത്മീയ പ്രചോദകർ, വിദ്യാഭ്യാസ വിദഗ്ധർ, കലാകാരന്മാർ, എഴുത്തുകാർ, സിനിമാ കലാകാരന്മാർ, കായിക താരങ്ങൾ, ശാസ്ത്രജ്ഞർ, ഉയർന്ന വിജയം നേടിയ വിദ്യാർത്ഥികൾ, നേഴ്സുമാർ, അദ്ധ്യാപകർ, ഡോക്ടർമാർ, ബിസിനസുകാർ, പത്രപ്രവർത്തകർ എന്നിങ്ങനെ വിവിധ രംഗങ്ങളിൽ ശോഭിച്ച അമേരിക്കൻ മലയാളി വ്യക്തിത്വങ്ങളെയും അവർ പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനങ്ങളെയും കേന്ദ്രീകരിച്ചാണ് പരിപാടികൾ ക്രമപ്പെടുത്തുക.

# ഫ്ളൈറ്റ്



ജെയിംസ് ചെട്ടിയാത്ത്

കിഴക്ക് ഉദിക്കുന്നു സൂര്യദേവൻ
കാർമേഘങ്ങളാൽ കാണാൻ കഴിയുന്നും ഇല്ലാ
ഈലോകവാസം നീ വിട്ടുപിരിഞ്ഞെങ്കിലും
നിന്നെ ഞാൻ കാണുന്നു എൻ മനസ്സിൻ ഉള്ളിൽ
ആറടി മണ്ണിലെ മാർബിളിൽ നിൻചിത്രം
ജീവൻ തുടിക്കുന്നപോലെയാണ് എപ്പോഴും
ബന്ധുക്കൾ മിത്രങ്ങൾ വന്നു നമിക്കുന്നു
പേരകിടാങ്ങൾ മുത്തം കൊടുക്കുന്നു
പോയദിനത്തിൽ കണ്ടു ഞാൻ സ്വപ്നത്തിൽ
പറക്കുന്ന വെള്ളപ്രാവിന്റെ കൂട്ടത്തിൽ
അവിടെയും മഞ്ഞ പട്ടുടുത്തു നീ
നിന്നുടെ ചുറ്റിലും വെള്ളയുടുത്തവർ
സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ ആരെല്ലാം കാണും
സ്വന്തക്കാർ വീട്ടുകാർ എല്ലാരും കാണും
നീ ഇല്ലാ ജീവിതം ക്ലേശമാണെങ്കിലും
വീട്ടുകാര്യങ്ങൾ ഞാൻ തന്നെ ചെയ്തീടും
നമ്മുടെ കൂട്ടുകാർ ഓരോന്നായി പൊഴിയുന്നു
പുലർകാല പത്രത്തിൽ ഫോട്ടോ സഹിതം
എന്നുടെ ഊഴം നാഥന്റെ നിശ്ചയം
അപ്പോൾ ഞാൻ എത്തും കിട്ടുന്ന ഫ്ളൈറ്റിൽ.

# ട്രൈസ്റ്റേറ്റ് ഓണാഘോഷം – ഹോസ്പിറ്റാലിറ്റി വോളന്റിയേഴ്സിന് വേണ്ടി ഓണക്കോടി വിതരണം

സുമോദ് തോമസ് നെല്ലിക്കാല

ഫിലാഡൽഫിയ: ട്രൈസ്റ്റേറ്റ് കേരളാ ഫോറം ഓണാഘോഷവുമായി ബന്ധപ്പെട്ട് ട്രൈസ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി വിഭാഗത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മനോഹരമായ ഓണക്കോടി എത്തിച്ചേർന്നതായി പ്രോഗ്രാം കോ-ഓർഡിനേറ്റർ വിൻസെന്റ് ഇമ്മാനുവേൽ അറിയിച്ചു. ഓണസദ്യയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാനാഗ്രഹിക്കുന്നവർക്കാണ് ഓണക്കോടികൾ സമ്മാനിക്കുക.

ട്രൈസ്റ്റേറ്റ് ഏരിയയിലെ മുഴുവൻ മലയാളികളെയും ഒന്നിച്ചൊരു കുടകീഴിൽ അണിനിരത്തികൊണ്ടു ട്രൈസ്റ്റേറ്റ് കേരളാ ഫോറം അവതരിപ്പിക്കുന്ന ഓണാഘോഷ പരിപാടിയിൽ മെഗാ തിരുവാതിര, വിഭവ സമൃദ്ധമായ ഓണസദ്യ, മാവേലിയെ ഹെലികോപ്റ്ററിൽ എഴുന്നള്ളത്ത്, ചെണ്ടമേളം, ഗാനമേള എന്നിവകൊണ്ട് മുൻകാലങ്ങളിൽ ദേശീയതലത്തിൽ ജനശ്രദ്ധ നേടിയിട്ടുള്ള ട്രൈസ്റ്റേറ്റ് കേരളാ ഫോറം ഓണാഘോഷ പരിപാടിയിൽ ഇത്തവണ ആഗസ്റ്റ് 23-നു ആണ് ഫിലാഡൽഫിയയിൽ അരങ്ങേറുക.



സ്പാർക് ഓഫ് കേരളാ എന്റർടൈൻമെന്റിന്റെ താരങ്ങളും പിന്നണി ഗായകരും ടികെഎഫ് ഓണാഘോഷ പരിപാടികൾക്ക് കൊഴുപ്പേകും.

കൂടുതൽ വിവരങ്ങൾക്ക്: ബിനു മാത്യു- 267 893 9571 (ചെയർമാൻ), സാജൻ വർഗീസ്- 215 906 7118 (ജനറൽ സെക്രട്ടറി), ജോർജ് ഓലിക്കൽ- 215 873 4365 (ട്രഷറർ), അഭിലാഷ് ജോൺ- 267 701 3623 (ഓണാഘോഷ ചെയർമാൻ), വിൻസെന്റ് ഇമ്മാനുവേൽ- 215 880 3341 (പ്രോഗ്രാം കോ-ഓർഡിനേറ്റർ), അരുൺ കോവാട്ട്- 215 681 4472 (പ്രോഗ്രാം പ്രൊഡ്യൂസർ), രാജൻ സാമുവേൽ- 215 435 (കേരളാ ഡേ ചെയർമാൻ) എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്.

# വി.എസ്. ജോയിയുടെ രാഷ്ട്രീയ മാന്യത



കുര്യൻ ഫിലിപ്പ്

നിലമ്പൂരിലെ ജയപരാജയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ രാഷ്ട്രീയ പാർട്ടികളും മാധ്യമങ്ങളും നടത്തുമ്പോൾ ശ്രദ്ധിക്കപ്പെടേണ്ട ഒരു പേരാണ് വി.എസ്. ജോയ്. ആര്യാടൻ ഷൗക്കത്തിന്റെ വിജയത്തിനു പിന്നിൽ പല കാരണങ്ങൾ ഉണ്ടെങ്കിലും ഏറ്റവും പ്രധാനപ്പെട്ട കാരണമായി ഞാൻ കാണുന്നത് വി.എസ്. ജോയിയുടെ സൗമ്യമായ പ്രതികരണങ്ങളും പെരുമാറ്റങ്ങളും പ്രവർത്തനവുമാണ്. ഒരു പൊളിറ്റിക്കൽ ജന്റിൽമാൻ സ്പിരിറ്റ് നിലനിർത്തി ഉപതെരഞ്ഞെടുപ്പിന് നേതൃത്വം കൊടുക്കുമ്പോൾ തനിക്കു നഷ്ടപ്പെട്ട സീറ്റ് പാർട്ടിക്ക് നഷ്ടപ്പെടരുത് എന്നുള്ള നിശ്ചയദാർഢ്യം ഇദ്ദേഹത്തിനുണ്ടായിരുന്നു. ദി പെന്തെക്കോസ്ത് മിഷൻ (ടിപിഎം) ചർച്ചിന്റെ അംഗമായ ജോയി കെ.എസ്.യുവിന്റെ സംസ്ഥാന




പ്രസിഡണ്ട് ആയിരിക്കുമ്പോൾ ആ സഭയിലെ ഒരംഗം എന്നോട് പറഞ്ഞത് ഞാൻ ഓർക്കുന്നു: 'ഞങ്ങളുടെ ജോയ്മോൻ ഒരു മാന്യനാണ്.'

ഉപതെരഞ്ഞെടുപ്പ് ചർച്ചകൾ തുടങ്ങിയപ്പോൾ മുതൽ കോൺഗ്രസിന്റെ സ്ഥാനാർത്ഥിപ്പട്ടികയിൽ ഡി.സി.സി പ്രസിഡണ്ട് കൂടിയായ വി.എസ്. ജോയിയുടെ പേരുണ്ടായിരുന്നു. എന്നാൽ,



ചർച്ചകൾ പുരോഗമിച്ചപ്പോൾ ആര്യാടൻ ഷൗക്കത്തിന് നറുക്ക് വീണു. അതിന് നേതൃത്വത്തിനു മുന്നിൽ ഒരുപാട് കാരണങ്ങൾ ഉണ്ടായിരുന്നു.

മുസ്‌ലിം ഭൂരിപക്ഷമുള്ള മലപ്പുറം പോലൊരു ജില്ലയിൽ പെന്തെക്കോസ്ത് വിശ്വാസിയായ ജോയിക്ക് മത്സരിക്കാൻ മറ്റൊരു മണ്ഡലം ഇല്ലായിരുന്നു. ആരും പൊട്ടിത്തെറിക്കാവുന്ന സാഹചര്യം. അവിടെയാണ് വി.എസ്. ജോയി എന്ന യുവനേതാവ് വ്യത്യസ്തനായത്.

ഷൗക്കത്തിന്റെ സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ച അടുത്ത നിമിഷം ജോയി നടത്തിയ പ്രതികരണം ഏതൊരു പാർട്ടി പ്രവർത്തകനും മാതൃകയാണ്. "പാർട്ടി തീരുമാനം അംഗീകരിക്കുന്നു. നിലമ്പൂരിലെ വിജയത്തിനായി പ്രവർത്തിക്കും. ഈ തെരഞ്ഞെടുപ്പിൽ മാത്രമല്ല, ഒരു ആയിരം തെരഞ്ഞെടുപ്പിൽ സീറ്റ് നിഷേധിച്ചാലും ഒരു



വാക്കു കൊണ്ടോ ഒരു നോക്കു കൊണ്ടോ കോൺഗ്രസ് പാർട്ടിയെ പ്രതിസന്ധിയിലാക്കുന്ന, പ്രവർത്തകരെ വേദനിപ്പിക്കുന്ന ഒരു പ്രവർത്തനവും എന്റെ ഭാഗത്തുനിന്ന് ഉണ്ടാകില്ല." ഈ പ്രതികരണം നടത്തിയശേഷം പിന്നെ കാണുന്നത് ഷൗക്കത്തിന്റെ പോസ്റ്റർ ഒട്ടിച്ച് പ്രചാരണത്തിനു തുടക്കം കുറിക്കുന്ന ജോയിയെയാണ്.

പിന്നീടങ്ങോട്ടുള്ള ദിവസങ്ങളിൽ വിശ്രമമില്ലാത്ത ഓട്ടത്തിലായിരുന്നു ജോയി. തെരഞ്ഞെടുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിച്ച് കളംനിറഞ്ഞ് നിന്ന ജോയിക്ക് ഷൗക്കത്തിന്റെ ജയം ആയിരുന്നു ഏകലക്ഷ്യം.

നിലമ്പൂരിനും ജോയിയുടെ പ്രവർത്തനം പുതിയ കാഴ്ചയായിരുന്നു. പരസ്പരം ആശ്ലേഷിച്ച് ഉമ്മവെക്കുന്ന ഷൗക്കത്തിനെയും ജോയിയെയും ആണ് കേരളം കണ്ടത്. അഭിമാനം കാത്ത വിജയംകൊണ്ട് പാർട്ടിക്കാരുടെയാകെ ആത്മവിശ്വാസം നേടിയ നിലമ്പൂരിലെ ഈ ജോയി മോഡൽ വലിയ ആശ്വാസമാണ്.

സ്വന്തം അധികാരത്തിനു വേണ്ടിയും അധികാരം നിലനിർത്തുന്നതിനു വേണ്ടിയും സഭയെയും സംഘടനകളെയും പിളർത്തുന്നവർക്ക് ജോയി എന്നും ഒരു മാതൃകയായിരിക്കും.

# ചെങ്ങന്നൂർ അസോസിയേഷൻ ഫിലാഡൽഫിയയ്ക്ക് വർണ്ണോജ്വല തുടക്കം

ഷിബു മാത്യു:

ഫിലാഡൽഫിയ: ഫിലാഡൽഫിയയുടെ വിവിധ ഭാഗങ്ങളിൽ അധിവസിക്കുന്ന ചെങ്ങന്നൂർ നിവാസികളുടെ ചിരകാല സ്വപ്നമായിരുന്ന ചെങ്ങന്നൂർ അസോസിയേഷന്റെ (CAP) പ്രവർത്തനോദ്ഘാടനം ജൂൺ 21-ന് ശനിയാഴ്ച രാവിലെ 11-ന് കാസ്സി റെസ്റ്റോറന്റിൽ വെച്ച് വർണ്ണോജ്വലമായി നടത്തപ്പെട്ടു.

ഷിബു വർഗീസ് കൊച്ചുമഠത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫിലാഡൽഫിയ മലയാളികൾക്ക് സുപരിചിതനും ഫിലാഡൽഫിയയിലെ സീനിയർ വൈദികനുമായ ഫാ. ചാക്കോ പുന്നൂസ് നിറഞ്ഞ സദസ്സിനെ സാക്ഷിയാക്കി പ്രാർത്ഥനയോടുകൂടി ഭദ്രദീപം തെളിച്ചുകൊണ്ട് ഉദ്ഘാടന കർമ്മം നിർവഹിച്ചു. ആലപ്പുഴ ജില്ലയിൽ ഉൾപ്പെട്ട ചെങ്ങന്നൂർ എന്ന പട്ടണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ ചരിത്രത്തെക്കുറിച്ചും അമേരിക്കയിൽ ചെങ്ങന്നൂർ നിവാസികളുടെ കൂട്ടായ്മകളുടെ ആവശ്യകതയെയും പ്രാധാന്യത്തെയും കുറിച്ച് പുന്നൂസ് അച്ചൻ വളരെ വിശദമായി വ്യക്തമാക്കി. അമേരിക്കയുടെ വിവിധ ഭാഗങ്ങളിലുള്ള ചെങ്ങന്നൂർ നിവാസികൾ



എല്ലാവരും ഒത്തുചേരുന്ന ഒരു വലിയ കൂട്ടായ്മയായി ഭാവിയിൽ ഇതു വളർന്നു പന്തലിക്കട്ടെയെന്ന് അദ്ദേഹം ആശംസിച്ചു. പ്രോഗ്രാമിന്റെ എംസിയായി രാജു ശങ്കരത്തിൽ പരിപാടിയുടെ മാറ്റു കൂട്ടി.

ജോർജ് കുര്യൻ, ബെന്നി മാത്യു, സതീഷ് കുരുവിള, കോശി ഡാനിയേൽ, സക്കറിയ തോമസ്, ജോസ് സക്കറിയ, ജെസ്സി മാത്യു, വർഗീസ് ജോൺ, തോമസ് സാമുവൽ, അനിൽ ബാബു എന്നിവർ ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു.

ചെങ്ങന്നൂർ അസോസിയേഷൻ വനിതാ വിഭാഗത്തിന്റെ ഉദ്ഘാടനവും തദവസരത്തിൽ നടത്തപ്പെട്ടു. ജെസ്സി മാത്യു, മിനി കോശി, സുനു വർഗീസ്, ആനി സക്കറിയ എന്നിവരെ വനിതാ കോ-ഓർഡിനേറ്റേഴ്സായി യോഗം തെരഞ്ഞെടുത്തു. മാത്യൂസ് ടി. വർഗീസ്, ജോയൽ സതീഷ്, ഏഞ്ചലീന മാത്യു എന്നിവരുടെ നേതൃത്വത്തിൽ യൂത്ത് വിംഗ് കോ-ഓർഡിനേറ്റേസ് ടീമും രൂപംകൊണ്ടു. അസോസിയേഷൻ സെക്രട്ടറി ഷിബു മാത്യു നന്ദിപ്രകാശനം നടത്തി.

അനാവശ്യമായ പണപ്പിരിവുകൾ ഒഴിവാക്കി ഓരോ മാസവും എല്ലാവരും ഒരുമിച്ചുകൂടി സൗഹൃദം പങ്കിടുന്ന ഒരു സൗഹൃദ മീറ്റിംഗ് എന്ന രീതിയിൽ പരിപാടികൾ ക്രമീകരിക്കുവാൻ യോഗത്തിൽ ധാരണയായി.

ഉദ്ഘാടന സമ്മേളനത്തിന്റെ വൻവിജയം ചെങ്ങന്നൂർ നിവാസികളായ ഏവരുടെയും ആത്മാർത്ഥമായ കൂട്ടായ പ്രവർത്തനത്തിന്റെ പരിണിത ഫലമാണെന്ന് ഏവരും ഒന്നടങ്കം വിലയിരുത്തി. വിഭവസമൃദ്ധമായ ഉച്ചഭക്ഷണത്തോടു കൂടി യോഗം മംഗളമായി പര്യവസാനിച്ചു.

# IN LOVING MEMORY OF REV. FR. PUNNOOSE ABRAHAM KALLENPARAMBIL (1950 – 2025)

**AYUB MOR SILVANOS**

It is with deep sorrow, yet with enduring gratitude, that we remember the life and legacy of Rev. Fr. Punnoose Abraham Kallenparambil, a devoted servant of God, who entered into eternal rest at the age of 75.

Born into a devout Knanaya family in Ranny, Kerala, on March 5, 1950, Fr. Punnoose was nurtured in the rich spiritual traditions of the Kallenparambil family. His home parish was St. Thomas Knanaya Valiya Pally, Ranny, though he was most closely associated with St. Thomas Kurishpally, Mannamaruthy, where he actively participated in parish life from a young age.

On January 1, 1978, he married Nirmala Joseph, daughter of the late Commander Abraham Joseph Vazhayil and Susan Abraham. Shortly thereafter, on February 17, 1978, he migrated to North America, settling in the Boston area where he worked as a computer engineer. Together, they were blessed with three children: Ashok Abraham, Sarah Abraham, and Mekha Abraham.

Deeply committed to the heritage and traditions of the Knanaya Community, Fr. Punnoose played a pivotal role, along with many others, in the growth and establishment of the North American Knanaya Community. Responding to God's call to the priesthood, he was ordained on January 9, 1996, by the late lamented H.E. Mor Clemis Abraham, Chief Metropolitan of the East. For nearly three decades, he served as a clergyman in the Syriac Orthodox Church of Antioch with humility, wisdom, and unwavering dedication, demonstrating steadfast allegiance and obedience to the Holy Throne of Antioch. He has been safeguarding the portion of the holy relics of Saint Moran Mor Ignatius Elias III, Patriarch of Antioch and All the East, which were entrusted to his family by His Holiness.

Fr. Punnoose's priestly ministry was marked by a compassionate spirit, a reconciliatory heart, and an exceptional gift for organization. He served the Community in various capacities, including as Vicar General of the North American Knanaya Community (NAKC), President




Rev. Fr. Punnoose Abraham Kallenparambil

and Vice President of the North American Knanaya Association, and Convenor of the NAKC Conventions. He also served faithfully as Assistant Vicar and later as Vicar of several parishes, including St. Stephen's Knanaya Church in Maynard, Massachusetts, and St. Mary's Knanaya Church in Hartford, among others.

His tireless efforts toward building unity and preserving the identity of the Knanaya faithful in North America will be long remembered. Particularly notable was his pivotal role in the establishment, growth, and renovation of St. Stephen's Knanaya Church, Maynard, a spiritual home for many in the Boston area.

Though our hearts are heavy with grief, we rejoice in the hope that he now rests in the eternal peace of the Lord whom he served so faithfully. St. Ephrem the Syrian reminds us: "Blessed is the priest who has become a pure sacrifice; his offering is accepted, and he is welcomed into the heavenly sanctuary." (Hymns on Paradise)



Ayub Mor Silvanos

May his life continue to inspire generations to come. We prayerfully entrust him to the mercy of our Savior, longing to hear the words: "Well done, good and faithful servant... enter into the joy of your Lord." (St. Matt. 25:23). Let us pray to God: "O Lord, grant rest to Your servant, who kept vigil before Your altar. May he now find rest in the bosom of Abraham, Issac and Jacob and may the holy Qurbano he offered speak on his behalf."

Go in peace, dearly beloved Achen. May our Lord receive you into the blessed mansions of heaven. Go in peace…..Go in peace…..





# ഫൊക്കാന ന്യൂയോർക്ക് മെട്രോ ചാരിറ്റി ക്രിക്കറ്റ് ബാഷ് 2025 ന്യൂയോർക്ക് ഫീനിക്സ് ക്രിക്കറ്റ് ക്ലബിന്

**ലാജി തോമസ്**

ന്യൂയോർക്ക്: ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയന്റെ നേതൃത്വത്തിൽ ജൂൺ 21-ന് ശനിയാഴ്ച ക്യൂൻസ് കന്നിഹാം പാർക്കിൽ വെച്ച് നടത്തപ്പെട്ട ചാരിറ്റി ക്രിക്കറ്റ് ബാഷ് 2025 ന്യൂയോർക്ക് ഫീനിക്സ് ജേതാക്കളായി. ഫിലാഡൽഫിയ മച്ചാൻസ് റണ്ണർ അപ്പായി തെരഞ്ഞെടുക്കപ്പെട്ടു. വാശിയേറിയ ഫൈനൽ കാണുവാനും ഗ്രാൻഡ് ഫിനാലയിൽ പങ്കെടുക്കാനുമായി വിവിധ സ്ഥലങ്ങളിൽ നിന്നും അഞ്ഞൂറിൽപ്പരം ആൾക്കാർ പങ്കെടുക്കുകയുണ്ടായി. അത്യന്തം ഉത്സാഹത്തോടെയാണ് ഏവരും ഇതിൽ പങ്കെടുത്തത്.

ഗോപികൃഷ്ണൻ (ഫീനിക്സ് ന്യൂയോർക്ക്) മാൻ ഓഫ് ദി മാച്ചും ബെസ്റ്റ് ബാറ്റ്സ്മാൻ ആയും തെരഞ്ഞെടുക്കപ്പെട്ടു. ബെസ്റ്റ് ബൗളർ ആയി സനോഷ് സാമുവൽ സണ്ണിയും (ഫില്ലി മച്ചാൻസ്) തെരഞ്ഞെടുക്കപ്പെട്ടു.

ടൂർണമെന്റ് രജിസ്ട്രേഷന് ലഭിച്ച തുക കോട്ടയത്തുള്ള ഹീരാം ചാരിറ്റബിൾ ട്രസ്റ്റ് (സെന്റർ ഫോർ ഡിഫറന്റ്‌ലി ഏബിൾഡ്) കൂടാതെ അമേരിക്കയിലുള്ള റൊണാൾഡ് മെക്ഡോണാൾഡ് ഹൗസ് ഓഫ് ലോങ് ഐലൻഡ് ചാരിറ്റി പ്രവർത്തനങ്ങൾക്ക് കൈമാറി.

വിജയിയായ ഫീനിക്സ് ന്യൂയോർക്കിന് ട്രോഫിയും കുട്ടനാടൻ റെസ്റ്റോറന്റ് സ്പോൺസർ ചെയ്ത ആയിരം ഡോളറും കാഷ് അവാർഡും കൈമാറി. റണ്ണേഴ്സ് അപ്പ് കരസ്ഥമാക്കിയ ഫില്ലി മച്ചാൻസിന് ട്രോഫിയും രാജ് ഓട്ടോ സെന്റർ സ്പോൺസർ ചെയ്ത അഞ്ഞൂറ് കാഷ് അവാർഡും നല്കുകയുണ്ടായി. ട്രോഫികൾ സ്പോൺസർ ചെയ്തത് തോമസ് പാലത്തറ തോമസ് (ഡെയ്സി ട്രോഫി വേൾഡ്) ആണ്.

ഈ ടൂർണമെന്റിന്റെ ഇവന്റ് മാനേജ് ചെയ്തത് ഇവന്റ് ഗ്രാം (ജോജോ കൊട്ടാരക്കര) ആണ്. ഗ്രാൻഡ് സ്പോൺസർ ഇൻഡക്സ് വെൽത്ത് സൊല്യൂഷൻസ് ഐഎൻസി തോമസ് ടി. സക്കറിയായാണ്.

സപ്പോർട്ട് ചെയ്ത എല്ലാ സ്പോൺസർമാർക്കും വന്നു പങ്കെടുത്ത ഏവർക്കും ഫൊക്കാന മെട്രോ റീജിയണൽ കമ്മിറ്റിയുടെ നന്ദിയും സ്നേഹവും അറിയിക്കുന്നതായി റീജിയണൽ വൈസ് പ്രസിഡണ്ട് ലാജി തോമസ് അറിയിച്ചു.

# എസ്ബി & അസംപ്ഷൻ കോളജ് അലുംമ്നി അസോസിയേഷൻ നോർത്ത് അമേരിക്കയിൽ ഏകോപനം പൂർത്തിയാകുന്നു

തോമസ് ഡിക്രൂസ്

ന്യൂയോർക്ക്: ചങ്ങനാശേരി എസ്ബി ആൻഡ് അസംപ്ഷൻ കോളജ് അലുംമ്നി അസോസിയേഷനുകളുടെ നോർത്ത് അമേരിക്കയിലെ ഏകോപനം പൂർത്തിയായതായി സംഘടനയുടെ നാഷണൽ ലീഡേഴ്സ് കൗൺസിൽ അറിയിച്ചു. എസ്ബി, അസംപ്ഷൻ പൂർവ്വ വിദ്യാർത്ഥികളുടെ അമേരിക്കയിലെ വിവിധ ചാപ്റ്ററുകളെ പ്രതിനിധീകരിച്ചു രൂപീകരിക്കപ്പെട്ട പതിനഞ്ച് അംഗ സമിതിയുടെ രണ്ടാമത് സൂം മീറ്റിംഗ് ജൂൺ 18-ന് ശനിയാഴ്ച നടന്നു. സംഘടന ഒരുക്കിയ ദേശീയ ഡാറ്റ ബേസിൽ വിവരങ്ങൾ നൽകി സജീവമായി പ്രവർത്തിക്കാൻ ആവേശകരമായി മുമ്പോട്ടു വന്ന അമേരിക്കയിലെ എല്ലാ തുറകളിലുമുള്ള പൂർവ്വ വിദ്യാർത്ഥികളെയും നാഷണൽ കൗൺസിൽ അഭിനന്ദിച്ചു.





അമേരിക്കയിലെ ഉന്നത വിദ്യാഭ്യാസ രംഗത്തും പ്രൊഫഷണൽ മേഖലയിലും ശാസ്ത്രസാങ്കേതിക രംഗത്തും എസ്ബി, അസംപ്ഷൻ പൂർവ്വ വിദ്യാർത്ഥികൾ അഭിമാനകരമായി നൽകി വരുന്ന നേതൃത്വവും സേവനമികവും പ്രയോജനപ്പെടുത്തി യുഎസിലുള്ള പ്രമുഖ സർവ്വകലാശാലകളുമായി സഹകരിച്ചുകൊണ്ട് വിദ്യാർത്ഥികൾക്കായി ബൃഹത്തായ പദ്ധതികൾ ഭാവിയിൽ രൂപകല്പന ചെയ്യുമെന്ന് ഭാരവാഹികൾ അറിയിച്ചു. പൂർവ്വ വിദ്യാർത്ഥികളുടെ നാഷണൽ കൺവൻഷൻ 2026-ൽ അമേരിക്കയിൽ നടത്തും.

ദേശീയതലത്തിൽ രൂപീകരിച്ചിട്ടുള്ള അമേരിക്കയിലെ പൂർവ്വവിദ്യാർത്ഥികളുടെ ഈ നവശൃംഖല മൂന്ന് റീജിയണുകളായി (വെസ്റ്റ് കോസ്റ്റ്, മിഡ്വെസ്റ്റ് & ഈസ്റ്റ് കോസ്റ്റ്) അതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കും. ഈ റീജിയണുകളിലുള്ള നഗരങ്ങൾ കേന്ദ്രീകരിച്ചു പുതിയ അലുംമ്നി ചാപ്റ്ററുകൾ രൂപീകരിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ദേശീയ സമിതി നൽകുന്നതാണെന്നും ഭാരവാഹികൾ അറിയിച്ചു. റീജിയണുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ദയാലു ജോസഫ് (കാലിഫോർണിയ വെസ്റ്റ്), ബോബൻ കളത്തിൽ, കാർമൽ തോമസ് (ചിക്കാഗോ), ജോർജ് ജോസഫ് ഹൂസ്റ്റൺ (മിഡ്വെസ്റ്റ് & സൗത്ത്), ടോം പെരുമ്പായി, ജെയിൻ ജേക്കബ് ന്യൂജേഴ്സി (ഈസ്റ്റ് കോസ്റ്റ്) എന്നിവർ നേതൃത്വം നൽകും. സംഘടനയുടെ ഏകോപനങ്ങൾക്ക് നേതൃത്വവും പ്രോത്സാഹനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്ന ചങ്ങനാശേരി അതിരൂപതയുടെ അഭി. മെത്രാപ്പോലീത്ത മാർ തോമസ് തറയിൽ, എസ്ബി & അസംപ്ഷൻ കോളജ് പ്രിൻസിപ്പൽമാർ, അധ്യാപകർ എന്നിവർക്ക് ഭാരവാഹികൾ നന്ദി പറഞ്ഞു.


നാഷണൽ കൗൺസിൽ അംഗങ്ങളായ മാത്യു ദാനിയേൽ, ഡോ. മനോജ് മാത്യു, പിന്റോ കണ്ണമ്പള്ളി, പ്രൊഫ. ജെയിംസ് ഓലിക്കര, ലീല മാരേട്ട്, ഷിബു അഗസ്റ്റിൻ, തോമസ് ഡിക്രൂസ്, സക്കറിയ വടകര എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. അസംപ്ഷൻ കോളജ് പൂർവ്വവിദ്യാർത്ഥി റോഷൻ ചെറിയാൻ സംഘടനയുടെ സെക്രട്ടറിയായി പ്രവർത്തിക്കും.

സംഘടനയിൽ ചേർന്നു പ്രവർത്തിക്കാനും ചാപ്റ്ററുകൾ രൂപീകരിക്കാനും താല്പര്യമുള്ള പൂർവ്വവിദ്യാർത്ഥികൾ താഴെ കൊടുത്തിരിക്കുന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

https://forms.gle/wrE2qFfBqm8ub79GA

വിശദവിവരങ്ങൾക്ക്: നാഷണൽ കോ-ഓർഡിനേറ്റേഴ്സ് മാത്യു ഡാനിയേൽ +1(847)373-9941), പിന്റോ കണ്ണമ്പള്ളി +1(973)337-7238, റോഷൻ ചെറിയാൻ +1(914)419-6734.

# സാംസ്കാരിക 'നായ'കന്മാർ



രാജു മൈലപ്ര

അധികാരത്തിന്റെ അടുക്കളയിൽ നിന്നും അപ്പത്തിന്റെ രുചിമണം ഉയരുമ്പോൾ അതിലൊരു കഷണം നുണയാൻ കിട്ടുമെന്നു ഉറപ്പുള്ളപ്പോൾ മാത്രമേ കേരളത്തിലെ 'സ്വയം പ്രഖ്യാപിത സാംസ്കാരിക നായകന്മാർ' കുരയ്ക്കുകയുള്ളൂ.

ആശാ വർക്കേഴ്സിന്റെ ചെറിയൊരു ശമ്പള വർദ്ധനവിന്റെ പേരിൽ നടത്തുന്ന ന്യായമായ സമരം, നൂറുദിവസം പിന്നിട്ടിട്ടും ഈ നായകന്മാരുടെ വായ് അടഞ്ഞുതന്നെ ഇരിക്കുകയാണ്.

ഇടതുപക്ഷ സ്ഥാനാർത്ഥി എം. സ്വരാജ് വലിയൊരു സംസ്കാര സമ്പന്നനാണെന്നും അദ്ദേഹം അസംബ്ലിയിൽ എത്തിയാൽ അവിടെല്ലാം 'ഇലഞ്ഞിപ്പൂമണം ഒഴുകി വരുമെന്നു'മാണ് ഇവർ വെച്ചു കാച്ചിയത്.

സർക്കാർ ചെലവിൽ നിലമ്പൂരിൽ തമ്പടിച്ച് പ്രചാരണം നടത്തിയ ഇവർ, ജനങ്ങൾക്ക് സ്വരാജിനോടുള്ള മതിപ്പ് കുറയ്ക്കുവാൻ മാത്രമേ സഹായമായിട്ടുള്ളൂ എന്ന് നിഷ്പക്ഷമായി ചിന്തിക്കുന്ന ഏവർക്കും മനസ്സിലാകും. അദ്ദേഹത്തിന്റെ വോട്ട് വിഹിതം കുറഞ്ഞെന്നു മാത്രമല്ല, 'പൂമരം' എന്നൊരു പേരു കൂടി അദ്ദേഹത്തിന് ചാർത്തിക്കൊടുക്കുവാനും അവർക്കു കഴിഞ്ഞു.

ഉപകാരം ചെയ്തില്ലെങ്കിലും ഉപദ്രവിക്കാതിരുന്നാൽ മതിയായിരുന്നു.

യു.ഡി.എഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത് തരക്കേടില്ലാത്ത ഭൂരിപക്ഷത്തിൽ അവിടെ ജയിച്ചു. ആ വിജയത്തിനു മുന്നിൽനിന്നു പ്രവർത്തിച്ച വി.ഡി. സതീശന് തീർച്ചയായും അഭിമാനത്തിനു വകയുണ്ട്.

കോൺഗ്രസിന്റെ വിജയത്തിന് അൻവർ ഒരു പ്രധാന ഘടകമല്ലെന്നു തെളിഞ്ഞിട്ടുകൂടി, കോൺഗ്രസ് നേതാക്കന്മാർക്ക് കൃമികടി തുടങ്ങി.

അതിന്റെ മികച്ച ഒരു ഉദാഹരണമാണ് ഈ കഴിഞ്ഞദിവസം പുതിയ കെ.പി.സി.സി. പ്രസിഡണ്ട് സണ്ണി ജോസഫ് നടത്തിയ പ്രസ്താവന.

അൻവറിന്റെ മുന്നണി പ്രവേശനത്തിനുള്ള വാതിൽ അടച്ചിട്ടില്ലെന്നും ചാരിയിട്ടേയുള്ളുവെന്നും അഥവാ അടച്ചാൽ അത് തുറക്കുവാനുള്ള താക്കോൽ ഉണ്ടല്ലോ എന്നുമാണ് അദ്ദേഹം ഒരു ഇളിച്ച ചിരിയോടു കൂടി പറഞ്ഞത്.

ഒരുമിച്ചു നിന്നാൽ നല്ലൊരു പ്രതിപക്ഷമെങ്കിലുമാവാം. അല്ലെങ്കിൽ പിന്നെയും 'രക്ഷാ'പ്രവർത്തകരുടെ തല്ലു കൊള്ളാനായിരിക്കും സാധാരണ കോൺഗ്രസ് പ്രവർത്തകരുടെ വിധി!

എല്ലാ സാംസ്കാരിക 'നായ'കന്മാർക്കും നല്ല നമസ്കാരം!

# 15 ദിവസത്തിനുള്ളിൽ തിരിച്ചറിയൽ കാർഡ് ലഭ്യമാക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ

ന്യൂഡൽഹി: വോട്ടർപട്ടികയിൽ പേര് ചേർത്താലോ പുതുക്കിയാലോ 15 ദിവസത്തിനുള്ളിൽ വോട്ടർമാരുടെ ഫോട്ടോ ഐഡി കാർഡുകൾ ലഭിക്കുന്നതിനുള്ള ഫാസ്റ്റ്ട്രാക്ക് സംവിധാനം അവതരിപ്പിച്ച് തെരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർ രജിസ്ട്രേഷന്റെയും വോട്ടർ കാർഡുകളുടെ വിതരണത്തിലെയും സുതാര്യതയും വേഗതയും ഉറപ്പു വരുത്തുന്നതിനാണ് പുതിയ നടപടികൾ. തെരഞ്ഞെടുപ്പു കമ്മീഷൻ പുതുതായി വികസിപ്പിച്ച 'ഈസി നെറ്റ്' സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ടാണ് ഇതു പ്രാവർത്തികമാകുന്നത്. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതു മുതൽ തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതുവരെ ഓരോ ഘട്ടവും നിരീക്ഷിക്കാൻ സാധിക്കുമെന്നത് പുതിയ സംവിധാനത്തിന്റെ പ്രത്യേകതയാണ്. തപാൽ മുഖേനയായിരിക്കും വോട്ടർ ഐഡി കാർഡുകൾ ലഭിക്കുക.

എസ്എംഎസ് മുഖേനയായിരിക്കും അപേക്ഷകർക്കു തത്സമയ വിവരങ്ങൾ ലഭിക്കുക. voters.eci.gov.in എന്ന വെബ്സൈറ്റ് വഴി പുതിയ അപേക്ഷ സമർപ്പിക്കാനും പുതുക്കാനും സാധിക്കും.

കേരളാ എക്സ്പ്രസ്
വാരാന്ത്യം

കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.

കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.

രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.

രചനകൾ അയയ്ക്കേണ്ട വിലാസം:
news@keralaexpress.com

വഴിത്താരകൾ

കേരളാ എക്സ്പ്രസ് KERALA EXPRESS Weekly Newspaper National Edition from Chicago

കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി

നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം

ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ

ഇനി ലോകം നിങ്ങളെ അറിയട്ടെ

വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ

എൽസി ബേബി

ആദിയിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചത് തന്റെ സ്വരൂപത്തിലും രൂപസാദൃശ്യത്തിലുമായിരുന്നു. ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുമ്പ് അവന്നു ജീവിപ്പാനാവശ്യമായതെല്ലാം സൃഷ്ടിച്ച് മനുഷ്യനും ദൈവവുമായി സ്നേഹബന്ധം പുലർത്തി ഉല്ലാസകരമായ ഒരു ജീവിതം നയിപ്പാനാവശ്യമായ എല്ലാ ആനുകൂല്യങ്ങളും നല്കി ഭൂമി മുഴുവൻ അടക്കി ഭരിച്ചു വാഴുവാനുള്ള ബുദ്ധിയും വിവേകവും നല്കിയാണ് മനുഷ്യനെ സൃഷ്ടിച്ചത്. ദൈവം സൃഷ്ടിച്ച സകല മൃഗങ്ങളെയും പക്ഷികളെയും മനുഷ്യന്റെ മുമ്പാകെ കൊണ്ടുവന്ന് അവയ്ക്കു മനുഷ്യൻ എന്തു പേരിടും എന്നു പരീക്ഷിച്ചതിന്റെ ഫലമായി ആദാം അവയ്ക്കെല്ലാം തക്ക പേരുകൾ ഇട്ടു എന്നത് മനുഷ്യൻ എത്ര ബുദ്ധിമാനാകുന്നു എന്നതിന്റെ തെളിവല്ലേ? ഇന്ന് ഈ ആധുനികയുഗത്തിൽ നാം ഉപയോഗിക്കുന്ന ഐഫോൺ, കമ്പ്യൂട്ടർ, പുതിയ പുതിയ കണ്ടുപിടുത്തങ്ങളെല്ലാം ദൈവം മനുഷ്യനു നല്കിയിട്ടുള്ള ജ്ഞാനത്തിന്റെ തെളിവുകളല്ലേ? വാനഗോളങ്ങൾക്കപ്പുറത്തുള്ള ഗോളങ്ങളിലേക്കു പറന്നുയരാൻ തക്ക ശക്തിയേറിയ 'ആകാശ വാഹിനികൾ' കണ്ടുപിടിച്ചത് മനുഷ്യനു ദൈവം നല്കിയ ജ്ഞാനത്തിന്റെ തെളിവുകളല്ലെ? അതിനും പുറമെ സ്വയം ചലിച്ചു പ്രവർത്തിക്കുന്ന 'റോബോട്ടുകൾ' അത്ഭുതകരമായ കണ്ടുപിടുത്തങ്ങളായിരിക്കുന്നില്ലെ? അതുപോലെതന്നെ മനുഷ്യൻ പരിഷ്കാരത്തിലും സംസ്കാരത്തിലും പുതിയ പുതിയ കണ്ടുപിടുത്തങ്ങളിലും മറ്റും അത്ഭുതകരമാംവിധം പുരോഗമിച്ചുകൊണ്ടിരിക്കയല്ലെ? ഇവയുടെയൊക്കെ പുറകിൽ പ്രവർത്തിക്കുന്ന അത്ഭുതശക്തി അത്യുന്നതനും പരമാധികാരിയുമായ ദൈവമാണെന്ന സത്യം മനുഷ്യൻ പാടേമറന്ന് തങ്ങൾക്കു ബോധിച്ചതുപോലെ ജീവിക്കുന്നതിനുള്ള അപകടം ചില്ലറയല്ല.

നന്മതിന്മകളെ തിരിച്ചറിയാനുള്ള ബുദ്ധിയും അവയിൽ ഏതു തെരഞ്ഞെടുക്കണമെന്ന സ്വാതന്ത്ര്യവും ദൈവം മനുഷ്യനു നല്കിയിരിക്കെ, തിന്മകൾ തെരഞ്ഞെടുക്കുക മാത്രമല്ല, നന്മയെ തിന്മയാക്കി മാറ്റാനുള്ള മനുഷ്യന്റെ ബുദ്ധിയുമാണ് ഇന്നു നമ്മുടെ സമൂഹത്തിൽ വിളയാടുന്ന സകല ദുഷ്ടതകൾക്കും ഹേതു. അതുകൊണ്ടാണ് 'മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യമത്രെ' എന്നു പറഞ്ഞിരിക്കുന്നത്.

നന്മയുടെ ഉറവിടമായ ദൈവത്തിന്നെതിരായി പ്രവർത്തിക്കുന്ന തിന്മയുടെ പിതാവായ പിശാച് മനുഷ്യമനസ്സിനെ മരവിപ്പിച്ച് തിന്മയിലേക്കു തള്ളിയിടുന്നു. മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും അടിമകളായി മനുഷ്യൻ നശിക്കുന്നു. കേവലം 23 വയസ്സു മാത്രമുള്ള ഒരു യുവാവ് തന്റെ കുടുംബത്തിലെ അഞ്ച് പേരെ 'കഠിനം' എന്നു പറഞ്ഞാൽ പോരാ മൃഗീയമായി കൊന്നുകളഞ്ഞ സംഭവത്തിൽനിന്നും കുടുംബാംഗങ്ങളും സഹജീവികളും ഇതുവരെ സാധാരണ ജീവിതത്തിലേക്കു മടങ്ങിവന്നിട്ടില്ല. അതിന്റെ വിശദാംശങ്ങളിലേക്കു ഞാൻ കടക്കുന്നില്ല. 'കുടുംബതകർച്ച' എന്നേ പറയാനുള്ളൂ. ദൈവം കുടുംബങ്ങളെ പണിയുവാൻ മനുഷ്യനു ബുദ്ധി നല്കി സഹായിച്ചിരിക്കുന്നത് തമ്മിൽ തമ്മിൽ സ്നേഹിക്കുവാനും ഒന്നിച്ചു തിന്നും കുടിച്ചും സന്തോഷിച്ചാനന്ദിക്കുവാനുമാകുന്നു. പാവപ്പെട്ട കുടിലിൽ താമസിക്കേണ്ടിവന്നാലും മേന്മയേറിയ കൊട്ടാരസമാനമായ വീടുകളിൽ താമസിക്കേണ്ടിവന്നാലും 'കുടുംബബന്ധം' എന്ന ബന്ധത്തിന് ഒരു വ്യത്യാസവുമില്ല. കൂലിവേലക്കാരായ സാധുക്കൾ പകൽ മുഴുവൻ കൂലിവേലചെയ്ത് സന്ധ്യായാമത്തിൽ ഒന്നിച്ചിരുന്ന് ഭർത്താവും ഭാര്യയും മക്കളും തമ്മിൽ തമ്മിൽ സ്നേഹിച്ചും സല്ലപിച്ചും സന്തോഷിച്ച് അന്തിയുറങ്ങി നേരം വെളുക്കുമ്പോൾ വീണ്ടും തങ്ങളുടെ വേലക്കു പോകുന്നു. വലിയ വലിയ ഉദ്യോഗസ്ഥന്മാരുടെ ഭവനങ്ങളിലും അതൊക്കെ തന്നെയല്ലേ വേണ്ടത്? എന്തുകൊണ്ടാണ് ഇന്ന് പല ഭവനങ്ങളിലും സമ്പത്തുണ്ട് പക്ഷേ, സന്തോഷമില്ല എന്ന അവസ്ഥ വന്നിരിക്കുന്നത്? സംതൃപ്തിയില്ലാത്ത ഒരവസ്ഥ എന്തുകൊണ്ട്? സംതൃപ്തി അഥവാ 'contentment' എന്നത് മനുഷ്യൻ സ്വയം സൃഷ്ടിക്കേണ്ട ഒരു മാനസിക സംതൃപ്തിയാകുന്നു. 'ഉള്ളതിൽ തൃപ്തിപ്പെടുക' എന്ന മനോഭാവം! അത് സമൃദ്ധിയായാലും ദാരിദ്ര്യമായാലും സുഖമായാലും ദുഃഖ



ലേഖിക

മായാലും എന്തുതന്നെ ആയാലും അതൊക്കെ ജീവിതത്തിന്റെ ഭാഗമാകുന്നു എന്ന വിശ്വാസത്തിൽ മുമ്പോട്ടുപോകുക.

മറ്റുള്ളവരെ നോക്കി നല്ല നല്ല കാര്യങ്ങൾ അനുകരിക്കുന്നതിൽ തെറ്റില്ല. പക്ഷേ, മറ്റുള്ളവർക്കുള്ളതെല്ലാം തങ്ങൾക്കും വേണം. മറ്റുള്ളവർ ജീവിക്കുന്നതുപോലെ ഞങ്ങൾക്കും ജീവിക്കണം എന്ന അത്യാഗ്രഹവും അതിനായുള്ള അനുകരണവും അപകടകരമാകുന്നു. 'ഉള്ളതുകൊണ്ട് ഓണംപോലെ കഴിയണം' എന്ന യാഥാർത്ഥ്യം മനസ്സിലാക്കാതെ കടംവാങ്ങിയായാലും മറ്റുള്ളവരുടെമുമ്പാകെ നമുക്കില്ലാത്ത മഹിമകൾ പ്രദർശിപ്പിക്കാനുള്ള വ്യഗ്രത പരാജയത്തിലേ ചെന്നെത്തുകയുള്ളൂ. 'കുണ്ടിലിരിക്കും തവളക്കുഞ്ഞിനു കുന്നിനുമീതെ പറക്കാൻ മോഹം' എന്നൊക്കെ പൂർവ്വികന്മാർ പറഞ്ഞിട്ടുള്ളത് എത്ര വാസ്തവം! സാഹചര്യങ്ങൾ പ്രതികൂലമാകുമ്പോൾ 'ഇത് ഇന്നല്ലെങ്കിൽ നാളെ നീങ്ങിപ്പോകും. നല്ല ഒരു ഭാവി മുമ്പിലുണ്ട്' എന്ന പ്രത്യാശയിൽ കഴിയുന്നവർക്ക് ഒരു നിരാശക്കും വഴികാണുകയില്ല. 'ശുഭാപ്തി വിശ്വാസം' ഉള്ളവരായിരിക്കുക. ഒരച്ചൻ പാടിയതുപോലെ 'ഒരു മഴയും തോരാതിരുന്നിട്ടില്ല; ഒരു രാവും പുലരാതിരുന്നിട്ടില്ല; ഒരു വേദനയും കുറയാതിരുന്നിട്ടില്ല' എന്ന സത്യം ജീവിതത്തിൽ പ്രായോഗികമാക്കുക.

മനുഷ്യന്റെ സമാധാനം നഷ്ടമാകുന്ന ഏറ്റവും വലിയ ശത്രു 'ദുരാഗ്രഹം' എന്ന അത്യാഗ്രഹമാകുന്നു. എത്ര ലഭിച്ചാലും, എത്ര കണ്ടാലും മതിവരാതെ ഇനിയും വേണം ഇനിയും സമ്പാദിക്കണം, ഇനിയും സ്വരൂപിക്കണം' എന്ന അത്യാഗ്രഹം മനുഷ്യമനസ്സിനെ കീഴടക്കി അധമനാക്കി തീർക്കുന്നു എന്ന അപകടം മനസ്സിലാക്കിയാൽ മാത്രമേ 'ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ അതുമതി' എന്നു പറയാനാകയുള്ളൂ. നമുക്കുള്ളതെല്ലാം തമ്പുരാന്റെ ദാനമാകുന്നു എന്ന വിശ്വാസം. നമ്മുടെ മൂക്കിൽ ജീവശ്വാസം നല്കി ഈ ഭൂമിയിലേക്കയക്കുമ്പോൾ നാം എത്ര നാൾ ജീവിച്ചിരിക്കണം, എങ്ങനെ ജീവിക്കണം എന്നൊക്കെ തമ്പുരാൻ നിശ്ചയിച്ചിട്ടുണ്ട് എന്നു വിശ്വസിക്കുകയും നമ്മെ സൃഷ്ടിച്ച ഈശ്വരനിൽ പൂർണ്ണമായി വിശ്വസിച്ചും ആശ്രയിച്ചും ആവോളം നന്മചെയ്തും ഈശ്വരനെ ച്ചപേക്ഷിച്ചും ആരാധിച്ചും ജീവിക്കുന്ന ഒരു ജീവിതമാണ് യഥാർത്ഥ സന്തുഷ്ട ജീവിതം. കഷ്ടങ്ങൾ, നഷ്ടങ്ങൾ, രോഗങ്ങൾ, ദുഃഖങ്ങളൊക്കെ നേരിടുമ്പോൾ മനുഷ്യരിൽ ആശ്രയിക്കാതെ നമ്മുടെ ഉടയവനായ സർവ്വേശ്വരനോടു നമ്മുടെ ആവശ്യങ്ങൾ ബോധിപ്പിക്കുക. ദൈവത്തിന്ന് അസാദ്ധ്യമായി ഒന്നുമില്ല എന്ന് പൂർണ്ണമായി വിശ്വസിക്കുക. ജീവിതത്തിൽ എന്തൊക്കെ സംഭവിച്ചാലും അതൊക്കെ ദൈവഹിതമാണെന്നും ദൈവം നമ്മിൽനിന്നും ചിലതെല്ലാം ആഗ്രഹിക്കുന്നുവെന്നും ചില പാഠങ്ങൾ നമ്മെ പഠിപ്പിക്കുവാനാണെന്നും വിശ്വസിച്ച് ഈശ്വരനെ മനസ്സിൽ ധ്യാനിച്ചു പ്രാർത്ഥിക്കുക. പരമാധികാരിയായ ദൈവം നമ്മെ സഹായിക്കാതിരിക്കുകയില്ല.

മനുഷ്യജീവിതത്തിൽ ഏറ്റവും പ്രഥമവും പ്രധാനവുമായ വിഷയം ഈശ്വരവിശ്വാസം, ഈശ്വരഭക്തി, ഈശ്വരാരാധന, ഈശ്വരനിൽമാത്രം ആശ്രയിച്ചുള്ള ജീവിതം. ഇവ പാലിക്കാനിടയായാൽ ഇതിനേക്കാളേറെ ധന്യമായ മറ്റൊരു ജീവിതവും കാണുകയില്ല. ഈശ്വരനെ മാറ്റി സ്വയം ബുദ്ധിയിലും ശക്തിയിലും മാത്രം ജീവിക്കുമ്പോഴാണ് ജീവിതം താളംതെറ്റി അവതാളത്തിൽ ചെന്നവസാനിക്കുന്നത്. അതുകൊണ്ടാണ് "ഒരുത്തൻ ധനവാനായി തീർന്നാലും അവന്റെ ഭവനത്തിന്റെ മഹത്വം വർദ്ധിച്ചാലും നീ ഭയപ്പെടരുത്. അവൻ മരിക്കുമ്പോൾ യാതൊന്നും കൊണ്ടുപോകയില്ല. അവന്റെ മഹത്വം അവനെ പിൻചെല്ലുകയുമില്ല. അവൻ ജീവനോടിരുന്നപ്പോൾ താൻ ഭാഗ്യവാൻ എന്നു പറഞ്ഞു നീ നിനക്കുതന്നേ നന്മചെയ്യുമ്പോൾ മനുഷ്യർ നിന്നെ പുകഴ്ത്തും അവൻ തന്റെ പിതാക്കന്മാരുടെ തലമുറയോടു ചെന്നുചേരും അവർ ഒരു നാളും വെളിച്ചം കാണുകയില്ല. മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യമത്രെ!" എന്ന് തിരുവചനത്തിലൂടെ ദൈവം നമുക്കു നല്കിയിട്ടുള്ള സന്ദേശം.

ബഹുമാന്യനായ പൗലൂസ് ശ്ലീഹായുടെ വാക്കുകൾ ശ്രദ്ധിക്കുക "ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ട്. താഴ്മയിലിരിപ്പാനും സമൃദ്ധിയിലിരിപ്പാനും എനിക്കറിയാം തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും ബുദ്ധിമുട്ട് അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു. എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയാകുന്നു!" എത്ര നല്ല മാതൃക!

പ്രിയമുള്ളവരെ ഇന്നു നമ്മുടെ ഇടയിൽ കാണുന്ന കൊലപാതകങ്ങൾ, വെടിവെപ്പുകൾ, മദ്യലഹരി, മയക്കുമരുന്നുകൾ എന്നിവക്കുള്ള അടിമകൾ, ലൈംഗിക ചൂഷണങ്ങൾ, മാതാപിതാക്കന്മാരെ ബഹുമാനിക്കയോ അനുസരിക്കുകയോ ചെയ്യാത്ത മക്കൾ, ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള പിണക്കം, വിവാഹമോചനം, കുടുംബകലഹങ്ങൾ, മാതാപിതാക്കളും മക്കളും തമ്മിൽ വഴക്കും അകൽച്ചകളും. ഇവയെല്ലാം പെരുകിവരുന്നതിന്റെ പ്രധാന കാരണം സൃഷ്ടികർത്താവും പരമാധികാരിയുമായ ദൈവത്തെ മാറ്റിനിർത്തിക്കൊണ്ട് തങ്ങൾക്കു ബോധിച്ചതുപോലെ (ശേഷം 30-ാം പേജിൽ)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 85.52 |
| യൂറോ | 100.35 |
| സ്റ്റെർലിംഗ്പൗണ്ട് | 117.50 |
| സ്വിസ് ഫ്രാങ്ക് | 107.24 |
| സിംഗപ്പൂർ ഡോളർ | 67.18 |
| കനേഡിയൻ ഡോളർ | 62.60 |
| ഒമാൻ റിയാൽ | 222.42 |
| ബഹ്റൈൻ ദിനാർ | 226.78 |
| സൗദി റിയാൽ | 22.81 |
| യു.എ.ഇ. ദിർഹം | 23.28 |
| കുവൈത്ത് ദിനാർ | 279.77 |



# അശ്മലോഷ്ട ന്യായം

**പാസ്റ്റർ ജോൺസൺ സഖറിയ**

മനുഷ്യർ തമ്മിൽ താരതമ്യം നടത്തുമ്പോൾ മനസ്സിൽ ഉയരുന്ന ഒരു ചോദ്യമാണ് ‘ആരാണ് വലിയവൻ?’ എന്നെക്കാൾ വലിയവൻ മറ്റൊരാളാണ് എന്ന് സമ്മതിക്കുവാൻ പൊതുവേ അനേകർക്കും അത്ര താല്പര്യവുമില്ല. ചിലരെങ്കിലും സമൂഹത്തിലെ ദരിദ്രരേയും നിരക്ഷരകുക്ഷികളെയും സംഘടിപ്പിച്ച് അവരുടെ നേതാവായി ആത്മപ്രശംസയാൽ സംതൃപ്തരാകുന്നുണ്ടോ എന്ന് ചോദിച്ചാൽ ഉണ്ട് എന്ന് നമുക്കും പറയുവാൻ കഴിയും.

കർത്തൃശിഷ്യന്മാർക്കു പോലും ഇങ്ങനെയുള്ള ചോദ്യം അവരുടെയുള്ളിൽ ഉണ്ടായിരുന്നു എന്നുള്ളത് പരസ്യമായതാണല്ലോ. അപ്പോഴാണ് കർത്താവ് അവരെ പ്രവൃത്തിയിൽക്കൂടി പഠിപ്പിച്ചത്. മറ്റുള്ളവരുടെ മനസ്സിൽ നിങ്ങൾക്ക് സ്ഥാനം ഉണ്ടാകണമെങ്കിൽ അവരുടെ സേവകനാകൂ എന്ന വലിയ തത്വം. ഇന്നാകട്ടെ മറ്റുള്ളവരെ സേവകരാക്കി മഹാനാകുവാനാണ് അനേകർക്കും താല്പര്യം. അതിനുവേണ്ടി അല്പം പണവും ചെലവാക്കിയെന്നും വരാം.

ഈ ലക്കം മഞ്ജുളചിന്തയുടെ ശീർഷകം നമുക്കൊന്നു വിചിന്തനം ചെയ്തുകൂടെ? അല്ലെങ്കിൽ പെട്ടെന്ന് എല്ലാവർക്കും പിടികിട്ടിയില്ലെന്നുവരാം. അശ്മം=പാറ. ലോഷ്ടം=മൺകട്ട. മൺകട്ടയ്ക്ക് പഞ്ഞിയെക്കാൾ ഭാരം കൂടുതൽ ഉണ്ടെങ്കിലും പാറയെക്കാൾ കനക്കുറവാണല്ലോ.

ഒരാൾ തന്നെക്കാൾ താണവനോട് തുലനം ചെയ്യുമ്പോൾ ഉന്നതനാണെന്നു തോന്നിയാലും തന്നെക്കാൾ ഉയർന്നവരോട് താരതമ്യം ചെയ്യുമ്പോൾ വളരെ നിസ്സാരമായി തോന്നുകയില്ലേ? മറ്റൊരു വ്യാഖ്യാനവും അശ്മലോഷ്ട ന്യായത്തിലുണ്ട്. പ്രബലനായ ഒരു ശത്രു ഇങ്ങോട്ടുവന്ന് ആക്രമിച്ചാലും അങ്ങോട്ട് ചെന്ന് എതിരിട്ടാലും ദുർബലന് രണ്ടും ആപത്കരമായിരിക്കുന്നതുപോലെ പാറയിൽ മൺകട്ട വന്നു വീണാലും പാറ മൺകട്ടയുടെമേൽ വീണാലും കേടെപ്പോഴും മൺകട്ടയ്ക്ക് തന്നെ. കാരണം മൺകട്ട പാറയുടെ മുന്നിൽ ബലഹീനം തന്നെ. ഇതു മറക്കുന്ന മൺകട്ടയാണ് ധൂളിയാകുന്നത്.

ഇന്ന് പെൺകുട്ടികളെ കരാട്ടെ ഉൾപ്പെടെയുള്ള കായിക അഭ്യാസങ്ങൾ പരിശീലിപ്പിക്കുവാൻ മാതാപിതാക്കൾ വളരെ ഉത്സാഹികളാണ്. കാരണം മൺകട്ടകളെ ആക്രമിക്കുവാൻ വെമ്പുന്ന പാറക്കഷണങ്ങൾ ഇന്ന് വളരെയാണ്. അങ്ങനെയുള്ള പരിശീലനം ചില മൺകട്ടകൾക്കു പല പാറകളെയും ശിഥിലമാക്കുവാൻ കഴി



ലേഖകൻ

ഞ്ഞിട്ടുണ്ട്. ആകയാൽ നമ്മുടെ ബലഹീനതകൾ മനസ്സിലാക്കുവാൻ നമുക്ക് കഴിവുണ്ടാകണം. അനന്തരം അതിനു പരിഹാരവും കണ്ടെത്തണം. അല്ലെങ്കിൽ ചില മൺകട്ടകൾ പോലും നമുക്കു കേടുവരുത്തും. അങ്ങനെയുള്ള ബലിയാടുകൾ നമുക്കു ചുറ്റും ധാരാളമുണ്ടല്ലോ. അനേകരുടെ കായികശക്തിയും മോഹനവാഗ്ദാനങ്ങളും പാറകൾക്കു തുല്യമായി വന്ന് പതിച്ചതിനാൽ എത്രയോ മൺകട്ടകളാണ് തകർന്നു തരിപ്പണമായത്? ശത്രുവിന്റെ ബലത്തെ മനസ്സിലാക്കി വേണം നാം എതിരിടുവാൻ.

അദൃശ്യമായ ചില ശക്തികൾ നമ്മെ തകർക്കുവാൻ, ഉരുൾപൊട്ടലിൽ ഇളകിമറിയുന്ന പാറകളെപ്പോലെ നമ്മുടെമേൽ വന്ന് പതിക്കുവാൻ സാദ്ധ്യത ഏറെയുള്ള ലോകത്തിലാണ് നാം പാർക്കുന്നത്. ഇതിനെ നമ്മുടെ ‘മസ്സിൽ പവ്വർ’ മാത്രംകൊണ്ട് കീഴടക്കുവാൻ കഴിയുകയില്ല. ഈ ശക്തികളെ നിസ്സാരമായി കാണരുത്.

എന്നാൽ, ഇതിനെ കീഴടക്കുവാൻ അത്യന്ത ശക്തി കൂടിയേ കഴിയൂ. ഈ അത്യന്ത ശക്തി മാനുഷികമല്ല. അത് ഭൂമിയിൽ നിന്നുള്ളതല്ല. അത് ഉയരത്തിൽ നിന്നും സർവ്വശക്തനായ ദൈവത്തിൽ നിന്നും മാത്രമേ ലഭ്യമാകുകയുള്ളൂ. ഈ അത്യന്ത ശക്തി മൺകട്ടകളെ ശക്തമായ പാറകൾക്ക് തുല്യമാക്കുന്നു. അപ്പോഴാണ് ഏത് പ്രതിസന്ധിയിലും ഇളകാതെ ഉറച്ചു നിൽക്കുവാൻ സാധിക്കുന്നത്.

അനേകരിലും ഈ അത്യന്ത ശക്തി ഇല്ലാത്തതിനാലാണ് നിസ്സാര കാര്യങ്ങൾക്കു പോലും ആത്മഹത്യ ചെയ്യുന്നത്. അല്പം വെള്ളം വീണാൽ അലിഞ്ഞ് ഒലിച്ചുപോകുന്ന മൺകട്ടകളെ ശക്തമായ പാറകൾക്ക് തുല്യമാക്കുവാൻ ദൈവശക്തിക്കു കഴിയും.

സൗജന്യമായ ഈ ശക്തി ആർക്കാണ് ആവശ്യം, അവർ ചോദിക്കൂ ദൈവത്തോട്. അതിനു മുന്നമേ ബൈബിൾ തുറന്ന് ഒന്ന് വായിക്കുമോ ലൂക്കോസ് പതിനൊന്നാം അദ്ധ്യായം പതിമൂന്നാം വാക്യം!

# നവകേരള മലയാളി അസോസിയേഷന് ഫോമായിൽ അംഗത്വം

മയാമി: സൗത്ത് ഫ്ളോറിഡയിലെ പ്രമുഖ മലയാളി സംഘടനയായ നവകേരള മലയാളി അസോസിയേഷന് ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻ ഓഫ് അമേരിക്ക (ഫോമാ) യിൽ അംഗത്വം ലഭിച്ചു.

ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ നാഷണൽ കമ്മിറ്റി യോഗമാണ് നവകേരള മലയാളി അസോസിയേഷന് അംഗത്വം നല്കുവാൻ തീരുമാനമെടുത്തത്.

ക്രെഡൻഷ്യൽ കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനയ്ക്കു ശേഷമാണ് നവകേരള മലയാളി അസോസിയേഷന് അംഗത്വം നല്കിയത്. ഇതു സംബന്ധിച്ച് ഔദ്യോഗികമായ അറിയിപ്പ് ഫോമാ ജനറൽ സെക്രട്ടറി ബൈജു വർഗീസിൽ നിന്നും ലഭിച്ചതായി നവകേരള പ്രസിഡണ്ട് സൈമൺ പാറത്താഴം, സെക്രട്ടറി ലിജോ പണിക്കർ, ട്രഷറർ സുശീൽ നാലകത്ത് എന്നിവർ പറഞ്ഞു.

സൗത്ത് ഫ്ളോറിഡയിൽ സജീവ സാന്നിദ്ധ്യമായ നവകേരള മലയാളി അസോസിയേഷന് അർഹതയ്ക്ക് അംഗീകാരമായി അംഗത്വം നല്കാൻ തീരുമാനമെടുത്ത നാഷണൽ കമ്മിറ്റിയോടും കമ്മിറ്റി അംഗങ്ങളോടും ക്രെഡൻഷ്യൽ കമ്മിറ്റിയോടുമുള്ള ഹൃദയപൂർവ്വമായ നന്ദിയും കടപ്പാടും അറിയിക്കുന്നതായി നവകേരള ഭാരവാഹികൾ പറഞ്ഞു.

കൂടാതെ നവകേരളയുടെ ഫോമാ അംഗത്വത്തിനായി പരിപൂർണ്ണ പിന്തുണ നല്കിയ ഫ്ളോറിഡ സൺഷൈൻ റീജിയനിലെ 12 സംഘടനകളോടുമുള്ള നന്ദിയും ഭാരവാഹികൾ രേഖപ്പെടുത്തി. ഫോമായെന്ന മഹത്തായ സംഘടനയുടെ ഉന്നമനത്തിന് എല്ലാവിധ പിന്തുണയും സഹകരണവും അവർ വാഗ്ദാനം ചെയ്തു.






# കെ.എച്ച്.എൻ.എ 2027 ഫ്ളോറിഡ കൺവൻഷൻ ടീം

**അരുൺ ഭാസ്കർ/സുരേഷ് നായർ**

ഫ്ളോറിഡ: ഒരു വ്യാഴവട്ടത്തിലേറെയുള്ള ഇടവേളയ്ക്കു ശേഷം അമേരിക്കൻ മലയാളികളുടെ സ്വപ്ന ഭൂമിയായ ഫ്ളോറിഡയിലേക്ക് മടങ്ങിയെത്താൻ ആഗ്രഹിക്കുന്ന കെ.എച്ച്.എൻ.എ 2027 നേതൃനിരയിൽ പ്രസിഡണ്ടായി ടി. ഉണ്ണികൃഷ്ണൻ (ടാമ്പാ), സെക്രട്ടറിയായി സിനു നായർ (ഫിലാഡൽഫിയ), ട്രഷററായി അശോക് മേ

ജോ. സെക്രട്ടറിയാകാനെത്തുന്ന ശ്രീകുമാർ ഹരിലാൽ 2013 കെ.എച്ച്.എൻ.എ മയാമി നാഷണൽ കൺവൻഷൻ രജിസ്ട്രേഷൻ ചെയർമാൻ, കേരള ഹിന്ദൂസ് ഓഫ് സൗത്ത് ഫ്ളോറിഡ പ്രസിഡണ്ട്, 2015 ഡാളസ് കൺവൻഷൻ മേഖല കോ ചെയർ, 2025 കെ.

വൻഷനിൽ എല്ലാ ഹൈന്ദവ വിശ്വാസികളും കുടുംബസമേതം പങ്കെടുക്കണമെന്നും ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിലുള്ള ടീമിനെ അംഗീകരിച്ച് അനുഗ്രഹിക്കണമെന്നും അഭ്യർത്ഥിക്കുന്നതായി സഞ്ജീവ് കുമാറും സിനു നായരും അശോക് മേനോനും ശ്രീകുമാർ ഹരിലാലും അപ്പുകുട്ടൻ പിള്ളയും സംയുക്തമായി അറിയിക്കുന്നു.


ടി. ഉണ്ണികൃഷ്ണൻ


സിനു നായർ


സഞ്ജീവ് കുമാർ


ശ്രീകുമാർ ഹരിലാൽ


അപ്പുകുട്ടൻ പിള്ള

നോൻ (ഒർലാണ്ടോ) എന്നിവരോടൊപ്പം വൈസ് പ്രസിഡണ്ടായി സഞ്ജീവ് കുമാറും (ന്യൂജേഴ്സി), ജോയിന്റ് സെക്രട്ടറിയായി ശ്രീകുമാർ ഹരിലാലും (മയാമി), ജോയിന്റ് ട്രഷററായി അപ്പുകുട്ടൻ പിള്ളയും (ന്യൂയോർക്ക്) വരുന്നു.

വൈസ് പ്രസിഡണ്ട് സഞ്ജീവ് കുമാർ കേരള ഹിന്ദൂസ് ഓഫ് ന്യൂജേഴ്സിയുടെ (കെ.എച്ച്.എൻ.ജെ) മുന്നണി പ്രവർത്തകനും 2019 മുതൽ 23 വരെ പ്രസിഡണ്ടും 2019 കെ.എച്ച്.എൻ.എ ന്യൂജേഴ്സി ഗ്ലോബൽ ഹിന്ദു സംഗമ വൈസ് ചെയറും ഇപ്പോഴത്തെ കെ.എച്ച്.എൻ.എ കൺവൻഷൻ രജിസ്ട്രേഷൻ ചെയറുമായി പ്രവർത്തിച്ച് തന്റെ സംഘാടക മികവ് തെളിയിച്ച വ്യക്തിയാണ്. കൂടാതെ അമേരിക്കയിലെ തന്നെ ഏറ്റവും വലിയ മലയാളി സംഘടനകളിലൊന്നായ കാഞ്ചിന്റെ മുൻ ജനറൽ സെക്രട്ടറിയും ഐടി പ്രഫഷണലുമാണ്.

എച്ച്.എൻ.എ റീജിയണൽ ശുഭാരംബം കോർ കമ്മിറ്റി അംഗം എന്നീ നിലകളിൽ ശ്രദ്ധേയനായ ദീർഘകാല സംഘടന സഹയാത്രികനാണ്.

കഴിഞ്ഞ അരനൂറ്റാണ്ടായി ന്യൂയോർക്കിലെ മലയാളി സംഘടനാ രംഗത്തെ സജീവ സാന്നിദ്ധ്യമാണ് ജോ. ട്രഷററായി പത്രിക സമർപ്പിച്ചിട്ടുള്ള അപ്പുകുട്ടൻ പിള്ള. ഫൊക്കാനയുടെ വിവിധ സ്ഥാനങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം ന്യൂയോർക്കിലെ ആദ്യകാല ഹൈന്ദവ കൂട്ടായ്മകളിൽ ഒന്നായ എൻ.ബി.എയുടെയും കേരള കൾച്ചറൽ അസോസിയേഷന്റെയും സ്ഥാപക അംഗങ്ങളിൽ ഒരാളും എൻ.ബി.എയുടെ മുൻ പ്രസിഡണ്ടുമാണ്. ഓഗസ്റ്റ് 17 മുതൽ 19 വരെ ന്യൂജേഴ്സിയിൽ നടക്കുന്ന കെ.എച്ച്.എൻ.എ സിൽവർ ജൂബിലി കൺവൻഷനിൽ വെച്ചാണ് പുതിയ ഭാരവാഹികളെ പ്രഖ്യാപിക്കുന്നത്. നാനൂറിൽപ്പരം കുടുംബങ്ങൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുള്ള കൺ

# ഇല്ലിനോയി മലയാളി അസോസിയേഷൻ പിക്നിക്കും കുടുംബ സംഗമവും

**സ്റ്റീഫൻ ചൊള്ളമ്പേൽ**

ചിക്കാഗോ: ചിക്കാഗോ മലയാളി സമൂഹത്തിലെ കഴിഞ്ഞ 34 വർഷങ്ങളായി കലാ, സാംസ്കാരിക, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മുൻനിരയിൽ പ്രവർത്തിക്കുന്ന ഇല്ലിനോയി മലയാളി അസോസിയേഷന്റെ 2025-ലെ പിക്നിക്കും കുടുംബസംഗമവും ജൂലൈ 20-ന് സ്കോക്കിയിലുള്ള ലോറേൽ പാർക്കിൽ വെച്ച് നടത്തപ്പെടുന്നു. ഉച്ചയ്ക്ക് 12 മണിക്ക് പ്രസിഡണ്ട് ജോയി ഇണ്ടിക്കുഴിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന ഉദ്ഘാടനത്തിന് ശേഷം വിവിധതരം ഗെയിമുകളും മത്സരങ്ങളും അരങ്ങേറും. രുചിയേറും വിഭവസമൃദ്ധങ്ങളായ ഭക്ഷണ പദാർത്ഥങ്ങൾ തത്സമയം പാചകം ചെയ്ത് നൽകാനുള്ള ക്രമീകരണങ്ങളും സംഘാടകർ പിക്നിക്കിൽ ഒരുക്കിയിട്ടുണ്ട്.

പിക്നിക്കിന്റെ വിപുലമായ നടത്തിപ്പിലേക്കായി ചന്ദ്രൻ പിള്ള, കുര്യൻ തുരുത്തിക്കര, മാത്യു ചാണ്ടി, ഷാനി ഏബ്രഹാം, ജോർജ് മാത്യു തുടങ്ങിയവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. പിക്നിക്കിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നതായി പ്രസിഡണ്ട് ജോയി ഇണ്ടിക്കുഴി, വൈസ് പ്രസിഡണ്ട് സ്റ്റീഫൻ ചൊള്ളമ്പേൽ, ജോസി കുരിശിങ്കൽ, സെക്രട്ടറി പ്രജിൽ അലക്സാണ്ടർ, ലിൻസ് ജോസഫ് തുടങ്ങി എല്ലാ ഭാരവാഹികളും അറിയിച്ചു.

Park address: 8135 Lorel Avenue, Skokie, IL 60077

# ജോസഫ് കാഞ്ഞമല വൈസ്മെൻ ഇന്റർനാഷണൽ യുഎസ് ഏരിയാപ്രസിഡണ്ട്


**ഷോളി കുമ്പിളുവേലി**

ന്യൂയോർക്ക്: വൈസ്മെൻ ഇന്റർനാഷണൽ യുഎസ് ഏരിയ പ്രസിഡണ്ടായി മലയാളിയായ ജോസഫ് കാഞ്ഞമല (ന്യൂയോർക്ക്) തെരഞ്ഞെടുക്കപ്പെട്ടു. മറ്റു ഭാരവാഹികളായി നാൻസി ലിബി (ലോസ് ആഞ്ചലസ്) - ഏരിയ സെക്രട്ടറി, ഡേവിഡ് വർക്മാൻ (ബോസ്റ്റൺ)- ഏരിയ ട്രഷറർ എന്നിവരെയും തെരഞ്ഞെടുത്തു. പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണം ജൂൺ 29-ന് ഞായറാഴ്ച ലോങ്ങ് അയർലണ്ടിൽ നടക്കുന്ന വൈസ്മെൻ നോർത്ത് അറ്റ്ലാന്റിക് റീജിയണൽ കൺവൻഷനിൽവെച്ച് നടക്കുന്നതാണ്. സ്ഥാനാരോഹണ ചടങ്ങുകൾക്ക് നിലവിലെ ഏരിയാ പ്രസിഡണ്ട് ഡഗ്ലസ് ജോൺസ് നേതൃത്വം നൽകും.


ജോസഫ് കാഞ്ഞമല


നാൻസി ലിബി


ഡേവിഡ് വർക്മാൻ


ഡഗ്ലസ് ജോൺസ്

1922-ൽ അമേരിക്കയിലെ ഒഹായോ സംസ്ഥാനത്തെ ടോളിഡോ എന്ന ഗ്രാമത്തിൽ ജസ്റ്റിസ് പോൾ വില്യം അലക്സാണ്ടർ സ്ഥാപിച്ച നോൺ പ്രോഫിറ്റ് ഓർഗനൈസേഷൻ ആണ് ഇന്ന് ലോകത്തു തൊണ്ണൂറു രാജ്യങ്ങളിലായി വ്യാപിച്ചുകിടക്കുന്ന വൈസ്മെൻ ക്ലബ്.

കുടുംബസൗഹൃദങ്ങളിലും ജീവകാരുണ്യപ്രവർത്തനങ്ങളിലും ഊന്നൽ നൽകുന്ന വൈസ്മെൻ, പ്രവർത്തനമികവിനായി ലോകത്തു എട്ടു ഏരിയകളായി തിരിച്ചിരിക്കുന്നു. അതിൽ ശക്തമായ ഏരിയകളിലൊന്നാണ് അമേരിക്ക. സ്വിറ്റ്സർലൻഡിലെ ജനീവയിലാണ് വൈസ്മെൻ ഇന്റർനാഷണലിന്റെ ഹെഡ്ക്വാർട്ടേഴ്സ് സ്ഥിതിചെയ്യുന്നത്.

അമേരിക്കൻ ഏരിയയുടെ പുതിയ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ജോസഫ് കാഞ്ഞമല, വൈസ്മെൻ ഇന്റർനാഷണലിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന പതിനഞ്ചുപേരടങ്ങുന്ന അസംബ്ലിയിലെ അംഗമാണ്. അടുത്ത അസംബ്ലി ഈ വർഷം ജൂലൈ 27 മുതൽ ഓഗസ്റ്റ് 1 വരെ ജപ്പാനിൽ ആണ് കൂടുന്നത്. 2016-ൽ ന്യൂയോർക്കിലെ വെസ്റ്റ്ചെസ്റ്ററിൽ സുഹൃത്തുക്കളോട് ചേർന്ന് അദ്ദേഹം പുതിയ ക്ലബ് സ്ഥാപിച്ചു.

"ചാർട്ടർ" പ്രസിഡണ്ടായി വൈസ്മെൻ ഇന്റർനാഷണലിൽ പ്രവർത്തനം ആരംഭിച്ച ജോസഫ് കാഞ്ഞമല, 2019 മുതൽ രണ്ടു വർഷം വൈസ്മെൻ ക്ലബ്ബിന്റെ നോർത്ത് അറ്റ്ലാന്റിക് റീജിയന്റെ 'റീജിയണൽ ഡയറക്ടറായും' സേവനം ചെയ്തു. ഇതിനോടകം വൈസ് മെൻ ഇന്റർനാഷണലിന്റെ വിവിധ ഉത്തരവാദിത്തങ്ങൾ വഹിച്ചിട്ടുള്ള കാഞ്ഞമല, മികച്ചൊരു സംഘാടകൻ കൂടിയാണ്.

സീറോ മലബാർ കത്തോലിക്കാ കോൺഗ്രസ് ചിക്കാഗോ രൂപത ജനറൽ സെക്രട്ടറിയായും ചിക്കാഗോ രൂപത പാസ്റ്ററൽ കൗൺസിൽ അംഗമായും പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം വിവിധ ജീവകാരുണ്യ പദ്ധതികളുടേയും ഭാഗമായി പ്രവർത്തിക്കുന്നു.

സർട്ടിഫൈഡ് പബ്ലിക് അക്കൗണ്ടന്റ് (സിപിഎ) ആയ ജോസഫ് കാഞ്ഞമല, ക്ലെവ്‌ലാൻഡ് ആസ്ഥാനമായ അമേരിക്കയിലെ ഏഴ് വലിയ അക്കൗണ്ടിംഗ് ആൻഡ് കൺസൾട്ടിങ് ഫേമുകളിൽ ഒന്നായ "CBIZ" യുടെ മാനേജിങ് ഡയറക്ടറും പാർട്ണറും ആണ്.

ഗ്രേസിയാണ് ഭാര്യ. ജെസ്സിക്ക, ജസ്റ്റിൻ എന്നിവർ മക്കളും. നാട്ടിൽ ഇടുക്കി കമ്പിളികണ്ടം സ്വദേശിയാണ്.

# ഫോമാ നാഷണൽ കമ്മിറ്റിയും സെൻട്രൽ റീജിയനും കൈകോർത്ത് സഹായഹസ്തവുമായി കേരളത്തിലേക്ക്

**ഷോളി കുമ്പിളുവേലി**

ഫ്ളോറിഡ: ഫോമാ നാഷണൽ കമ്മിറ്റിയുടെയും ഫോമാ സെൻട്രൽ റീജിയന്റെയും സംയുക്ത ആഭിമുഖ്യത്തിൽ കണ്ണൂർ ജില്ലയിലെ ഇരിട്ടിയിൽ ചിന്നമ്മ എന്ന സ്ത്രീക്ക് സ്വന്തം ഭവനം എന്ന അവരുടെ ചിരകാല സ്വപ്നം സാക്ഷാത്കരിക്കുവാൻ സഹായിച്ചു എന്നത് ഫോമയെ സ്നേഹിക്കുന്ന എല്ലാവർക്കും ചാരിതാർത്ഥ്യം നൽകുന്ന പ്രവൃത്തിയാണ്.


ജോൺസൺ കണ്ണൂക്കാടൻ


ജോർജ് മാത്യു


ജോസി കുരിശുങ്കൽ

ഫോമയുടെ പന്ത്രണ്ടു റീജിയനുകളിൽ പ്രവർത്തന മികവിൽ മുന്നിൽ നിൽക്കുന്ന ഒന്നാണ് ചിക്കാഗോ കേന്ദ്രീകരിച്ചുള്ള സെൻട്രൽ റീജിയൻ. ജോൺസൺ കണ്ണൂക്കാടൻ ആർവിപി ആയുള്ള ഈ റീജിയന്റെ കമ്മ്യൂണിറ്റി സർവീസ് ഏവരുടെയും പ്രശംസ പിടിച്ചുപറ്റുന്നതാണ്. രക്തദാനം, ഹോസ്പിറ്റൽ ചികിത്സ, ഭവന ദാനം, വിദ്യാർത്ഥികൾക്കുള്ള പഠനസഹായം തുടങ്ങി വിവിധങ്ങളായ ജീവകാരുണ്യ പദ്ധതികളും സെൻട്രൽ റീജിയന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. സെൻട്രൽ റീജിയന്റെ പ്രവർത്തനങ്ങൾ ഫോമയ്ക്ക് എന്നും യശസ്സ് നൽകുന്നതാണെന്ന് ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ പറഞ്ഞു. സെൻട്രൽ റീജിയന്റെ മികവാർന്ന പ്രവർത്തനങ്ങളെ ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അനുമോദിക്കുകയും എല്ലാവിധ ആശംസകൾ നേരുകയും ചെയ്തു.

ഫോമാ സെൻട്രൽ റീജിയന്റെ പ്രശംസനീയമായ പ്രവർത്തനങ്ങൾക്ക് ആർവിപി ജോൺസൺ കണ്ണൂക്കാടൻ, റീജിയണൽ സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു, റീജിയണൽ ട്രഷറർ രാജൻ തലവടി, റീജിയണൽ ചെയർമാൻ ആന്റോ കവലക്കൽ, നാഷണൽ കമ്മിറ്റി അംഗങ്ങളായ ജോർജ് മാത്യു, ജോസി കുരിശുങ്കൽ, ജുഡീഷ്യൽ കൗൺസിൽ ചെയർമാൻ ബെന്നി വാച്ചാച്ചിറ, അഡ്വൈസറി ബോർഡ് വൈസ് ചെയർമാൻ ജോസ് മണക്കാട്ട്, ചാരിറ്റി ചെയർമാൻ പീറ്റർ കുളങ്ങര, അഡ്വൈസറി ചെയർ സ്റ്റീഫൻ കിഴക്കേക്കുറ്റ്, റീജിയണൽ കോ-ഓർഡിനേറ്റർ സാബു കട്ടപ്പുറം, സീനിയർ ഫോറം പ്രതിനിധി ജോർജ് ജോസഫ് കൊട്ടുകപ്പിള്ളി, വനിതാ ഫോറം പ്രതിനിധികളായ ഡോ. റോസ് വടകര, ആഷാ മാത്യു, യൂത്ത് പ്രതിനിധി ഡേവിഡ് ജോസഫ് എന്നിവർ നേതൃത്വം നൽകിവരുന്നു.

# SEEKING BRIDEGROOM

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite mar-

# SEEKING BRIDE

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at

**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email :- **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to:

**inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller. Please respond with a photo to **dm1235@gmail.com**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

# SEEKING BRIDEGROOM CONTD.....

riage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented.
If interested, please email:
**medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

# നിര്യാതരായി

## ജോർജ് ജോസഫ്

**തൃശൂർ:** എഫ്എൻപിഒ സ്ഥാപക സെക്രട്ടറിയും റിട്ട. പോസ്റ്റ്മാസ്റ്ററും മുൻ പബ്ലിക് റിലേഷൻ ഇൻസ്പെക്ടറുമായ കിഴക്കേകോട്ട ചേലപ്പാടൻ ജോർജ് ജോസഫ് (86) അന്തരിച്ചു. ഭാര്യ ഒല്ലൂർ മേച്ചേരി കുടുംബാംഗം മേഴ്സി (റിട്ട. അദ്ധ്യാപിക). മക്കൾ: ഡോ. വത്സ പാട്രിക് (യുഎസ്), അനിത ബിന്റോ (അദ്ധ്യാപിക), പരേതനായ ഡോ. ജോസഫ് ജോർജ്. മരുമക്കൾ: പാട്രിക് മുരിങ്ങത്തുപറമ്പിൽ (യുഎസ്), ബിന്റോ ജോൺ മേലിറ്റ് പാലത്തിങ്കൽ (അദ്ധ്യാപകൻ, തലോർ).

**കൊച്ചി:** പാരമൗണ്ട് ടീ മാർക്കറ്റിങ് ചെയർമാൻ തേവര ചാക്കോളാസ് ഹാബിറ്റാറ്റിൽ അമ്പാട്ട് ചെറുകര ഫിലിപ്പ് രജിത് നൈനാൻ (76) അന്തരിച്ചു.

**പുതുപ്പള്ളി:** ഇരവിനല്ലൂർ പെരുമ്പുഴയിൽ പരേതനായ പി.കെ. ജോർജിന്റെ ഭാര്യ കെ.സി. അച്ചാമ്മ (തങ്കമ്മ-89) അന്തരിച്ചു.

**കടയ്ക്കൽ:** ഇന്റലിജൻസ് ബ്യൂറോ മുൻ അഡീഷണൽ ഡയറക്ടർ ചിതറ കിഴക്കുഭാഗം പരുത്തിവിള ശ്രീകൃഷ്ണ വിലാസത്തിൽ എസ്.എച്ച്.കെ. ശർമ (91) അന്തരിച്ചു.

**തിരുവഞ്ചൂർ:** പായിക്കാട്ട് കൊരട്ടിയിലായ മലയാറ്റൂർ കെ.സി. മർക്കോസ് (88) അന്തരിച്ചു.

## ബേബി ജോസഫ്

**വരാപ്പുഴ:** പ്രമുഖ സാഹിത്യകാരനും അദ്ധ്യാപകനുമായിരുന്ന പ്രഫ. എം.പി. പോളിന്റെ മകൾ പുത്തൻപള്ളി മേച്ചേരി ബേബി ജോസഫ് (95) അന്തരിച്ചു. മക്കൾ: വിജോയ് (യുഎസ്), ബാല. മരുമക്കൾ: അന്ന, ജോർജ് കളത്തിൽ.

**കളമശേരി:** ഝാർഖണ്ഡ് സത്ബർവ്വ മിഷൻ ആശുപത്രി മെഡിക്കൽ സൂപ്രണ്ട് ചെങ്ങമനാട് കളയിലുവിള ഡോ. ആഷ്‌ലി ജോൺ (40) അന്തരിച്ചു.

## അഡ്വ. സി. സുധാകരൻ

**തൃശൂർ:** തൃശൂർ ബാർ അസോസിയേഷൻ അംഗവും കോൺഗ്രസ് നേതാവുമായിരുന്ന തിരുവമ്പാടി മൂന്നുകുറ്റി ശാന്തിനഗറിൽ ചാക്യാട്ട് അഡ്വ. സി. സുധാകരൻ (85) അന്തരിച്ചു. ഭാര്യ ഡോ. ജെ. സരോജിനി മേനോൻ (റിട്ട. ഡെന്റൽ സർജൻ). മക്കൾ: ഡോ. സജിതാ മേനോൻ (യുഎസ്), ഡോ. സരിത മേനോൻ (തൃശൂർ). മരുമക്കൾ: വി.ആർ. രഘു (യുഎസ്), ദിലീപ് (ചെന്നൈ).

**മാവേലിക്കര:** ബേബി ആൻഡ് സൺസ് ടൈം ഹൗസ് ഉടമ തുണ്ടിയിൽ പരേതനായ അലക്സാണ്ടർ വർഗീസിന്റെയും ലില്ലിക്കുട്ടിയുടെയും മകൻ വിനു ടി. അലക്സ് (49) അന്തരിച്ചു.

## അന്നമ്മ വർക്കി


**തിരുവനന്തപുരം:** കുമരകം മ്ളാട്ടുശ്ശേരി ജോയി കുര്യന്റെ (റിട്ട. ഡെവലപ്മെന്റ് കമ്മീഷണർ) ഭാര്യ വഴുതക്കാട് കോട്ടൺഹിൽ ഗേൾസ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപിക അന്നമ്മ വർക്കി (75) അന്തരിച്ചു. കോട്ടയം കൊല്ലാട് മഠത്തുംപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ജിഷ (യുഎസ്), ആഷ (ഇൻഫോസിസ്). മരുമക്കൾ: വിബി (യുഎസ്), ഷിനു (ഐബിഎസ്).

**പൊന്നാനി:** മുതിർന്ന കോൺഗ്രസ് നേതാവും കെപിസിസി അംഗവുമായ വി. സെയ്ത് മുഹമ്മദ് തങ്ങൾ (71) അന്തരിച്ചു.

**പത്തനംതിട്ട:** ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹം പത്തനംതിട്ട പ്രൊവിൻസ് അംഗം സിസ്റ്റർ സന്തുഷ്ട (80) അന്തരിച്ചു.

**കാനം:** പടിഞ്ഞാറേപറമ്പിൽ (കാറ്റാടിച്ചിറ) പരേതനായ കെ.എ. മണിയുടെയും ലൂയിസ് മാണിയുടെയും മകൻ അഭിലാഷ് കെ. മാണി (44) അന്തരിച്ചു.

## ടി.സി. അലക്സാണ്ടർ അന്തരിച്ചു



**അറ്റ്ലാന്റ:** ജോർജിയ റിപ്പബ്ലിക്കൻ പാർട്ടിയുടെ ഗ്രാസ്റൂട്ട് സ്ട്രാടജിസ്റ്റും ജിഐഎസി ജനറൽ സെക്രട്ടറിയുമായ അമേരിക്കൻ മലയാളി ഷാജൻ അലക്സാണ്ടറിന്റെ പിതാവ് ടി.സി. അലക്സാണ്ടർ (ജോർജുകുട്ടി-95) തിരുവല്ലയിൽ അന്തരിച്ചു. കേരള സിഡ്കോ ജനറൽ മാനേജരായി വിരമിച്ച അലക്സാണ്ടർ ചെങ്ങന്നൂർ പാണ്ടനാട് തെക്കേതയ്യിൽ കുടുംബാംഗമാണ്. ചെങ്ങന്നൂർ പറമ്പത്തൂർ പരേതയായ അമ്മിണിയാണ് ഭാര്യ. മറ്റുമക്കൾ: ജേക്കബ് ടി. അലക്സാണ്ടർ, അഡ്വ. ജോൺ റ്റി. അലക്സാണ്ടർ, ജോർജ് അലക്സ് തയ്യിൽ, ജെസ്സി അനിൽ. മരുമക്കൾ: പ്രേമ കണ്ടത്തിൽ കുമ്പനാട്, ഡിജി ഗ്രേസ് വില്ല മുളക്കുഴ, ജീന മുള്ളങ്കാട്ടിൽ റാന്നി, അനിൽ തോളുപറമ്പിൽ കോഴഞ്ചേരി, നിസ്സി ഷാജൻ (ക്ലിനിക്കൽ സോഷ്യൽ വർക്കർ യുഎസ്എ). ജൂലൈ രണ്ടിന് ബുധനാഴ്ച രാവിലെ 9-ന് തിരുവല്ല മഞ്ഞാടി മാമ്മൻ മത്തായി നഗർ റെസിഡൻസ് അസോസിയേഷൻ ഹാളിലെ പൊതുദർശനത്തിനുശേഷം മഞ്ഞാടി ക്രിസ്ത്യൻ ഫെലോഷിപ്പ് ചർച്ച് സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കും.

വാർത്ത: ജിൻസ്മോൻ സക്കറിയ

## തോമസ് ദേവസ്യ

**എടത്വ:** മണ്ണാന്തുരുത്തിൽ തോമസ് ദേവസ്യ (പാപ്പച്ചൻ-97) അന്തരിച്ചു. ഭാര്യ ചങ്ങനാശേരി വടക്കേറ്റം പരേതയായ മേരിക്കുട്ടി. മക്കൾ: ബാബു മണ്ണാന്തുരുത്തിൽ (എടത്വ ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡണ്ട്), ജിമ്മിച്ചൻ (എടത്വ), ടോമിച്ചൻ (യുഎസ്), ആൻസി, ജെസി, പുഷ്പമ്മ, പരേതനായ ബേബിച്ചൻ. മരുമക്കൾ: കരുമാടി കുര്യൻ പറമ്പ് ലാലി (റിട്ട. പി.ഡബ്ല്യുഡി എൻജിനീയർ), സാലിമ്മ വളയത്തിൽ (മങ്കൊമ്പ്), മണ്ണാർക്കാട് കൈതമറ്റം സെലിൻ, തടിയൂർ ചെക്കാട്ട് ജയിൻ (ഇരുവരും യുഎസ്), തൊമ്മിക്കുട്ടി വാളംപറമ്പിൽ (മുട്ടാർ), ജോണിച്ചൻ ഇട്ടിയാംപറമ്പ് (അർത്തിശേരി), അനിയൻ പീറ്റർ മിനിവിഹാർ (കൊല്ലം).

രേസാസ് ഗേൾസ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ കോട്ടാങ്ങൽ കാവുങ്കൽ തോമസ് ചാക്കോ (59) അന്തരിച്ചു.

**ഉദയംപേരൂർ:** കുറവിലങ്ങാട് ദേവമാതാ കോളജ് കെമിസ്ട്രി വിഭാഗം മുൻ എച്ച്ഒഡി ചൂരക്കുഴിയിൽ പ്രഫ. സി.പി. ജോയി (70) അന്തരിച്ചു.

**കോതനല്ലൂർ:** കെഎസ്ഇബി റിട്ട. എസ്എസ് നമ്പേരിൽ എൻ.വി. ജോബ് (90) അന്തരിച്ചു.

**തിരുവനന്തപുരം:** ബാലസംഘത്തിന്റെ മുൻ ജില്ലാ സെക്രട്ടറിയും സിപിഎം ജില്ലാ കമ്മിറ്റി ഓഫീസ് മുൻ ചുമതലക്കാരനുമായിരുന്ന എൻ.ആർ ഹരികുമാർ (62) അന്തരിച്ചു.

**തിരുവല്ല:** ഇന്ത്യൻ അലുമിനിയം കമ്പനി (ഇൻഡാൽ) മുൻ പർച്ചേസ് മാനേജരും പുതിക്കോട്ട് കുടുംബയോഗം പ്രസിഡണ്ടുമായ പുതിക്കോട്ട് ചാവടിയിൽ ജോസഫ് കോശി (ഔസേപ്പച്ചൻ-98) അന്തരിച്ചു.

**കുറിശുമ്മൂട്:** കെഎസ്ആർടിസി റിട്ട. ഉദ്യോഗസ്ഥൻ പീസ് ലെയ്ൻ വടക്കേമഠം (തെങ്ങുന്താനം) എം.ആർ. രാജേന്ദ്രകുമാർ (73) അന്തരിച്ചു.

**കോട്ടയം:** ആര്യാട്ടുപറമ്പിൽ പരേതനായ ഡേവിഡ് മാത്തന്റെ ഭാര്യ എം.ഡി. സെമിനാരി ഹൈസ്കൂൾ റിട്ട. അദ്ധ്യാപിക അക്കാമ്മ ഡേവിഡ് (കുട്ടിയമ്മ-91) അന്തരിച്ചു.


**ആപ്പാഞ്ചിറ:** പൂഴിക്കോൽ പുത്തൻപുരയിൽ (നാവള്ളിൽ) പി.ജെ. അലക്സാണ്ടർ (ചാണ്ടിക്കുഞ്ഞ്-85) അന്തരിച്ചു.

**ഭരണങ്ങാനം:** പള്ളിക്കുന്നേൽ പരേതനായ പി.എഫ്. ജോണിന്റെ ഭാര്യ ത്രേസ്യാമ്മ ജോൺ (85) അന്തരിച്ചു.

**ഇളങ്ങോയി:** പുളിങ്കുന്ന് സെ. ജോസഫ് എച്ച്എസ് റിട്ട. അദ്ധ്യാപകൻ മോഴൂർ വിമലഭവൻ മാത്തൻ ലൂക്കോസ് (98) അന്തരിച്ചു.

**കുവപ്പള്ളി:** ഇടത്തറയിൽ പരേതനായ ഇ.ഒ. ജോർജിന്റെ ഭാര്യ അമ്മിണി ജോർജ് (85) അന്തരിച്ചു.

## ജോൺ വർഗീസ്



**ടൊറന്റോ:** തിരുവല്ല ഇരട്ടപ്ലാമൂട്ടിൽ ജോൺ വർഗീസ് (കുഞ്ഞുമോൻ-85) കാനഡയിലെ ടൊറന്റോയിൽ അന്തരിച്ചു. ടൊറന്റോ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകാംഗമാണ്. ഭാര്യ: മറിയാമ്മ വർഗീസ് (കുഞ്ഞുമോൾ). മക്കൾ: ജെയ്സൺ, ലിസ. മരുമക്കൾ: ക്രിസ്റ്റീന, റോയ്. സഹോദരങ്ങൾ: ജോൺ മാത്യു, മേരി ജോൺ, വത്സമ്മ ജോൺ, പരേതനായ ജോൺ ജെ. ജോൺ (കേരള സന്തോഷ് ട്രോഫി മുൻ ക്യാപ്റ്റൻ), ജോൺ ജേക്കബ്, എലിസബത്ത് ജോൺ, ജോൺ സാമുവേൽ.

**കൊയിലാണ്ടി:** മദ്യവർജന സമിതി സംസ്ഥാന പ്രസിഡണ്ടും ചില്ല സാംസ്കാരിക മാസിക പത്രാധിപരുമായ കൊല്ലം ശാന്തിസദനിൽ ഇളയിടത്ത് വേണുഗോപാൽ (82) അന്തരിച്ചു.

**ചെക്കിടിക്കാട്:** കേരള കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി കരിക്കംപള്ളി നന്നാട്ടുമാലി ജേക്കബ് ചാക്കോ (ബേബിച്ചൻ-77) അന്തരിച്ചു.

**പേരൂർ:** കാക്കനാട് പൂവന്നികുന്നേൽ പി.സി. വർഗീസ് (ബാബു-79) അന്തരിച്ചു.

**കാവുംകണ്ടം:** കരിഞ്ഞാങ്കൽ (പാറയടിയിൽ) പരേതനായ മാത്യു മൈക്കിളിന്റെ മകൻ തോമസ് മത്തായി (49) അന്തരിച്ചു.

**അതിരമ്പുഴ:** തൈത്തറയിൽ ചാക്കോയുടെ മകൻ റെജി ചാക്കോ (57) അന്തരിച്ചു.

**എടത്വ:** ഇരുപത്തഞ്ചിൽ ചിറ ചിരിയൻകണ്ടത്ത് മേരിക്കുട്ടി തോമസ് (73) അന്തരിച്ചു.

**കുളത്തൂർമൂഴി:** പാതിരുവേലിൽ റിട്ട. ക്യാപ്റ്റൻ രാധാകൃഷ്ണൻ നായരുടെ ഭാര്യ ലളിതാഭായി (75) അന്തരിച്ചു.

**തൃശൂർ:** തബല വിദ്വാനായിരുന്ന കണിമംഗലം കൂർക്കഞ്ചേരി പുളിയാഞ്ചേരി വീട്ടിൽ പ്രദീപ് രാമനാട്ടുകര (56) അന്തരിച്ചു.

**കാഞ്ഞാർ:** റെയിൽവേ റിട്ട. ഉദ്യോഗസ്ഥൻ കൂവപ്പള്ളി പാറേക്കാട്ടിൽ പി.ജെ. ഡേവിസ് (58) അന്തരിച്ചു.

**കുറിച്ചി:** സചിവോത്തമപുരം പുത്തൻതറ സലിമിന്റെ ഭാര്യആൻസി സലിം (50) അന്തരിച്ചു.

**പെരുവ:** ശങ്കരമംഗലം എസ്.ജി. രാജൻ (72) അന്തരിച്ചു.

## സൂസമ്മ തമ്പി

**ചിങ്ങവനം:** കേളച്ചന്ദ്ര പരേതനായ തമ്പി തോമസിന്റെ ഭാര്യ കോട്ടയം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് റിട്ട. ഉദ്യോഗസ്ഥ സൂസമ്മ തമ്പി (74) അന്തരിച്ചു. കുറിച്ചി പുതിയമറ്റം കുടുംബാംഗമാണ്. മക്കൾ: ടിംസ് (യുഎസ്), താര (ബെംഗ്ലൂർ). മരുമക്കൾ: ഗ്രീഷ്മ വടക്കേൽ അയൂത്ത് തിരുവൻവണ്ടൂർ (യുഎസ്), ഷിജു വെള്ളുവന്താനത്ത് മഴുക്കീർ (ബെംഗ്ളൂർ).

**വാകത്താനം:** അട്ടച്ചിറയിൽ ജോസഫ് ചാക്കോ (ബേബി-72) അന്തരിച്ചു.

**കിളിരൂർ:** നാഷണൽ ബുക്സ്റ്റാൾ റിട്ട. ബ്രാഞ്ച് മാനേജർ കാരുവള്ളിൽ രാധാകൃഷ്ണൻ നായർ (90) അന്തരിച്ചു.

**തൃക്കൊടിത്താനം:** അയർക്കാട്ടുവയൽ പുല്ലുകാട്ട് തോമസ് ജോസഫ് (ജോസുകുട്ടി-78) അന്തരിച്ചു.

## ത്രേസ്യാമ്മ ജോസഫ്

**വെമ്പള്ളി:** കൊച്ചുപുരയ്ക്കൽ (നായ്ക്കൻതറവായിൽ) ത്രേസ്യാമ്മ ജോസഫ് (90) അന്തരിച്ചു. അതിരമ്പുഴ ഞരളക്കോട്ടിൽ കുടുംബാംഗമാണ്. ഭർത്താവ് കെ.ജെ. ജോസഫ്. മക്കൾ: ആലീസ്, ഫിലോമിന, ലിസി, ബെന്നി, ലൗലി (യുഎസ്). മരുമക്കൾ: ജോയി ഉലഹന്ത്രക്കുഴിയിൽ, അഗസ്റ്റിൻ താഴത്തുവള്ളിപ്പാലം, ജോസ് കളപ്പുരയിൽ, മിനി ഇലവത്തിൽ, ജെയ്മോൻ മാമ്പതിയിൽ (യുഎസ്).

**ഏറ്റുമാനൂർ:** ക്ലാമറ്റം വെൺപറമ്പിൽ അന്നമ്മ മാണി (95) അന്തരിച്ചു.

**തെള്ളകം:** പുല്ലുകാലായിൽ ജോസഫ് മാത്യു (പാപ്പച്ചൻ-74) അന്തരിച്ചു.

**തൃശൂർ:** എൻജിഒ അസോസിയേഷൻ സംസ്ഥാന സെക്രട്ടറിയും കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ സംസ്ഥാന സെക്രട്ടറിയും തൃശൂർ എസ്പി ഓഫീസ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമായിരുന്ന അയ്യന്തോൾ വടക്കേത്തല മുണ്ടശേരി ജോസഫ് (ജോസഫ് മുണ്ടശേരി-79) അന്തരിച്ചു.

**ഇടപ്പാടി:** മുരിങ്ങയിൽ എം.സി. ഏബ്രഹാം (കുഞ്ഞ്-94) അന്തരിച്ചു.

**കോട്ടയം:** വെട്ടൂർ വി.സി. ജോസഫിന്റെ ഭാര്യ ആൻസി ജോസഫ് (73) അന്തരിച്ചു.

**പൂവത്തിളപ്പ്:** മണലുങ്കൽ സെ. അലോഷ്യസ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ മുങ്ങാമാക്കൽ എം.ജെ. ജോസഫ് (ഏപ്പ്-89) അന്തരിച്ചു.

**കോതമംഗലം:** ചിത്രകാരനും ഫോട്ടോഗ്രാഫറുമായ വാരപ്പെട്ടി പുമറ്റത്തിൽ പി.വൈ. പൗലോസ് (ഒണിക്സ് പൗലോസ്-69) അന്തരിച്ചു.

**കടപ്ലാമറ്റം:** കൊളത്താപ്പള്ളിൽ മൈക്കിൾ ലൂക്കോയുടെ ഭാര്യ ത്രേസ്യാമ്മ മൈക്കിൾ (90) അന്തരിച്ചു.

## മറിയക്കുട്ടി കുര്യാക്കോസ്

**കോതനല്ലൂർ:** നെറ്റിക്കാട്ടേൽ പരേതനായ എൻ.സി. കുര്യാക്കോസിന്റെ (റബർ വ്യാപാരി) ഭാര്യ മറിയക്കുട്ടി കുര്യാക്കോസ് (92) അന്തരിച്ചു. അതിരമ്പുഴ വെള്ളിമംഗലം കുടുംബാംഗമാണ്. മക്കൾ: സിസ്റ്റർ മേരി ക്ലെയർ, അമ്മിണി ടോം (റിട്ട. എച്ച്എസ്എ), ആന്റണി കുര്യാക്കോസ് (റിട്ട. ഇന്ത്യാർ ഫാക്ടറി പാലാ), ജോർജ് കുര്യാക്കോസ് (റിട്ട. ദുബായ് അലുമിനിയം കമ്പനി), മോളി ജോയ്, ഷാജി കുര്യാക്കോസ് (ഇരുവരും യുഎസ്), ബിജോയ് കുര്യാക്കോസ് (ദുബായ് അലുമിനിയം കമ്പനി), ജിജിമോൾ ഷാജി (യുഎസ്). മരുമക്കൾ: ടോം ജോസഫ് പെരിഞ്ചല്ലൂർ കോഴിക്കോട് (റിട്ട. പ്രഫ. ദേവഗിരി കോളജ്), ആൻസി ശൗര്യാംകുഴിയിൽ പാലാ (റിട്ട. പ്രിൻസിപ്പൽ എച്ച്എസ്എസ് ഇലഞ്ഞി), മോളി ജോർജ് പടിഞ്ഞാറേ കുഞ്ഞിപ്പാറയിൽ (മുത്തോലപുരം), പി.വി. ജോയി പൂവം നിൽക്കുന്നതിൽ ഏറ്റുമാനൂർ (ഏറ്റുമാനൂർ സർവീസ് സഹകരണ ബാങ്ക് ഭരണസമിതിയംഗം), സുജ വല്യാറ കുമരകം (യുഎസ്), ജോബി അറയ്ക്കൽ ആലപ്പുഴ (നേഴ്സിങ് ഓഫീസർ ജനറൽ ആശുപത്രി കോട്ടയം), ഷാജി ഇടപ്പറമ്പിൽ തലയോലപ്പറമ്പ് (യുഎസ്).

## ഏലിക്കുട്ടി വർഗീസ്

**തുരുത്തി:** കുന്നത്ത് കെ.ജെ. വർഗീസിന്റെ ഭാര്യ ഏലിക്കുട്ടി വർഗീസ് (84) യുഎസിൽ അന്തരിച്ചു. തുരുത്തി കല്ലുമാടിക്കൽ കുടുംബാംഗം.

**കുറുപ്പന്തറ:** പാളിയിൽ ചെറുകര എത്സമ്മ തോമസ് (78) അന്തരിച്ചു.

**പുത്തൻകാവ്:** കോട്ടയം കളക്ടറേറ്റ് റിട്ട. ഉദ്യോഗസ്ഥ കുമാരനെല്ലൂർ പുതുപ്പറമ്പിൽ ശോശാമ്മ ചെറിയാൻ (അമ്മിണി-95) അന്തരിച്ചു.

**പരുമല:** ദേവസ്വം ബോർഡ് പമ്പ കോളജ് ഇംഗ്ലീഷ് വിഭാഗം മുൻ മേധാവിയും തിരുവല്ല താലൂക്ക് സെക്രട്ടറിയുമായിരുന്ന പരുമല വടക്കേപറമ്പിൽ പ്രഫ. എ.ലോപ്പസ് (86) അന്തരിച്ചു.

**പേരാവൂർ:** തിരുഹൃദയ സന്യാസിനി സമൂഹം തലശ്ശേരി സെ. ജോസഫ്സ് പ്രോവിൻസ് അംഗവും എടത്തൊട്ടി സാന്റ്റ മരിയ ഭവനാംഗവുമായ സിസ്റ്റർ ആലീസ് ജെയിംസ് (77) അന്തരിച്ചു.

**കുഴിമറ്റം:** പുതിയടത്തു ജയ്ഭവനിൽ പരേതനായ തോമസ്കുട്ടിയുടെ ഭാര്യ ആലീസ് തോമസ് (82) അന്തരിച്ചു.

**മാങ്ങാനം:** റബർ ബോർഡ് റിട്ട. ടാപ്പിങ് ട്രെയിനി ഓഫീസർ റൂബിനഗർ മല്ലികാനിവാസിൽ സി.എ. രാഘവൻ (70) മംഗലാപുരത്ത് അന്തരിച്ചു.

**മൂലമറ്റം:** പാറയിൽ ജെസ്സി ടോമി (60) അന്തരിച്ചു.

# Holiday Let

## Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/ shopping centres. Beautiful view of Kochi City. Location- Vennala near Holiday Inn Hotel.

**Contact NG Jerome**

**Mob: +91 9446211630**




## CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call**

**845 480 4721 or**

**email drmathai123@gmail.com**

## ചിക്കാഗോയിൽ ബേബിസിറ്ററെ ആവശ്യമുണ്ട്

ചിക്കാഗോയിലുള്ള കുടുംബത്തിന് നവജാത ശിശുവിനായി മലയാളം സംസാരിക്കുന്ന Baby Sitter-നെ ആവശ്യമുണ്ട്. അനുഭവമുള്ള, വിശ്വാസമർഹിക്കുന്ന വനിതകൾക്ക് അപേക്ഷിക്കാവുന്നതാണ്.

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക:**

**Rose Vadakara 708-662-0774**

### ഉപകാരസ്മരണ



*Inserted by: Firm Believer, New York*

### ഉപകാരസ്മരണ



*Inserted by: Firm Believer, New York*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത
ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും
കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെ
മെ. യാതൊരു സഹായവും ഫല സിദ്ധിയുമി
ല്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും
ഗോചരവുമായ സഹായം ചെയ്യുന്നതിന്
അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരി
ക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെ
മെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ
(ആവശ്യം പറയുക) അങ്ങയുടെ സഹായം
ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീ
ഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ
ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതി
കളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ
വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന
ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥ
നയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം
ചൊല്ലുക. അത് ഒരു കാലവും സഫലമാകാതി
രിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Boston*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**


മിശിഹായുടെ സ്നേഹിതനും വിശ്വസ്ത
ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും
കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെ
മെ. യാതൊരു സഹായവും ഫല സിദ്ധിയുമി
ല്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും
ഗോചരവുമായ സഹായം ചെയ്യുന്നതിന്
അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരി
ക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെ
മെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ
(ആവശ്യം പറയുക) അങ്ങയുടെ സഹായം
ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീ
ഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ
ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതി
കളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ
വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന
ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥ
നയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം
ചൊല്ലുക. അത് ഒരു കാലവും സഫലമാകാതി
രിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Boston*

Visit Our Website: **www.keralaexpress.com for Classified Advt.**

# ആയോധന കലകളുടെ നേർകാഴ്ചകളുമായി ഓതിരം 2025 ഹൂസ്റ്റൺ സ്റ്റാഫോർഡിൽ




ഹൂസ്റ്റൺ: കേരളത്തിന്റെ പരമ്പരാഗത ആയോധന കലയും ലോകത്തുള്ള സകല കായികാഭ്യാസ മുറകളുടെയും മൂലസ്ഥാനം അലങ്കരിക്കുന്നതുമായ കളരിവിദ്യയും കരാട്ടെയുടെ കാണാകരുത്തും പരിചയപ്പെടുത്തുന്ന ഓതിരം 2025 എന്ന ഒരു പ്രദർശന ശില്പശാല ഒക്ടോബർ അഞ്ചിനു ഹൂസ്റ്റൺ സ്റ്റാഫോർഡ് സിറ്റി സിവിക് സെന്ററിൽ പൊതുജനങ്ങൾക്കായി സംഘടിപ്പിക്കുന്നു.

കഴിഞ്ഞ നാലു വർഷങ്ങൾക്കു മുൻപ് ഹൂസ്റ്റണിൽ ആരംഭിച്ച അമേരിക്കയിലെ ആദ്യത്തെ കളരി പരിശീലന കേന്ദ്രമായ ദിവാൻ കളരി സംഘമാണ് വിസ്മയകരമായ ഈ പ്രദർശന പരിപാടി ആദ്യമായി ഈ പ്രവാസലോകത്തു അവതരിപ്പിക്കുന്നത്. അത്യപൂർവ്വമായ മെയ്വഴക്കത്തിലൂടെ നിമിഷമാത്രകൊണ്ട് ശത്രുവിനെ നിലംപരിശാക്കുന്ന മികച്ച ആയോധന മുറയായ ഓതിരത്തെ പരിചയപ്പെടുത്തുന്നത് ദിവാൻ കളരിയുടെ ആശാനും അമരക്കാരനുമായ രാജുമോൻ നാരായണനാണ്.

വളരെ ചെറിയ പ്രായത്തിൽ കളരി അഭ്യാസം തുടങ്ങിയ രാജുമോൻ തുളുനാടൻ രീതിയും തെക്കൻ ശീലും ഒരേപോലെ സ്വായത്തമാക്കിയിട്ടുണ്ട്. തഞ്ചാവൂർ ദിവാകരൻ ഗുരുക്കളുടെ ശിഷ്യത്വത്തിലാണ് തുളുനാടനെന്ന വടക്കൻ ശൈലി നന്നേ ചെറുപ്പത്തിൽ തന്നെ രാജുമോൻ പരിശീലിച്ചു തുടങ്ങിയത്.

**സുരേന്ദ്രൻ നായർ**

മറ്റു ശൈലികളിൽ സൗന്ദര്യാത്മക ചലനങ്ങൾക്കും പോരാട്ട ശേഷിക്കും പ്രാധാന്യം നൽകുമ്പോൾ തുളുനാടൻ ശൈലി ഫലപ്രദമായ ആത്മരക്ഷാ രീതികൾക്കാണ് പ്രാമുഖ്യം നൽകുന്നത്. താരതമ്യേന ആചാര ഘടകങ്ങൾ കുറഞ്ഞ ഈ ശൈലിയിൽ ചെറിയ ആയുധങ്ങളും ചുവടുകളും വടിവുകളുമുൾക്കൊള്ളുന്ന പ്രതിരോധ പദ്ധതികളുമാണ് മുഖ്യ പാഠ്യവിഷയങ്ങൾ. മലബാറിലും തെക്കൻ കന്നടയിലും ഏറെ ജനപ്രിയമാണ് തുളുനാടൻ സ്റ്റൈൽ.

ദിലീപ് കുരുക്കളുടെ കീഴിൽ തെക്കൻ കേരളത്തിന്റെയും തമിഴ്നാടിന്റെയും സമ്പ്രദായമായ തെക്കൻ കളരിയിലും ആശാൻ അഭ്യാസം പൂർത്തിയാക്കിയിട്ടുണ്ട്.

തെക്കൻ കളരി അടിമുറ പ്രാധാന്യമേറിയതാണ്. വെറും കൈകൾകൊണ്ടുള്ള തടകളും പൂട്ടുകളും വേഗതയേറിയ ചുവടുകളിലൂടെയുള്ള മർമ്മ പ്രയോഗങ്ങളും തെക്കൻ ശൈലിയുടെ പ്രത്യേകതകളാണ്. അതുകൊണ്ടു തന്നെയാണ് ഈ സമ്പ്രദായത്തെ കളരിപ്പയറ്റ് എന്ന് വിശേഷിപ്പിക്കുന്നതും. ആയുർവ്വേദം അനുശാസിക്കും പ്രകാരം മനുഷ്യശരീരത്തിലെ മർമ്മ സ്ഥാനങ്ങൾ പഠിച്ചു പ്രയോഗത്തിലാക്കി അനായാസേന ശത്രുവിനെ പ്രതിരോധത്തിലാക്കുന്ന ഈ രീതി ഇന്ന് കൂടുതൽ പ്രചാരം നേടിവരുന്നു.

സ്ത്രീകൾക്കുനേരെ അതിക്രമങ്ങൾ വർധിച്ചുവരുന്ന ഇക്കാലത്തു സ്വയം പ്രതിരോധത്തിന് പെൺകുട്ടികൾക്ക് വളരെ പ്രയോജനപ്രദമാണെന്നതും ഈ രീതിയുടെ (ശേഷം 30-ാം പേജിൽ)

# ‘അമിതമായാൽ അമൃതും വിഷം’: അതിരുകൾ ലംഘിക്കുമ്പോൾ


**പി.പി. ചെറിയാൻ**

‘അമിതമായാൽ അമൃതും വിഷം’ എന്ന പഴഞ്ചൊല്ല് നമ്മുടെയെല്ലാം ജീവിതത്തിൽ ഏറെ പ്രസക്തിയുള്ള ഒന്നാണ്. ഏതൊരു കാര്യവും മിതമായി ഉപയോഗിക്കുമ്പോൾ ഗുണകരമാകുന്നു. എന്നാൽ അതിന്റെ അളവ് കൂടുമ്പോൾ ദോഷകരമായി മാറുന്നു. ഇന്ന് നമ്മുടെ സമൂഹത്തിൽ അമിതമായ മദ്യപാനം, മയക്കുമരുന്ന് ഉപയോഗം, മൊബൈൽ ഫോൺ ഉപയോഗം എന്നിവ ആശങ്കയുണർത്തുന്ന മൂന്ന് പ്രധാന കാര്യങ്ങളാണ്.

ആഗോളതലത്തിൽ ജൂൺ മാസം മദ്യത്തിനും മയക്കുമരുന്നിനുമെതിരെ അവബോധം വളർത്തുന്നതിനായി നീക്കിവെച്ചിരിക്കുന്ന സാഹചര്യത്തിൽ, ഈ വിഷയങ്ങളെക്കുറിച്ച് ആഴത്തിൽ ചിന്തിക്കേണ്ടത് അത്യാവശ്യമാണ്.

ഒരുകാലത്ത് സാമൂഹിക ഇടപഴകലുകളുടെ ഭാഗമായിരുന്ന മദ്യപാനം, ഇന്ന് പലരുടെയും ജീവിതം താറുമാറാക്കുന്ന ഒരു വിപത്തായി മാറിക്കഴിഞ്ഞു. നിയന്ത്രണമില്ലാത്ത മദ്യപാനം ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്നു. കരൾ രോഗങ്ങൾ, ഹൃദയസംബന്ധമായ പ്രശ്നങ്ങൾ, നാഡീവ്യൂഹത്തെ ബാധിക്കുന്ന രോഗങ്ങൾ എന്നിവയ്ക്കെല്ലാം മദ്യപാനം ഒരു പ്രധാന കാരണമാകുന്നു. കുടുംബബന്ധങ്ങളെ ശിഥിലമാക്കാനും സാമ്പത്തിക തകർച്ചയിലേക്ക് നയിക്കാനും ഇത് ഒരു വലിയ കാരണമാണ്.

മദ്യത്തേക്കാൾ മാരകമായ ഒന്നാണ് മയക്കുമരുന്നുകൾ. കൗമാരക്കാരെയും യുവാക്കളെയും അതിവേഗം വലയം ചെയ്യുന്ന മയക്കുമരുന്ന്, ഒരു വ്യക്തിയുടെ ജീവിതം പൂർണ്ണമായും നശിപ്പിക്കാനുള്ള കഴിവുള്ള ഒരു രാക്ഷസനാണ്. ശാരീരികവും മാനസികവുമായ അടിമത്തം, കുറ്റകൃത്യങ്ങളിലേക്കുള്ള പ്രവണത, സാമൂഹിക ഒറ്റപ്പെടൽ എന്നിവയെല്ലാം മയക്കുമരുന്ന് ഉപ


ലേഖകൻ

യോഗത്തിന്റെ ഭീകരമായ പരിണിതഫലങ്ങളാണ്. ഇത് വ്യക്തിയെ മാത്രമല്ല, കുടുംബത്തെയും സമൂഹത്തെയും വലിയ രീതിയിൽ ദോഷകരമായി ബാധിക്കുന്നു.

ആധുനിക യുഗത്തിലെ ഏറ്റവും വലിയ കണ്ടുപിടുത്തങ്ങളിലൊന്നാണ് മൊബൈൽ ഫോൺ. ആശയവിനിമയത്തിനും വിജ്ഞാനത്തിനും വിനോദത്തിനുമുള്ള ഒരു ഉപാധിയായി മൊബൈൽ ഫോൺ മാറിയെങ്കിലും അതിന്റെ അമിത ഉപയോഗം ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. ഉറക്കമില്ലായ്മ, കണ്ണിന്റെ പ്രശ്നങ്ങൾ, കഴുത്തുവേദന, മാനസിക പിരിമുറുക്കം, സാമൂഹിക ബന്ധങ്ങളിലെ വിള്ളലുകൾ എന്നിവയെല്ലാം മൊബൈൽ ഫോൺ അടിമത്തത്തിന്റെ ലക്ഷണങ്ങളാണ്. കുട്ടികളിലും യുവാക്കളിലും ഇത് പഠനത്തെയും വ്യക്തിത്വ വികസനത്തെയും ദോഷകരമായി ബാധിക്കുന്നു.

ഈ മൂന്ന് വിഷയങ്ങളും ഒറ്റനോട്ടത്തിൽ വ്യത്യസ്തങ്ങളാണെന്ന് തോന്നാമെങ്കിലും ഇവയുടെ അമിത ഉപയോഗം ഒരു വ്യക്തിയെ അടിമത്തത്തിലേക്ക് നയിക്കുന്നു എന്നതാണ് പൊതുവായ ഘടകം. ഈ അടിമത്തം വ്യക്തിയുടെ ചിന്തകളെയും തീരുമാനങ്ങളെയും ജീവിതത്തെയും പൂർണ്ണമായും നിയന്ത്രിക്കുന്നു.

ഈ വിപത്തുകൾക്കെതിരെ സമൂഹത്തിൽ അവബോധം വളർത്തേണ്ടത് അത്യാവശ്യമാണ്. ബോധവൽക്കരണം, ശരിയായ വിദ്യാഭ്യാസം, കൗൺസിലിംഗ്, പുനരധിവാസ കേന്ദ്രങ്ങൾ എന്നിവയെല്ലാം ഇതിന് സഹായിക്കും. ഓരോ വ്യക്തിയും സ്വന്തം ജീവിതത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത്, മിതമായ ജീവിതശൈലി സ്വീകരിക്കാൻ തയ്യാറാകുമ്പോൾ മാത്രമേ ഈ വിപത്തുകളിൽനിന്ന് മുക്തി നേടാൻ സാധിക്കൂ. ‘അമിതമായാൽ അമൃതും വിഷം’ എന്ന ആപ്തവാക്യം ഓർമ്മിച്ചുകൊണ്ട്, ആരോഗ്യകരവും സന്തോഷകരവുമായ ഒരു ജീവിതം കെട്ടിപ്പടുക്കാൻ നമുക്ക് ഓരോരുത്തർക്കും ആത്മാർത്ഥമായി പരിശ്രമിക്കാം.

# Marriage and Family: The Divine Idea

**Rosamma Thomas**

If one truly searches the meaning and purpose of human existence here on earth, there is no other text/resource available to find the answer other than the Holy Bible.Why? It contains reliable and logical accounts of human origin, biological and historical facts, genuine testimonies of God's people experiencing God directly and indirectly,and the reports of his intervention in their personal and social lives. Even though science deals with matter and the physical world, it cannot fully prove or answer existential questions regarding human conscience, spirit, and soul. This is also applicable to the system and foundation of Marriage and Family.

**Marriage and Family: The Divine Idea.**

We get a glimpse of heaven and God's created beings, hosts of angels worshipping him and serving him from biblical narratives. Was that not a reason of satisfaction and happiness in the mind of God? Not at all. If the argument is genuine in this regard, God wanted a family of his own. He wanted children to carry his own image. One point in eternity before the foundation of the world, he conducted his divine idea: His family on earth. He set up the solar system for that purpose.He created the beautiful earth with all the natural resources for the sustenance of billions of people on planet earth.He created the animal kingdom, sea-world, fowls of the air arranging the biodiversityof the marvelous earth and much more.

By God's design, his created son Adam, and his daughter Eve (who Adam named) was brought together (humans call it marriage). He blessed them with freedom of choice, otherwise, free will. They were given extremely specificrules to keep in mind and obey. We read the "fall" of the couple when the enemy of God came with enticing conversation to create doubts in their minds about the truthfulness of their creator. Consequently,they lost the paradise experience of the beautiful garden where they were employed along with God's image with which they were made.


Rosamma Thomas

They lost the original garment of glory with which they were clothed. The residence changed, the workplace shifted to the rough earth. Hard labor, toiling the ground for a livelihood for Adam, and labor pain for Eve was mandated by God. God the Father wanted to restore their original images back. He planned of a great rescue in time: Salvation through Jesus Christ. He promised that the "seed" of the woman shall crush the enemy's head. This was fulfilled at the Cross. He did not abandon his children, his own family. He still wants to communicate with his children, to transfer his love, to dine with them, to dwell with them, to be their leader and guide, to be their Father.

(see page 30)

# കെസിഎസ് ചിക്കാഗോ സീനിയർ സിറ്റിസൺസ് വൈനറി ടൂർ ആസ്വദിച്ചു

**ഷാജി പള്ളിവീട്ടിൽ**



ചിക്കാഗോ: ജൂൺ 28-ന് ശനിയാഴ്ച കെ.സി.എസ് ചിക്കാഗോ സീനിയർ സിറ്റിസൺസ് ഗ്രൂപ്പ് മിഷിഗണിലെ മൂൺറൈസ് വൈനറിയിലേക്ക് ഒരു അവിസ്മരണീയമായ ഡേ ട്രിപ്പ് സംഘടിപ്പിച്ചു. സീനിയർ സിറ്റിസൺസ് കോ-ഓർഡിനേറ്റർമാരായ മാത്യു പുളിക്കത്തോട്ടിലും മാത്യു വാക്കേലും സംഘടിപ്പിച്ച ഈ യാത്ര വൈൻ രുചിക്കൽ, മനോഹരമായ കാഴ്ചകൾ, കൂട്ടായ്മ എന്നിവയുടെ ആനന്ദകരമായ അനുഭവത്തിനായി അംഗങ്ങളെ ഒരുമിച്ചു കൊണ്ടുവന്നു. കെസിഎസ് കമ്യൂണിറ്റി സെന്ററിൽ രാവിലെ എട്ട് മണിക്ക് ഒത്തുകൂടിയ അംഗങ്ങൾ കോ-ഓർഡിനേറ്റർമാർ തയ്യാറാക്കിയ ഹൃദ്യമായ പ്രഭാതഭക്ഷണം ആസ്വദിച്ച് ഊർജ്ജസ്വലതയും പ്രതീക്ഷയും നിറഞ്ഞ സംഘം രാവിലെ 8.30-ന് യാത്ര ആരംഭിച്ചു.

മൂൺറൈസ് വൈനറിയിൽ എത്തിയ അംഗങ്ങൾക്ക് ഡ്രൈ വൈനുകൾ മുതൽ മധുരമുള്ള വൈനുകൾ വരെയുള്ള വിവിധതരം വൈനുകൾ ഉൾക്കൊള്ളുന്ന ഗൈഡഡ് ടേസ്റ്റിംഗ് സെഷൻ നല്കി. പഞ്ചസാരയുടെ അളവും അസിഡിറ്റിയും അടിസ്ഥാനമാക്കി വൈനുകൾ എങ്ങനെ തെരഞ്ഞെടുക്കാമെന്ന് വൈനറി ഉടമ ആകർഷകമായ ഒരു വിശദീകരണം നല്കി. ഓരോ ഇനത്തിലെയും രുചികളുടെ സന്തുലിതാവസ്ഥ അംഗങ്ങൾക്ക് നന്നായി മനസ്സിലാക്കാൻ ഇത് സഹായിച്ചു. സന്ദർശനത്തിൽ വൈൻ ഫാമിലെ മനോഹരമായ ഒരു ടൂറും ഉൾപ്പെട്ടിരുന്നു. അവിടെ അംഗങ്ങൾ മനോഹരമായ ഓർമ്മകൾ ഫോട്ടോകളിൽ പകർത്തുകയും മുന്തിരി വീഞ്ഞാക്കി മാറ്റുന്നത് നേരിട്ട് കാണുകയും ചെയ്തു.

വൈനറി അനുഭവത്തിനുശേഷം സംഘം സമീപത്തുള്ള ചെറി ബ്ലൂബെറി ഫാമുകൾ സന്ദർശിച്ചു. അവിടെ അവർ ഒരുമിച്ച് ഉച്ചഭക്ഷണം ആസ്വദിക്കുകയും ചെറി, ബ്ലൂബെറി തുടങ്ങിയ പഴങ്ങൾ പറിച്ചെടുത്ത് പ്രകൃതിയുമായി അടുത്ത് ഒരുഅനുഭവം പങ്കിട്ടു. സന്തോഷകരമായ അന്തരീക്ഷത്തിൽ നല്ലൊരു സമയം അവരുടെ കൂട്ടത്തിൽ ചെലവഴിക്കാനായി കെസിഎസ് വൈസ് പ്രസിഡണ്ട് മാറ്റ് വിലങ്ങാട്ടുശേരിൽ, സെക്രട്ടറി ഷാജി പള്ളിവീട്ടിൽ, ട്രഷറർ ടീന നെടുവാമ്പുഴ എന്നിവരും യാത്രയിൽ പങ്കുചേർന്നു പരിപാടിക്ക് പിന്തുണയും സാന്നിദ്ധ്യവും നല്കി. പുതിയ അനുഭവങ്ങളും ശക്തമായ സാമൂഹിക ബന്ധങ്ങളും കൊണ്ട് സമ്പന്നരായി സംഘം വൈകുന്നേരം ഏഴു മണിയോടെ കമ്യൂണിറ്റി സെന്ററിൽ തിരിച്ചെത്തി. യാത്ര വിജയകരമാക്കുന്നതിൽ കെ.സി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി നല്കിയ പിന്തുണയ്ക്കും ക്രമീകരണങ്ങൾക്കും കോ-ഓർഡിനേറ്റർമാരായ മാത്യു പുളിക്കത്തോട്ടിലും മാത്യു വാക്കേലും ആത്മാർത്ഥമായ നന്ദിയറിയിച്ചു.

# സ്കൂൾ പഠനത്തിൽ ഹിന്ദി പ്രധാനം

തിരുവനന്തപുരം: കേന്ദ്രസർക്കാർ നിർദേശം രാഷ്ട്രീയമായി എതിർത്തെങ്കിലും സ്കൂൾ വിദ്യാഭ്യാസത്തിൽ ഹിന്ദി പഠനത്തിന് പ്രാമുഖ്യം നല്കി കേരള സർക്കാർ. മലയാളത്തിനും ഇംഗ്ലീഷിനും പുറമെ ഹിന്ദിയിലും വിദ്യാർത്ഥികൾ ഉയർന്ന നൈപുണ്യം നേടാൻ ഗുണമേന്മാ വിദ്യാഭ്യാസത്തിനുള്ള മാർഗ്ഗരേഖ ലക്ഷ്യമിടുന്നു. ഹിന്ദി കംപ്യൂട്ടിങ് ഉൾപ്പെടെ കുട്ടികളെ പ്രാപ്തരാക്കാനുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ സ്കൂളുകൾ ആസൂത്രണം ചെയ്യണം. നിലവിൽ അഞ്ചാം ക്ലാസിൽ തുടങ്ങുന്ന ഹിന്ദി പഠനം ഒന്നു മുതൽ തുടങ്ങുംവിധം മാറ്റാനും ആലോചനയുണ്ട്. ഹിന്ദി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള പ്രാപ്തി കുട്ടികൾക്ക് ഉണ്ടാക്കാനുള്ള പഠനപ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ ഏറ്റെടുക്കണം. ഇതിനായി ഹിന്ദി ക്ലബ് ഊർജിതമാക്കുന്നതിനു പുറമെ ഹിന്ദി സിനിമകൾ കാണാനും കുട്ടികൾക്ക് അവസരമൊരുക്കും. എല്ലാ കുട്ടികളും നിർബന്ധമായും ഹിന്ദി പഠിക്കുന്ന തരത്തിലാകും ഭാഷാപദ്ധതി.

# ചിക്കാഗോ സെ. തോമസ് ഓർത്തഡോക്സ് ഇടവകയിൽ മാർത്തോമ ശ്ലീഹായുടെ പെരുന്നാൾ

ചിക്കാഗോ: ചിക്കാഗോ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയുടെ കാവൽപിതാവും ഇന്ത്യയുടെ അപ്പോസ്തോലനുമായ പരിശുദ്ധ മാർത്തോമാ ശ്ലീഹായുടെ ദുക്റോനോയും ഇടവക പെരുന്നാളും ജൂലൈ 4, 5, 6 (വെള്ളി, ശനി, ഞായർ) തീയതികളിൽ ഭക്ത്യാദരപൂർവ്വം കൊണ്ടാടുന്നു. ജൂൺ 29-ന് ഞായറാഴ്ച വി. കുർബാനയെത്തുടർന്ന് പെരുന്നാൾ കൊടിയേറ്റം നടത്തി. തുടർന്ന് എല്ലാദിവസവും സന്ധ്യാ നമസ്കാരവും വചനശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്. റവ. ഫാ. തോമസ് മാത്യു, റവ. ഫാ. എബി ചാക്കോ, റവ. ഫാ. ജോയ്സ് പാപ്പൻ, റവ. ഫാ. ഷിന്റോ വർഗീസ് എന്നീ വൈദിക ശ്രേഷ്ഠർ വചനശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കുന്നതാണ്. ജൂലൈ രണ്ടിന് ബുധനാഴ്ച വൈകുന്നേരം 6.30-ന് റവ. ഫാ. ജോൺസൺ വർഗീസ് വി. കുർബാന അർപ്പിക്കുന്നതാണ്. ജൂലൈ നാലിന് വെള്ളിയാഴ്ച ആറ് മണിക്ക് സന്ധ്യാ നമസ്കാരവും കൺവൻഷൻ പ്രസംഗവും ഉണ്ടായിരിക്കുന്നതാണ്. ജൂലൈ അഞ്ചിന് ശനിയാഴ്ച വൈകുന്നേരം ആറിനു സന്ധ്യാ നമസ്കാരം, വചന ശുശ്രൂഷ, പ്രദക്ഷിണം, ശ്ലൈഹീക വാഴ്വ് എന്നിവ നടത്തപ്പെടുന്നതാണ്. ജൂലൈ ആറിന് ഞായറാഴ്ച രാവിലെ എട്ടിനു പ്രഭാത നമസ്കാരവും വിശുദ്ധ കുർബാനയും തുടർന്ന് മദ്ധ്യസ്ഥ പ്രാർത്ഥന, പ്രദക്ഷിണം, ശ്ലൈഹീക വാഴ്വ്, നേർച്ച വിളമ്പ് എന്നിവയോടെ പെരുന്നാൾ ശുശ്രൂഷകർ സമാപിക്കും. പെരുന്നാൾ ശുശ്രൂഷകൾക്ക് റവ. ഫാ. ഡോ. വർഗീസ് എം. ഡാനിയേൽ (പ്രൊഫസർ, സെയിന്റ് വ്ളാദിമിർ സെമിനാരി, ന്യൂയോർക്ക്) മുഖ്യ കാർമ്മികത്വം വഹിക്കും. വികാരി റവ. ഫാ. ജോർജ് ഡേവിഡ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

മാർത്തോമാ ശ്ലീഹാ പകർന്ന് തന്ന ക്രിസ്തീയ വിശ്വാസ പാരമ്പര്യമാണ് മലങ്കര സഭാവിശ്വാസികളുടെ വിശ്വാസത്തിന്റെ അടിസ്ഥാനം. ആ ക്രിസ്തീയ വിശ്വാസത്തിന് സാക്ഷ്യം വഹിക്കുവാനും ആ പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥം തേടുവാനും പെരുന്നാൾ ശുശ്രൂഷകളിൽ പങ്കുകൊള്ളുവാനും ഏവരേയും സ്നേഹത്തോടെ ക്ഷണിക്കുന്നതായി ഇടവക വികാരി റവ. ഫാ. ജോർജ് ഡേവിഡ്, ട്രസ്റ്റി ലിജു മാത്യു, സെക്രട്ടറി ടോണി തോമസ്, പെരുന്നാൾ കമ്മിറ്റിക്കു വേണ്ടി ജോൺസൺ ജോർജ്, പ്രീത ആൻഡ്രൂസ് എന്നിവർ അറിയിച്ചു.

താഴെ കൊടുത്തിരിക്കുന്ന ഇടവക ഫേസ്ബുക് പേജിൽ ശുശ്രൂഷകൾ തത്സമയം കാണുവാൻ സാധിക്കുന്നതാണ്.

https://www.facebook.com/StThomasOrthodoxChurchChicago/

കൂടുതൽ വിവരങ്ങൾക്ക്:
റവ. ഫാ. ജോർജ് ഡേവിഡ് (വികാരി) (586) 746-4869
ലിജു മാത്യു (ട്രസ്റ്റി) (312) 678-9389
ടോണി തോമസ് (സെക്രട്ടറി) (224) 261-9546

# റയൻ വെട്ടിക്കാട്

(3-ാം പേജിൽനിന്നും)

പേരിൽ സമ്മ കം ലൗഡേ ബഹുമതിയോടെ ബിരുദം നേടി. അസാധാരണമായ അച്ചടക്കവും അക്കാദമിക് മികവും പ്രതിഫലിപ്പിക്കുന്ന ഒരു നേട്ടമാണിത്. കാമ്പസിലെ തന്റെ കാലത്ത് അദ്ദേഹം ഒരു എയർഫോഴ്സ് ആർഒടിസി കേഡറ്റായി സേവനമനുഷ്ഠിച്ചു. വിദ്യാർത്ഥി ഭവനത്തിൽ റസിഡന്റ് അഡ്വൈസറായി, ഇല്ലിനോയി ജേണൽ ഓഫ് ഇന്റർനാഷണൽ സെക്യൂരിറ്റിയുടെ എഡിറ്റർ-ഇൻ-ചീഫ് എഡിറ്ററായും ജോലി ചെയ്തു.

ബിരുദം നേടിയശേഷം റയൻ ഒരു വർഷം ഓസ്ട്രിയയിൽ ഫുൾബ്രൈറ്റ് സ്കോളറായി ചെലവഴിച്ചു. അവിടെ വെച്ച് പുരോഗമന നയങ്ങൾ പൊതുജനങ്ങളുടെ നന്മയെ എങ്ങനെ ഫലപ്രദമായി സേവിക്കുമെന്ന് നേരിട്ട് മനസ്സിലാക്കി. "സാർവത്രിക ആരോഗ്യ സംരക്ഷണം, ശക്തമായ പൊതുവിദ്യാഭ്യാസം, കാര്യക്ഷമമായ ഗതാഗത സംവിധാനങ്ങൾ എന്നിവയുടെ യഥാർത്ഥ സ്വാധീനം ഞാൻ കണ്ടു:" റയൻ വിശദീകരിക്കുന്നു. ഇവ ഇപ്പോൾ എനിക്ക് ആഴത്തിൽ മനസ്സിലാകുന്ന നയങ്ങളാണ്. ആ കാഴ്ചപ്പാട് കാപ്പിറ്റോൾ ഹില്ലിലേക്ക് കൊണ്ടുവരാൻ ഞാൻ തയ്യാറാണ്.

ചിക്കാഗോയിൽ തിരിച്ചെത്തിയ ശേഷം റയൻ യൂണിവേഴ്സിറ്റി ഓഫ് ചിക്കാഗോ (ഹൈഡ് പാർക്ക്) നിന്ന് ബിരുദാനന്തര ബിരുദം നേടി. അവിടെ അദ്ദേഹം തീവ്രവാദ വിരുദ്ധ കോഴ്സ് പഠിപ്പിച്ചു. ചിക്കാഗോയിലെ വേൾഡ് ബിസിനസ്സിൽ ഗ്രാജ്വേറ്റ് ഫെലോ ആയി സേവനമനുഷ്ഠിച്ചു. 'റൂൾ ഓഫ് ലോ' എന്ന വിഷയത്തിൽ തന്റെ മാസ്റ്റേഴ്സ് തീസിസ് രചിച്ചു.

റയൻ പിന്നീട് യുഎസ് നീതിന്യായ വകുപ്പിൽ പ്രസിഡൻഷ്യൽ മാനേജ്മെന്റ് ഫെലോ ആയി ചേർന്നു. ഫെഡറൽ ഗവൺമെന്റിന്റെ ഏറ്റവും അഭിമാനകരവും തെരഞ്ഞെടുത്തതുമായ നേതൃത്വ പരിപാടികളിൽ ഒന്നാണിത്. ഉന്നതതല സുരക്ഷാ ക്ലിയറൻസ് നേടിയ അദ്ദേഹം ദേശീയ നയ സംരംഭങ്ങൾക്ക് സംഭാവന നല്കുകയും ആഭ്യന്തര, അന്തർദ്ദേശീയ ഭീകര ഭീഷണികളോട് പ്രതികരിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുകയും ചെയ്തു.

ഡി.ഒ.ജെ.യിൽ മികച്ച ഒരു കരിയർ ഉണ്ടായിരുന്നിട്ടും തന്റെ സ്വന്തം ജില്ലയെ സേവിക്കാനും വാഷിങ്ടണിലേക്ക് പുതിയ നേതൃത്വം കൊണ്ടുവരാനുമുള്ള ആഴമേറിയ ഒരു ആഹ്വാനത്തിന് ഉത്തരം നല്കുന്നതിനായി റയൻ മാറിനിൽക്കാൻ തീരുമാനിച്ചു. വാഷിങ്ടൺ ഡിസിയിലെ തന്റെ പള്ളിയിൽ സന്നദ്ധസേവനം ചെയ്യുന്നതു മുതൽ ചിക്കാഗോയിലെ കമ്യൂണിറ്റി പരിപാടികളിൽ ഏർപ്പെടുന്നതു വരെ ജീവകാരുണ്യ, വിശ്വാസാധിഷ്ഠിത സംരംഭങ്ങളിലെ സജീവപങ്കാളിത്തത്താൽ രൂപപ്പെട്ട പൊതുസേവനത്തോടുള്ള ആജീവനാന്ത പ്രതിബദ്ധതയാണ് അദ്ദേഹത്തിന്റെ പ്രചാരണപരിപാടി പ്രതിഫലിപ്പിക്കുന്നത്.

**റയന്റെ മുൻഗണനകൾ:** * ജനാധിപത്യ പരിഷ്കരണം: പ്രചാരണ ധനകാര്യ പരിഷ്കരണം നടപ്പാക്കുന്നതിലൂടെയും സർക്കാർ സുതാര്യതയും ഉത്തരവാദിത്വവും വർദ്ധിപ്പിച്ചുകൊണ്ട് സർക്കാരിലുള്ള പൊതുജന വിശ്വാസം പുനഃസ്ഥാപിക്കുക. * താങ്ങാനാവുന്ന വിലയും സാമ്പത്തിക അവസരവും: തൊഴിലാളി കുടുംബങ്ങളെ പിന്തുണച്ചുകൊണ്ടും താങ്ങാനാവുന്ന ഭവനങ്ങളിലേക്കുള്ള പ്രവേശനം വികസിപ്പിച്ചുകൊണ്ടും തൊഴിലവസരങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ടും വർദ്ധിച്ചുവരുന്ന ജീവിതച്ചെലവ് കൈകാര്യം ചെയ്യുക. * ആരോഗ്യസംരക്ഷണവും സാമൂഹിക സുരക്ഷയും: താങ്ങനാവുന്ന ആരോഗ്യ സംരക്ഷണത്തിലേക്കുള്ള പ്രവേശനം സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുക. കുറിപ്പടി മരുന്നുകളുടെ വില കുറയ്ക്കുക, നിലവിലുള്ളതും ഭാവിയിലുമുള്ള തലമുറകൾക്ക് സാമൂഹിക സുരക്ഷ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുക. * തോക്ക് അക്രമം തടയൽ: കമ്മ്യൂണിറ്റികളെ സംരക്ഷിക്കുന്നതിനും സ്കൂളുകൾ സുരക്ഷിതമായി നിലനിർത്തുന്നതിനുമുള്ള സാമാന്യബുദ്ധിയുള്ള തോക്ക് സുരക്ഷാ നിയമങ്ങളെ പിന്തുണയ്ക്കുക.

റയൻ പറയുന്നതുപോലെ "എന്റെ കുടുംബത്തിന് ഒരു ഭാവി നല്കിയ അതേ അമേരിക്കൻ സ്വപ്നം ഇപ്പോൾ പലർക്കും കൈയെത്താത്ത അവസ്ഥയിലാണ്. അർത്ഥവത്തായ ജോലി കണ്ടെത്താൻ സുഹൃത്തുക്കൾ പാടുപെടുന്നതും കുതിച്ചുയരുന്ന ആരോഗ്യ സംരക്ഷണ ചെലവുകൾ മൂലം വലയുന്ന അയൽക്കാരും കൂടുതൽ ബന്ധം നഷ്ടപ്പെടുന്നതായി തോന്നുന്ന ഒരു സർക്കാരും ഞാൻ കണ്ടിട്ടുണ്ട്. വിള്ളലുകൾ പ്രകടമാകുകയാണ്. തകർന്നത് പുനർനിർമിക്കാൻ ഒരു പുതിയ തലമുറ മുന്നോട്ട് വരേണ്ട സമയമാണിത്."

കോൺഗ്രസ്അംഗം രാജ കൃഷ്ണമൂർത്തി യുഎസ് സെനറ്റിലേക്ക് മത്സരിക്കുന്നതിനാൽ ഷാംബർഗ്, ഹോഫ്മാൻ എസ്റ്റേറ്റ്സ്, ബ്ലൂമിങ്ഡെയിൽ, ഹാനോവർ പാർക്ക്, എൽക്ക് ഗ്രോവ് വൈലേജ്, ഇറ്റാസ്ക, സ്ട്രീംവുഡ്, എൽജിൻ, ഡെസ്പ്ലെയിൻസ്, സൗത്ത് ബാരിങ്ടൺ അതിനുമപ്പുറമുള്ള കമ്യൂണിറ്റികളെ ഊർജ്ജസ്വലതയോടെയും സമഗ്രതയോടെയും സഹകരണമനോഭാവത്തോടെയും പ്രതിനിധീകരിക്കാൻ റയൻ തയ്യാറാണ്. റയനെയും അദ്ദേഹത്തിന്റെ ക്യാമ്പയിനിനെയും കുറിച്ച് കൂടുതലറിയാൻ ഇവിടെ ക്ലിക്ക് ചെയ്യുക: www.ryanforillinois.com

# ഭാഷാപരമായ അഭിമാനം അനിവാര്യം: അമിത് ഷാ

ന്യൂഡൽഹി: ഇന്ത്യയിൽ ഇംഗ്ലീഷ് സംസാരിക്കുന്നവർ ഭാവിയിൽ ലജ്ജിക്കേണ്ടി വരുമെന്ന പ്രസ്താവന വിവാദമായതിനു പിന്നാലെ ഇന്ത്യൻ ഭാഷകളെ ജനങ്ങൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ആവർത്തിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

അടിമത്ത മനോഭാവം മാറുന്നതിന് സ്വന്തം ഭാഷയിൽ ഒരാൾ അഭിമാനിക്കേണ്ടത് അനിവാര്യമാണെന്നാണ് അമിത് ഷായുടെ പുതിയ പ്രസ്താവന. രാജ്യത്തെ സംബന്ധിച്ച് ഭാഷയെന്നത് ആശയവിനിമയത്തിനുള്ള മാധ്യമം മാത്രമല്ല, മറിച്ച് രാജ്യത്തിന്റെ ആത്മാവാണെന്നും അമിത് ഷാപറഞ്ഞു.

അമിത് ഷായുടെ ഇംഗ്ലീഷ് വിരുദ്ധ പ്രസ്താവനയ്ക്കെതിരെ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയടക്കം വിമർശനങ്ങൾ ഉന്നയിച്ചതിനു ശേഷമാണ് രാജ്യത്തെ പ്രാദേശിക ഭാഷകളുടെ പ്രാധാന്യം ചൂണ്ടിക്കാട്ടി അമിത് ഷാ പ്രസ്താവനകൾ നടത്തുന്നത്.

നമ്മുടെ സ്വന്തം ഭാഷകളിലൂടെയല്ലാതെ ചരിത്രവും സംസ്കാരവും പ്രോത്സാഹിപ്പിക്കാൻ കഴിയില്ലെന്ന് അമിത് ഷാ ചൂണ്ടിക്കാട്ടി.

ഇന്ത്യയെ വിഭജിക്കാൻ ശ്രമിക്കുന്നതിനുള്ള മാർഗ്ഗമായി മുൻകാലങ്ങളിൽ ഭാഷ ഉപയോഗിച്ചിരുന്നുവെന്നും അത്തരം ശ്രമങ്ങൾ വിജയിച്ചില്ലെന്നും രാജ്യത്തെ ഒന്നിപ്പിക്കുന്നതിനുള്ള മാധ്യമമായി ഇന്ത്യൻ ഭാഷകൾ മാറാൻ മോദി സർക്കാർ ശ്രമിക്കുകയാണെന്നും അമിത് ഷാ പറഞ്ഞു.

ഹിന്ദി ഒരു ഭാഷയുടെയും ശത്രുവല്ല, സുഹൃത്താണ്. ഒരു വിദേശഭാഷയെയും എതിർക്കാൻ പാടില്ലെന്നും എന്നാൽ, നമ്മുടെ ഭാഷകൾ മഹത്വവൽകരിക്കുന്നതിനാണ് പ്രാധാന്യം നല്കേണ്ടതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

വിദേശഭാഷകളുടെ സ്വാധീനത്തിൽ നിന്ന് ഭരണസംവിധാനങ്ങളെ മോചിപ്പിക്കുന്നതിന് കേന്ദ്രം അടുത്തിടെ പുറത്തിറക്കിയ ‘ഭാരതീയ ഭാഷാ അനുഭാഗിനെ’(ഇന്ത്യൻ ഭാഷാവിഭാഗം) പ്രശംസിച്ചായിരുന്നു ആഭ്യന്തരമന്ത്രിയുടെ പ്രസ്താവനകൾ.

പരമാവധി ഭരണനിർവഹണം ഇന്ത്യൻ ഭാഷകളിലാക്കാനും മെഡിക്കൽ എൻജിനീയറിംഗ് കോഴ്സുകൾ അതത് സംസ്ഥാനത്തിന്റെ ഭാഷകളിൽ പഠിപ്പിക്കാനും സംസ്ഥാനങ്ങൾക്ക് നിർദേശം നല്കുമെന്നും ജെഇഇ, നീറ്റ് തുടങ്ങിയ മത്സരപരീക്ഷകൾ നിലവിൽ നിരവധി പ്രാദേശിക ഭാഷകളിൽ കൂടി സംഘടിപ്പിക്കാറുണ്ടെന്നും അമിത് ഷാ കൂട്ടിച്ചേർത്തു.

## ഓതിരം 2025 ഹൂസ്റ്റൺ സ്റ്റാഫോർഡിൽ

(28-ാം പേജിൽനിന്നും)

സ്വീകാര്യത വർധിപ്പിക്കുന്നു. കേരളത്തിൽ പ്രചുരപ്രചാരം ലഭിച്ച മർമ്മ ചികിത്സ തെക്കൻ വിദ്യയുടെ ഒരു ഭാഗമായി പല കളരിസംഘങ്ങളും പഠിപ്പിച്ചും വരുന്നുണ്ട്.

ദീർഘകാലത്തെ കളരി അഭ്യാസത്തോടൊപ്പം കരാട്ടെയിൽ ബ്ലാക്ക് ബെൽറ്റ് നേടിയിട്ടുള്ള രാജുമോന്റെ നേതൃത്വത്തിൽ ദിവാൻ കളരിയിൽ കരാട്ടെ പരിശീലനവും നൽകി വരുന്നു. കളരിയും കരാട്ടെയും പരസ്പര പൂരകമാകുന്ന ഒരു നവീന പാഠ്യ പദ്ധതിയും ദിവാൻ കളരി നടപ്പിലാക്കി വരുന്നുണ്ട്. ആയോധനവിദ്യകളുടെ പഠനവും പരിശീലനവും പലവിധ ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കാനും വരുതിയിലാക്കാനും പലർക്കും വഴിയൊരുക്കുന്നു. അതിനാൽ തന്നെ ചുരുങ്ങിയ കാലം കൊണ്ട് പ്രായഭേദമന്യേ ഒരു വലിയ ശിഷ്യ സമ്പത്തിനെ നേടാൻ രാജുമോന് കഴിഞ്ഞിട്ടുണ്ട്.

കായിക കേരളത്തിന്റെ തനതു ആയോധന മാർഗ്ഗമായ കളരിയും അതിന്റെതന്നെ വകഭേദമായ കരാട്ടെയും കൂടുതൽ ജനങ്ങളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഓതിരം 2025 സംഘടിപ്പിക്കുന്നത്. ആയതിന്റെ നാന്ദി കുറിക്കുന്ന കിക്കോഫ് മീറ്റിംഗ് ജൂലായ് 11-ന് വെള്ളിയാഴ്ച വൈകുന്നേരം ഏഴിനു മിസ്സോറി സിറ്റിയിലുള്ള അപ്ന ബസാർ ഓഡിറ്റോറിയത്തിൽ നടത്തുന്നു.

ഓതിരം 2025-നു പിന്തുണ നൽകാനും ആ സന്ദേശം ജനങ്ങളിലെത്തിക്കാനും ജൂലായ് 11-ന്റെ കിക്കോഫ് കൂട്ടായ്മയിൽ എല്ലാ കായികപ്രേമികളെയും അഭ്യുദയകാംക്ഷികളെയും സ്വാഗതം ചെയ്യുന്നതായി ദിവാൻ കളരിക്കുവേണ്ടി ആശാൻ രാജുമോനും സംഘാംഗങ്ങളും അറിയിക്കുന്നു.

## ആരോഗ്യമേഖല പ്രതിസന്ധിയിൽ

(3-ാം പേജിൽനിന്നും)

ഇതാണ് തിരുവനന്തപുരം ഗവ. മെഡിക്കൽ കോളജിലെ ഡോ. ഹാരിസ് ചിറക്കൽ പരസ്യമായി പറഞ്ഞ ഉപകരണങ്ങളുടെ ക്ഷാമത്തെത്തുടർന്നു ശസ്ത്രക്രിയകൾ മുടങ്ങാനും രോഗികളുടെ ജീവനുതന്നെ ഭീഷണിയാകാനും ഇടയാക്കിയത്. വർഷങ്ങളായി ഹാരിസ് ചിറക്കലിനെപ്പോലുള്ള മികച്ച ഡോക്ടർമാർ ആവശ്യപ്പെടുന്ന, വിദഗ്ധചികിത്സയ്ക്ക് അത്യന്താപേക്ഷിതമായ ഉപകരണങ്ങൾ എത്തിച്ചു നൽകാൻ കഴിയാതെ വകുപ്പുകൾ നട്ടംതിരിയാൻ ഇടയാക്കിയത് ഫണ്ടിന്റെ അഭാവമാണ്. അനുവദിക്കുന്ന തുക ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങാത്തതും സർക്കാരിലെ ചില ലോബികളുടെ ഇടപെടലിന്റെ ഭാഗമാണെന്ന ആരോപണവും ഡോക്ടർമാർ ഉയർത്തിയിരുന്നു. ആശുപത്രികളിൽ പുതിയ വിദഗ്ധ ചികിത്സാ ഉപകരണങ്ങൾ എത്തിച്ചാൽ സ്ഥാപിച്ചുനൽകാത്തതും വേഗത്തിൽ കേടാക്കുന്നതും ചില ലോബികളുടെ ഇടപെടലിന്റെ ഭാഗമാണെന്ന ആരോപണവുമുണ്ട്.

മെഡിക്കൽ കോളജുകളുടെ വികസനത്തിനായി വകയിരുത്തിയ 217.4 കോടി രൂപയിലാണ് വലിയ വെട്ടലുണ്ടായത്. ഇത് 157.37 കോടിയാക്കിയാണ് വെട്ടിക്കുറച്ചത്. മെഡിക്കൽ കോളജിനു കീഴിലുള്ള ദന്തൽ കോളജുകളുടെ വികസനത്തിനായി നീക്കിവെച്ച 22.79 കോടി രൂപ ഏതാണ്ട് മൂന്നിലൊന്നാക്കി വെട്ടിക്കുറച്ചു. 8.65 കോടി രൂപ മാത്രമാണ് ദന്തൽകോളജുകളുടെ വികസനത്തിന് അനുവദിച്ചത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള നേഴ്സിംഗ് കോളജുകൾക്കുള്ള ഫണ്ട് 13.78 കോടി രൂപ എന്നത് 5.09 കോടിയാക്കിയാണ് പുനഃക്രമീകരിച്ചത്.

## പോലീസ് മേധാവി

(3-ാം പേജിൽനിന്നും)

തലശേരി എഎസ്പിയായാണ് ഔദ്യോഗിക സർവീസിൽ അദ്ദേഹം പ്രവേശിക്കുന്നത്. അക്കാലത്താണ് കൂത്തുപറമ്പ് വെടിവെപ്പ് നടന്നത്. ഇതിന്റെ പേരിൽ അദ്ദേഹം ആരോപണ വിധേയനായിരുന്നു. പിന്നീട് അദ്ദേഹത്തെ കോടതി കുറ്റവിമുക്തനാക്കിയിരുന്നു. എന്നാൽ പിന്നീട് മാറി വന്ന എൽഡിഎഫ് സർക്കാരിന്റെ കാലത്ത് നിരവധി ചുമതലകൾ വഹിച്ചിരുന്നു. ആന്ധ്രാപ്രദേശ് വെസ്റ്റ് ഗോദാവരി സ്വദേശിയാണ് റവഡ ചന്ദ്രശേഖർ. ആന്ധ്രയിലെ കർഷക കുടുംബത്തിലെ അംഗമാണ് റവാഡ. യുപിഎസ്സി നൽകിയ മൂന്ന് പേരുടെ പട്ടികയിലെ രണ്ടാം പേരുകാരനാണ് റവാഡ. നിതിൻ അഗവർവാൾ, റവഡ ചന്ദ്രശേഖർ, യോഗേഷ് ഗുപ്ത എന്നിവരായിരുന്നു പട്ടികയിലെ പേരുകാർ.

## വിവേകഹീനനായാൽ

(22-ാം പേജിൽനിന്നും)

സ്വതന്ത്രമായി ജീവിക്കാനുള്ള മനുഷ്യരുടെ വ്യഗ്രത! അവയെ മുതലെടുത്ത് ദൈവവിരോധിയായ പിശാച് ജനങ്ങളെക്കൊണ്ട് ദൈവത്തിനു വിരോധമായി അധർമ്മങ്ങളും അതിക്രമങ്ങളും ലംഘനങ്ങളും ചെയ്യാൻ പ്രേരിപ്പിക്കുന്നു എന്നതുതന്നെ! ഈ അവസ്ഥകൾക്കു മാറ്റം വരുത്തുവാനുള്ള ഏക മാർഗ്ഗം ദൈവത്തിങ്കലേക്കുള്ള മടങ്ങിവരവും ദൈവത്തോടുള്ള ഭയഭക്തി, പ്രാർത്ഥന, ആരാധന, നേരോടെയുള്ള നടപ്പും ജീവിതവും മാത്രമാകുന്നു. അതിന്നായുള്ള സ്വഭാവരൂപീകരണ ബോധവല്കരണം ഭവനങ്ങളിലും സ്കൂളുകളിലും സമൂഹങ്ങളിലും ആസൂത്രണം ചെയ്യുക. അതിനായി മാതാപിതാക്കളും സഭാദ്ധ്യക്ഷന്മാരും ഉപദേഷ്ടാക്കളും മുൻകൈ എടുക്കുവാൻ ഈ ലേഖന പാരായണം സഹായമായി തീരട്ടേ എന്ന് ആശംസിക്കയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## The Divine Idea

(from page 28)

**Family: The basic social institution.**

The family which God instituted is the basic unit of the society. All other institutions originated for families. Marriage carries the fingerprint of God. The stability and permanence of this institution depends on the values mandated by its creator. Deviating from the original design shall hurt and overturn this godly institution.

"For this reason, I bow my knees to the Father of our Lord Jesus Christ, for whom the whole family in heaven and earth is named" (Ephesians 3: 14,15). In the United States, nuclear families, traditionally defined as married couples with children, currently account for less than 20% of all households are becoming a minority group in (AIOverview). We are going to face a crisis in the continuation of families with values and strong foundations.God-centered families shall thrive. The families who choose and obey the Father's commandments through Christ, shall eventually be reunited in God's abode in eternity. "Behold, the dwelling place of God is with man. He will dwell with them, and they will be His people." (Rev 21:3).

## ഡോ. ബാബു സ്റ്റീഫൻ പ്രസിഡണ്ട്

(3-ാം പേജിൽനിന്നും)

സണ്ണി വെളിയത്ത് (യൂറോപ്പ്) ട്രഷററായും ദിനേശ് നായർ (ഗുജറാത്ത്), സുരേന്ദ്രൻ കണ്ണാട്ട് (ഹൈദരാബാദ്), വിത്സൺ ചത്താൻകണ്ടം (സ്വിറ്റ്സർലൻഡ്), മോളി പറമ്പത്ത് (യൂറോപ്പ്) എന്നിവർ വൈസ് ചെയർമാൻമാരായും തെരഞ്ഞെടുക്കപ്പെട്ടു. ജെയിംസ് കൂടൽ (യുഎസ്എ) വൈസ് പ്രസിഡണ്ട് (അഡ്മിൻ), ജോൺ സാമുവൽ (ദുബായ്) വൈസ് പ്രസിഡണ്ട് ഓർഗനൈസേഷൻ ഡെവലപ്മെന്റ് എന്നീ സ്ഥാനങ്ങളിലേക്ക് എത്തി.

റീജിയണൽ വൈസ് പ്രസിഡണ്ടുമാരായി ഡോ. തങ്കം അരവിന്ദ് (അമേരിക്ക), ജോഷി പന്നാരക്കുന്നേൽ (യൂറോപ്പ്), തങ്കമണി ദിവാകരൻ (ഇന്ത്യ), അജോയ് കല്ലൻ കുന്നിൽ (ഫാർ ഈസ്റ്റ്), അഡ്വ. തോമസ് പണിക്കർ (മിഡിൽ ഈസ്റ്റ്) എന്നിവരെയും തെരഞ്ഞെടുത്തു.

ഗ്ലോബൽ സെക്രട്ടറിമാരായി കെ. വിജയചന്ദ്രൻ (കേരളം), പ്രദീപ് കുമാർ (മിഡിൽ ഈസ്റ്റ്) എന്നിവരും ഗ്ലോബൽ ജോയിന്റ് സെക്രട്ടറിമാരായി സജി തോമസ് (ഇന്ത്യ), ജെയ്സൺ ജോസഫ് (ഇന്ത്യ) എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. ഗ്ലോബൽ ജോയിന്റ് ട്രഷറർമാരായി രാജു തേവർമഠം (മിഡിൽ ഈസ്റ്റ്), ഡോ. സുമൻ ജോർജ് (ഓസ്ട്രേലിയ) എന്നിവരെയും നിയമിച്ചു. പുതിയ നേതൃത്വം ആഗോള മലയാളികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
| --- | --- | --- |
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA MasterCard DISCOVER

# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# K.O. JOSE & ASSOCIATES, INC.

*Certified Public Accountants*





K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

Tel: 847-724-3020 • Cell: 847-833-6038

CPA℠ America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com



പ്രശസ്ത ക്രിസ്തീയ ഗാനകാവ്യരചയിതാവും ക്രൈസ്തവ സാഹിത്യകാരിയുമായ
സിസ്റ്റർ സൂസൻ ബി. ജോൺ ഫ്ളോറിഡ
രചിച്ച് പാരഡൈസ് ഓഡിയോ മിനിസ്ട്രീസ് പുറത്തിറക്കിയ
ഓഡിയോ വീഡിയോ ഗാനങ്ങൾ




പുസ്തകം ലഭിക്കുന്നതിനായി ബന്ധപ്പെടുക
Paradise Audio Ministries Bookstall
26th
North American Church of God
PREPARE CONFERENCE, ATLANTA, GA

www.facebook.com/susan.babu.52493



USA - FL
Sis. Susan B. John
Cell: 954 465 5758
Email: susanbabu627@yahoo.com
www.paradiseaudioministries.com

YouTube channel: susan b. john



Paradise Audio Ministries FL

INDIA
Br. Jimu Saji: 0091 9048803011
Pr. Peter P. John: 0091 9447339991
Br. John David: 0091 7025474120

YouTube Watch Many More

# ARACKAL VACATION HOME

**UZHAVOOR, KOTTAYAM, KERALA**



5 BEDROOMS (3 BR A/C), 6 BATHROOMS
LIVING, DINING & KITCHEN
READY TO OCCUPY FOR WEEKLY OR MONTHLY RENT
UZHAVOOR CHURCH & PARTY HALL NEARBY

FOR BOOKING:
USA: RAJU ARACKAL
@ 404 567 9189
INDIA: JOBIN MATHEW
@ 9961605244
EMAIL: JOBIONMATHEW@YAHOO.COM

# CELEBRATING THIRD YEAR IN HEAVEN

## AGEE GEORGE PUTHUMANA "AGIMOL"

**1959** **JULY 4th 2025** **2022**









*Thank you Agee for your Love, Support and Guidance for the 40 years of Life together. Your contageous smile, positive attitude, Bold and the Beautiful qualities are "yours only" gift from God. A Life well lived by humble, but very smart, as well as a respected educator, great mom and a loving wife. You were a God fearing with very very generous helping hand lived on a very catholic faith. Agee, you are missed by several family members, co-workers, friends around the world. Your cooking talents were amazing, just like a Personal Chef at homes. Agee, you were too Good to stay on earth. So, God has plan for a high school mathematician served DeKalb Country School System for 33 plus years. I still can hear your voice now and then and I can feel your presence day and night. You can not leave me from my Life until I see the Tunnel. Thank you, Agee, again for your precious, Gold Standard Life shared with me.*

**George S. Puthumana**
Tucker, GA-30084

സ്നേഹത്തോടെ
ജോജു

Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**